## പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

## അൻപത്തിയൊൻപതാമത് റിപ്പോർട്ട്

**(2025 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

**അൻപത്തിയൊൻപതാമത് റിപ്പോർട്ട്**

**(2024 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

255/2025.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 105 |
| അനുബന്ധം II : | | |
| സർക്കാരിൽനിന്നും ലഭിച്ച മറുപടി | .. | 123 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2023-2026)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026)-യുടെ അൻപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 ഫെബ്രുവരി മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2025 ഫെബ്രുവരി 13.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

**അംഗൻവാടി പോഷകാഹാര വിതരണത്തിലെ ക്രമക്കേടുകൾ (പാലക്കാട് ജില്ല)**

**ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചുള്ള മാധ്യമ ചർച്ചകളെ തുടർന്ന് വിജിലൻസ് അന്വേഷണം**

പാലക്കാട് ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ അംഗൻവാടികൾക്കാവശ്യമായ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയതിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല എന്ന പരാമർശം ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. ചില ഗ്രാമപഞ്ചായത്തുകളിലെ ഓഡിറ്റ് പരാമർശങ്ങൾ പത്ര- ദൃശ്യ മാധ്യമങ്ങൾ മുഖേന പൊതുജന ശ്രദ്ധ ആകർഷിക്കുകയും ചർച്ചാ വിഷയമാവുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം. 62393/ഡിബി2/2010/തസ്വഭവ. തീയതി 13-11-2010 പ്രകാരം അംഗൻവാടികൾക്കാവശ്യമായ ഭക്ഷ്യ വസ്തുക്കൾ മാവേലിസ്റ്റോറുകളിലെ വിലയിൽ അധികരിക്കാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും പാലക്കാട് ജില്ലയിലെ പല ഗ്രാമപഞ്ചായത്തുകളും മാവേലി സ്റ്റോറിൽ നിന്നല്ലാതെ സാധന സാമഗ്രികൾ വാങ്ങിയിട്ടുള്ളത് മാവേലിസ്റ്റോറിൽ നിന്നും അധികരിച്ച നിരക്കിലാണ്. അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളും ശ്രീകൃഷ്ണപുരം ബ്ലോക്കിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തും, പ്രദേശത്തെ മാവേലി സ്റ്റോറുകളെ ഒഴിവാക്കി വളരെ അകലെയുള്ള പൊറ്റശ്ശേരി കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കീഴിലുള്ള നീതി സ്റ്റോറിൽ നിന്നുമാണ് സാധനങ്ങൾ വാങ്ങിയത്. ഇതുമൂലം അഗളി ഗ്രാമപഞ്ചായത്തിന് ₹3,18,371 യും ഷോളയൂർ ഗ്രാമപഞ്ചായത്തിന് ₹1,47,427 യും പുതൂർ ഗ്രാമപഞ്ചായത്തിന് ₹2,99,978 യും നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇക്കാര്യം പ്രസ്തുത പഞ്ചായത്തുകളുടെ ബന്ധപ്പെട്ട വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. (ഓഡിറ്റ് റിപ്പോർട്ട് നമ്പരുകൾ യഥാക്രമം നം. എൽ.എഫ്.പി 12/888/12 തീയതി.14-6-2012, എൽ.എഫ്.പി2/387/13 തീയതി 1-8-2013, നം.എൽ.എഫ്.പി22/698/2013 തീയതി 7-9-2013). ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ദൃശ്യമാധ്യമത്തിൽ 28-7-2013-ന് വന്ന അട്ടപ്പാടി മേഖലയിലെ പോഷകാഹാര പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളെക്കുറിച്ചുള്ള വാർത്തകൾ പൊതുജന ശ്രദ്ധ പിടിച്ചുപറ്റി. ഇതേ തുടർന്ന് താഴെ പറയുന്ന നടപടികൾ ഉണ്ടായി.

■ ജില്ലാ കളക്ടറുടെ ഇടപെടലിനെ തുടർന്ന് അഗളി ഗ്രാമപഞ്ചായത്തിലെ അംഗൻവാടി സൂപ്പർവൈസറായ ശ്രീമതി സി.എം.ഹാജിറാ ബീവിയെ അന്വേഷണ വിധേയമായി

സസ്പെന്റ് ചയ്തു. (സാമൂഹ്യ നീതി ഡയറക്ടറുടെ ഉത്തരവ് നമ്പർ ഇ 5-24386/13 തീയതി 28-6-2013)

■ അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ ഗ്രമപഞ്ചായത്തുകളിലെ അംഗൻവാടികളിലെ ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നുണ്ട്.

■ പാലക്കാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും മാവേലി സ്റ്റോറിൽ നിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങണമെന്ന് കളക്ടർ അടിയന്തിര നിർദ്ദേശം നൽകി.

■ നിലവിൽ പാലക്കാട് ജില്ലയിലെ എല്ലാ അംഗൻവാടികളും മാവേലി സ്റ്റോറിൽ നിന്നുമാണ് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. മാവേലി സ്റ്റോറിൽ എല്ലാ അങ്കണവാടികൾക്കും ആവശ്യമായ ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ ഇല്ലാത്തതിനാലാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസറായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നീതി സ്റ്റോറിൽ നിന്നും ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ വാങ്ങി സൂക്ഷിച്ചതെന്നും മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ ഇതിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പാലക്കാട് ജില്ല അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി.

2. പത്ത് വർഷങ്ങൾക്കുശേഷവും വിജിലൻസ് അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ആയതിന്മേൽ തുടർനടപടി സ്വീകരിക്കുന്നുണ്ടെന്നും വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ അതിന് ചില നടപടിക്രമങ്ങളുണ്ടെന്നും അത് പൂർത്തിയാക്കാതെ റിപ്പോർട്ട് നൽകാൻ സാധിക്കില്ലെന്നാണ് അറിയിച്ചതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു. ക്രമക്കേട് നടന്നിട്ടുണ്ടെന്ന് കൃത്യമായി ബോധ്യപ്പെട്ടിട്ടും വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ പാടില്ലായെന്നുള്ള എന്തെങ്കിലും നിയമമുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ അങ്ങനെ നിയമമൊന്നുമില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി &സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

3. ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ക്രമക്കേട് നടത്തിയ തുക തിരിച്ചു പിടിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ശ്രീമതി സി.എം. ഹാജിറാ ബീവി,

ശ്രീമതി ബീന സി. എൽ. എന്നീ ഉദ്യോഗസ്ഥർ വിരമിച്ചുവെന്നും ശ്രീമതി ബീന സി. എൽ. ന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ബാധ്യതയുള്ള തുക ഈടാക്കിയിട്ടുണ്ടെന്നും മറ്റ് രണ്ട് പേർക്ക് നോട്ടീസ് നൽകിയെങ്കിലും തുക അടച്ചിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പാലക്കാട് ജില്ല അസിസ്റ്റന്റ് ഡയറക്ടർ സമിതിക്ക് മറുപടി നൽകി.

4. വിജിലൻസ് കേസ് നിലനിൽക്കുമ്പോൾ വിരമിച്ച ഉദ്യോഗസ്ഥർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ നൽകിയോയെന്ന് സമിതി ആരാഞ്ഞപ്പോൾ ആയത് നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പാലക്കാട് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. വിജിലൻസ് കേസ് നിലനിൽക്കുമ്പോൾ വിരമിച്ച ഉദ്യോഗസ്ഥർക്ക് ആനുകൂല്യങ്ങൾ നൽകുന്നത് എങ്ങനെ സാധ്യമായി എന്നും കുറ്റക്കാരായ ഒരാളിൽ നിന്നും തുക ഈടാക്കുകയും മറ്റ് രണ്ട് പേരിൽ നിന്നും ഈടാക്കാതിരിക്കുകയും ചെയ്യുന്ന നടപടി ഒരു വിഷയത്തിൽ രണ്ട് നീതി എന്ന രീതിയാണെന്നും ഇതെങ്ങനെ ന്യായീകരിക്കുമെന്നും സമിതി ആരാഞ്ഞു. ബാധ്യതാരഹിത സർട്ടിഫിക്കറ്റ് കൊടുത്തില്ലെങ്കിൽ കോടതി ഇടപെടലുണ്ടാകുമായിരുന്നുവെന്നും ഡി.സി.ആർ.ജി. നൽകുന്നത് അനന്തമായി നീട്ടിക്കൊണ്ടുപോകരുതെന്ന നിർദ്ദേശമുള്ളതിനാലാണ് സർവ്വീസ് ആനുകൂല്യങ്ങൾ നൽകിയതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകിയപ്പോൾ മേൽ വിഷയങ്ങൾ കോടതിയെ വ്യക്തമായി ബോധ്യപ്പെടുത്തുന്നതിൽ വകുപ്പിന് പിഴവ് സംഭവിച്ചുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

5. കുറ്റക്കാരിൽ ഒരാളിൽ നിന്നുമാത്രം തുക ഈടാക്കുകയും തുക ഈടാക്കാതിരിക്കുന്ന മറ്റ് രണ്ട് പേരുടെ ഡി.സി.ആർ.ജി.-യിൽ നിന്ന് തുക ഈടാക്കരുതെന്ന് സർക്കാർ നിർദ്ദേശിക്കുകയും ചെയ്യുന്നത് തെറ്റായ രീതിയാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി, സാധാരണ ഗതിയിൽ വിജിലൻസ് അന്വേഷണം നേരിടുന്നവർക്ക് സ്ഥാനക്കയറ്റത്തെപ്പോലും ബാധിക്കുന്ന രീതിയിൽ നടപടി സ്വീകരിക്കുകയാണ് എല്ലാ വകുപ്പുകളും ചെയ്യുന്നതെന്നും മേൽ കേസിൽ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും കൊടുത്തിരിക്കുകയാണെന്നും വിലയിരുത്തി.

6. കുറ്റക്കാരായ ഉദ്യോഗസ്ഥർ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരാണെന്നും അവരുടെ സർവ്വീസ് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോയെന്ന് അതത് വകുപ്പിന് മാത്രമേ അറിയാൻ സാധിക്കുവെന്നും അക്കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു.

7. അട്ടപ്പാടി ആദിവാസി മേഖലകളിലെ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിഷയമാണിതെന്ന് ചൂണ്ടിക്കാട്ടിയ സമിതി, പ്രസ്തുത മേഖലയിലെ പോഷകാഹാരക്കുറവ് വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ, ഇതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം പത്ത് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തതും വകുപ്പുതലനടപടി സ്വീകരിക്കാത്തതും ഗൗരവമായ വിഷയമാണെന്ന് വിലയിരുത്തി.

8. ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിജിലൻസ് അന്വേഷണം ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ശിപാർശ നൽകാൻ തീരുമാനിച്ച സമിതി കുറ്റക്കാരായവരിൽ നിന്നും ബാദ്ധ്യതയുള്ള തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു. പ്രസ്തുത നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**9. അംഗൻവാടി പോഷകാഹാര വിതരണത്തിലെ ക്രമക്കേടിനെതിരെ വിജിലൻസ് അന്വേഷണം നടന്നപ്പോൾ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് ആനുകൂല്യങ്ങൾ നൽകിയ നടപടി ന്യായീകരിക്കത്തക്കതല്ലെന്ന് സമിതി വിലയിരുത്തുന്നു. കുറ്റക്കാരിൽ ഒരാളിൽ നിന്ന് തുക ഈടാക്കുകയും മറ്റ് രണ്ട് പേരുടെ ഡി.സി.ആർ.ജി.യിൽ നിന്ന് തുക ഈടാക്കരുതെന്ന് വകുപ്പ് നിർദ്ദേശിക്കുകയും ചെയ്തത് തെറ്റായ രീതി ആണെന്ന് സമിതി നിരീക്ഷിക്കുന്നു.**

**10. അട്ടപ്പാടി ആദിവാസി മേഖലയിലെ പോഷകാഹാരക്കുറവ് വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടത്തിൽ പ്രസ്തുത മേഖലയിലെ പോഷകാഹാര സംബന്ധമായ വിഷയത്തിലെ വിജിലൻസ് അന്വേഷണം പത്ത് വർഷത്തിലധികം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തതും വകുപ്പുതല നടപടി സ്വീകരിക്കാത്തതും തികച്ചും നിരുത്തരവാദപരമായ സമീപനമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിജിലൻസ് അന്വേഷണം ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനും കുറ്റക്കാരായവരിൽ നിന്നും ബാദ്ധ്യതയുള്ള തുക ഈടാക്കുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൂല്യവർദ്ധിത നികുതി വെട്ടിപ്പ് (കോഴിക്കോട് ജില്ല)**

**ഓഡിറ്റ് പരാമർശം വഴി സർക്കാരിന് ലഭിച്ചത് 8.32 ലക്ഷം രൂപ**

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷങ്ങളിലെ ഓഡിറ്റിൽ തൊഴിൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങിയപ്പോൾ വാണിജ്യ നികുതി വകുപ്പിന്റെ ടിൻ നമ്പറും രജിസ്റ്റർ നമ്പരും ഇല്ലാത്ത ക്യാഷ് ബില്ലുകൾ നൽകി പഞ്ചായത്തിൽ നിന്ന് മൂന്ന് വ്യാപാരികൾ മൂല്യവർദ്ധിത നികുതി ഈടാക്കിയതായി കണ്ടെത്തി.

പ്രസ്തുത വിവരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നികുതി തുക സർക്കാരിലേയ്ക്ക് അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താനായി ക്യാഷ് ബില്ലുകളുടെ പകർപ്പ് വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് ഓഫീസർക്ക് അയച്ചുകൊടുത്തു. ഇന്റലിജൻസ് വിഭാഗം നടത്തിയ അന്വേഷണത്തിലാണ് ലക്ഷങ്ങളുടെ നികുതി വെട്ടിപ്പ് വെളിച്ചത്തായത്. പഞ്ചായത്തിന് ഉപകരണങ്ങൾ സപ്ലൈ ചെയ്ത 3 സ്ഥാപനങ്ങളും വിൽപന നികുതി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലെന്നും പഞ്ചായത്തിൽ നിന്നും വസൂലാക്കിയ വിൽപന നികുതി സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ലെന്നും ബോധ്യപ്പെട്ടു. തുടർന്ന് പ്രസ്തുത സ്ഥാപനങ്ങളുടെ ഡീലർമാർക്ക് വാണിജ്യ നികുതി വകുപ്പ് സമൻസ് അയച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്റലിജൻസ് ഓഫീസർ മുൻപാകെ അവർ നേരിട്ട് ഹാജരാകുകയും കോമ്പൗണ്ട് ഫീയും പലിശയുമുൾപ്പെടെ ₹ 8,32,480 അടവാക്കുകയും ചെയ്തു. തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഡീലറുടെ പേര് | ബിൽ തുക | നികുതി | കോമ്പൗണ്ടിംഗ് ഫീസ് | പിഴ പലിശ |
|---|---|---|---|---|
| 1. റഹ്മത്തുള്ള പ്രൊപ്രൈറ്റർ ഹെൽപ്പ് മേറ്റ് ഇന്ത്യ, മലപ്പുറം | ₹763 797 | ₹ 90850 | ₹ 91000 | ₹ 32360 |
| 2. രവീന്ദ്രൻ പ്രൊപ്രൈറ്റർ ചെറുവാടി മെഷീൻസ്, മുക്കം | ₹ 915491 | ₹ 108891 | ₹109000 | ₹ 39200 |
| 3. അബ്ദുൾ ലത്തീഫ് പ്രൊപ്രൈറ്റർ,സ്പെക്ട്രം, മാവൂർ, കോഴിക്കോട് | ₹ 1372043 | ₹ 163193 | ₹154000 | ₹ 43986 |
| | | ₹ 362934 | ₹354000 | ₹ 115546 |
| | | **ആകെ** | | **₹832480** |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

11. വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**12. തദ്ദേശസ്വയംഭരണവകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ മൂല്യവർദ്ധിത നികുതി വെട്ടിപ്പ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**താൽക്കാലിക പണാപഹരണം (കോഴിക്കോട് ജില്ല)**

**ക്ലാർക്കിനെ സസ്പെൻഡ് ചെയ്തു**

കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റിൽ രസീത് പിരിവ് പരിശോധിച്ചതിൽ ശ്രീ.വിബീഷ്, എൽ.ഡി.ക്ലാർക്ക് ഓഫീസ് രസീതുകൾ കൈകാര്യം ചെയ്യുന്നതിലും പിരിവ് പണം അടവാക്കുന്നതിലും വീഴ്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ടു.

1. പിരിവ് തുക മാസങ്ങളോളം അടവാക്കാതെ കൈവശം വച്ചു.

ശ്രീ. വിബീഷിന് 17-12-2012 ന് ഇഷ്യൂ ചെയ്ത രസീതി ബുക്ക് (നം.8059) ഉപയോഗിച്ച് 19-12.-2012, 20-12-2012, 22-12-2012 എന്നീ ദിവസങ്ങളിലായി പിരിച്ചെടുത്ത ₹16066 6-3-2013 നാണ് പഞ്ചായത്തിൽ അടവാക്കിയത്.

2. രസീതുകളിലെ തീയതി തിരുത്തി ആഴ്ചകൾക്കു ശേഷം പണം അടവാക്കി.

രസീത് ബുക്ക് നം. 8072 ലെ 71 മുതൽ 100 വരെയുള്ള രസീതികളിൽ തീയതി. 21-1-2013 എന്നത് തിരുത്തി 8-3-2013 ആക്കി മാറ്റി 8-3-13-ലെ മറ്റ് പിരിവുകൾക്കൊപ്പമാണ് പണം അടവാക്കിയത്.

3. തീയതി രേഖപ്പെടുത്താതെ രസീത് നൽകി.

ശ്രീ.വീബീഷ് ഉപയോഗിച്ച പല രസീത് പുസ്തകങ്ങളിലും പിരിവ് സമയത്ത് തീയതി രേഖപ്പെടുത്താതെ പണം അടവാക്കുന്ന മുറയ്ക്ക് തീയതി എഴുതി ചേർത്തതായി ശ്രദ്ധയിൽപ്പെട്ടു.

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറിയിലൂടെ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് 17-4-13-ലെ എ 9/2889/13 നം. ഉത്തരവ് പ്രകാരം ശ്രീ.വിബീഷിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. പണാപഹരണം നടത്തിയ ക്ലാർക്കിനെ സസ്പെൻഡ് ചെയ്യുകയും തുക തിരിച്ചുപിടിക്കുകയും ചെയ്തിട്ടുണ്ടെന്ന് കടലുണ്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**14. പണാപഹരണം നടത്തിയ ക്ലാർക്കിനെ സസ്പെൻഡ് ചെയ്യുകയും തുക തിരിച്ചുപിടിക്കുകയും ചെയ്തിട്ടുണ്ടെന്ന കടലുണ്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, കടലുണ്ടി ഗ്രാമപഞ്ചായത്തിലെ പണാപഹരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വ്യാജ രേഖകൾ ചമച്ചു (കണ്ണൂർ ജില്ല)**

**ട്രഷറിയിൽ നിന്നും പിൻവലിച്ച പദ്ധതി തുക പലിശ സഹിതം തിരിച്ചടച്ചു**

കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്തിൽ ഉളിയിൽ ഗവ.യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ 'എൽ.പി/യു.പി വിദ്യാർത്ഥികൾക്ക് കായിക പരിശീലനം', ‘പഞ്ചായത്തിലെ സ്പോർട്സ് ടീമുകൾക്ക് കായിക പരിശീലനവും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങലും' എന്നീ രണ്ടു പദ്ധതികൾക്കായി 30-3-2012-ന് യഥാക്രമം ₹ 48983, ₹ 99688 എന്നിങ്ങനെ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ഹെഡ്മാസ്റ്ററുടെ പേരിൽ ഡി.ഡി. എടുക്കുകയും ഹെഡ്മാസ്റ്ററുടെ അക്കൗണ്ടിൽ 7-4-2012, 17-5-2012 തീയതികളിൽ നിക്ഷേപിക്കുകയും തുടർന്ന് 7-4-12-ന് ₹25000 യും 8-6-2012-ന് ₹123671 യും പിൻവലിക്കുകയും ചെയ്തു. ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയ്ക്ക് ഉപോൽബലകമായി ഹാജരാക്കിയ വൗച്ചറുകൾ പ്രഥമദൃഷ്ട്യാ വ്യാജമാണെന്ന് ബോധ്യപ്പെട്ടു. പ്രാദേശിക പരിശോധനയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ രണ്ടും നടപ്പിലാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. 9-5-12-ന് നൽകിയ വിശദമായ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുകകൾ പലിശ സഹിതം 23-5-2013-ന് ₹ 59080 യും 28-5-2013-ന് ₹ 120483 യും ( ആകെ ₹ 1,79,563/-) തിരിച്ചടച്ചു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15. നിർവ്വഹണ ഉദ്യോഗസ്ഥൻ പലിശ സഹിതം തുക തിരിച്ചടച്ചുവെന്നും ടിയാൻ 2018 മാർച്ചിൽ വിരമിച്ചുവെന്നും മനഃപൂർവ്വമുള്ള ധനാപഹരണമായിരുന്നില്ലെന്നും

വിഷയത്തിൽ ധാരണയില്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ മാർച്ച് മാസം തുക ലാപ്സായി പോകുമെന്നതിനാൽ അന്നത്തെ ഭരണസമിതിയുടെ ആവശ്യപ്രകാരം പദ്ധതി നടപ്പാക്കിയതായി രേഖകൾ തയ്യാറാക്കിയെന്നും പിന്നീട് പദ്ധതി നടപ്പാക്കുകയും ചെയ്തുവെന്നും ഓഡിറ്റ് പരാമർശം വന്നപ്പോൾ സ്വന്തം കയ്യിൽ നിന്നും തുക അടയ്ക്കുകയാണുണ്ടായതെന്നും കീഴൂർ - ചാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

16. പഞ്ചായത്ത് ഭരണസമിതിയുടെ ആവശ്യപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ആത്മാർത്ഥമായി ചെയ്തതാണെങ്കിലും രേഖാപരമായി അഴിമതിയാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി, വകുപ്പിന്റെ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**17. നിർവ്വഹണ ഉദ്യോഗസ്ഥൻ പലിശ സഹിതം തുക തിരിച്ചടച്ചുവെന്നും ടിയാൻ 2018 മാർച്ചിൽ വിരമിച്ചുവെന്നും മനഃപൂർവ്വമുള്ള ധനാപഹരണമായിരുന്നില്ലെന്നും വിഷയത്തിൽ ധാരണയില്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ മാർച്ച് മാസം തുക ലാപ്സായി പോകുമെന്നതിനാൽ അന്നത്തെ ഭരണസമിതിയുടെ ആവശ്യപ്രകാരം പദ്ധതി നടപ്പാക്കിയതായി രേഖകൾ തയ്യാറാക്കിയെന്നും പിന്നീട് പദ്ധതി നടപ്പാക്കുകയും ചെയ്തുവെന്നും ഓഡിറ്റ് പരാമർശം വന്നപ്പോൾ സ്വന്തം കയ്യിൽ നിന്നും തുക അടയ്ക്കുക യാണുണ്ടായതെന്നുമുള്ള കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കീഴൂർ ചാവശ്ശേരി ഗ്രാമ പഞ്ചായത്തിലെ ഗവ. യു.പി. സ്കൂളിൽ വ്യാജരേഖ ചമച്ച് ട്രഷറിയിൽ നിന്നും പണം പിൻവലിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടാർ വിതരണത്തിൽ തിരിമറി (പത്തനംതിട്ട ജില്ല)**

**ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് വിജിലൻസ് അന്വേഷണം**

പന്തളം ഗ്രാമപഞ്ചായത്ത് 2012-13 സാമ്പത്തിക വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റും തനതു ഫണ്ടും വിനിയോഗിച്ച് 33 റോഡ് റീ ടാറിംഗ് പ്രവൃത്തികൾക്കായി ₹ 44 ലക്ഷം മുടക്കി സിഡ്കോയിൽ നിന്ന് വാങ്ങിയ 612 ബാരൽ ടാറിൽ 287 ബാരൽ ടാർ ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ഉപയോഗിക്കാതെ തിരിമറി നടത്തി. 33 പ്രവൃത്തികൾക്കായി വാങ്ങിയ ടാർ ഉപയോഗിച്ച് 17 പ്രവൃത്തികൾ പൂർത്തിയാക്കി. അവശേഷിച്ച 16 പ്രവൃത്തികൾക്കുള്ള ₹ 22.66 ലക്ഷം വിലവരുന്ന 287 ബാരൽ ടാറാണ് ദുർവിനിയോഗം ചെയ്തത്.

ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോഴാണ് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടത്. ഓഡിറ്റ് എൻക്വയറി (നം. 69/13-12-2013) നൽകുകയും ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തുകയും ചെയ്തു.

2010-11, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ (നം.എൽ.എഫ്.പി.റ്റി.എപി11/ 171/ 2014 തീയതി 2-5-2014) തുടർന്ന് പത്രമാധ്യമങ്ങൾ ക്രമക്കേട് ചർച്ച ചെയ്യുകയും ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് വിജിലൻസ് അന്വേഷണത്തിന് ആവശ്യപ്പെടുകയും തുടർന്ന് വിജിലൻസ് അന്വേഷണം ആരംഭിക്കുകയും ചെയ്തു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

18. പന്തളം ഗ്രാമപഞ്ചായത്തായിരുന്നപ്പോഴുള്ള ഓഡിറ്റ് പരാമർശമാണിതെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറെ സസ്പെൻഡ് ചെയ്യുകയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നുവെന്നും മേൽ വ്യക്തി സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും പ്രവൃത്തി ചെയ്യാനായി കരാറുകാരന് കൊടുത്തിരുന്ന 6 ബാരൽ ടാർ അദ്ദേഹത്തിന്റെ മരണത്തെത്തുടർന്ന് തിരികെ ലഭിച്ചില്ലെന്നും അദ്ദേഹത്തിന്റെ വിധവ പ്രസ്തുത തുക തിരിച്ചടച്ചുവെന്നും അധികമായി കൊടുത്തുവെന്നുപറയുന്ന ടാറിന്റെ തുക നഗരസഭയിൽ തിരികെ ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം വിരമിച്ചുവെന്ന കാരണംകൂടി കണക്കിലെടുത്ത് ടിയാനെതിരെയുള്ള അച്ചടക്കനടപടികൾ തീർപ്പാക്കി അവസാനിപ്പിച്ചിരിക്കുകയാണെന്നും ഇതിലൂടെ സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ലെന്നും പന്തളം മുൻസിപ്പാലിറ്റി സെക്രട്ടറി വിശദീകരിച്ചു.

19. പ്രസ്തുത വിവരങ്ങൾ ഉൾപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിരുന്നോയെന്ന് സമിതി ആരാഞ്ഞതിന് 25-6-2023-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവാണ് അതിൽ ഉള്ളടക്കം ചെയ്തിരിക്കുന്നതെന്നും പന്തളം മുനിസിപ്പാലിറ്റി സെക്രട്ടറി വിശദീകരണം നൽകി.

20. പന്തളം നഗരസഭ കാര്യാലയത്തിൽ നിന്നും 25-6-2023-ന് നൽകിയ റിപ്പോർട്ടിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. 26-6-2023-ന് ലഭിച്ച കത്തിൽ ഇതുസംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ലെന്ന് സംസ്ഥാന ഓഡിറ്റ്

വകുപ്പും അറിയിച്ചു. പ്രസ്തുത അധികവിവരങ്ങളും കൂടി ഉൾപ്പെടുത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ  സമിതിയെ അറിയിച്ചു. റിപ്പോർട്ടിനൊടൊപ്പം വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പുകൂടി ഉള്ളടക്കം ചെയ്യണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയപ്പോൾ ആയത് ഉള്ളടക്കം ചെയ്യാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

**നിഗമനങ്ങൾ / ശിപാർശകൾ**

**21. പത്തനംതിട്ട ജില്ലയിലെ പന്തളം ഗ്രാമപഞ്ചായത്തിൽ റോഡ് അറ്റകുറ്റ പണികൾക്കുള്ള ടാറിൽ തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ കുറ്റക്കാരനെതിരെ സ്വീകരിച്ച നടപടി വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട്, വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പുകൂടി ഉള്ളടക്കം ചെയ്ത് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി പണം മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചു (തിരുവനന്തപുരം നഗരസഭ) ആറ് പ്രോജക്ടുകൾക്കായി പിൻവലിച്ച ₹ 3081286 തിരികെ ഒടുക്കി**

2011-12 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ 6 പ്രോജക്ടുകൾക്കായി വകയിരുത്തിയ പദ്ധതി പണം മുഴുവൻ മുൻകൂറായി പിൻവലിച്ച് അതാത് നിർവ്വഹണോദ്യോഗസ്ഥർ തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു. പദ്ധതി നടപ്പിലാക്കിയ ശേഷം ചെലവഴിച്ചതിൽ ബാക്കി വന്ന തുക നിലവിലെ ബാങ്ക് അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചുവരുകയും ചെയ്തു. ജി.ഒ.(പി.)നമ്പർ 177/06 ഫിൻ തീയതി 12-4-2006-ലെ ഖണ്ഡിക (6.1) ഖണ്ഡിക (8.3) എന്നിവ പ്രകാരം ഭാവിയിൽ ചെലവുണ്ടാകും എന്ന നിഗമനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക മുൻകൂറായി പിൻവലിക്കരുതെന്നും, അധികമായി പിൻവലിച്ച തുക 30 ദിവസത്തിനകം തിരികെ ട്രഷറിയിൽ ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി മാനദണ്ഡങ്ങൾ ലംഘിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി തുക മുൻകൂറായി പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടിൽ ശേഷിച്ച ₹30,81,286 ട്രഷറിയിൽ ഒടുക്കി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | പിൻവലിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് | തിരിച്ചടച്ചതിന്റെ ചെലാൻ നമ്പർ |
|---|---|---|---|---|---|---|---|
| 1 | 70/11-12 പ്രാദേശിക ചരിത്രപഠനം | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 3,00,000 (AF) 1,00,000 OF) 4,00,000 | 3,00,000 Bill.No.31/ 11-12 5/3/12 | 1,50,000 | ₹1,50,000 | 344 21-11-12 |
| 2 | 71/11-12 കനവ് സാംസ്കാരിക പൈതൃകം സംരക്ഷിക്കൽ | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 4,00,000 (AF) 1,00,000 5,00,000 | 4,00,000 Bill.No.28/11-12 5/3/12 | ₹1,50,000 | ₹2,50,000 | 712 19-11-12 |
| 3 | 73/11-12 മലയാളപ്പെരുമ | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 3,00,000 (AF) | 3,00,000 Bill.No.14/ 11-12 15/2/12 | ₹1,45,000 | ₹1,55,000 | 706 19-11-12 |
| 4 | 894/11-12 മാതൃകാവിദ്യാലയം (SCP) | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 30,00,000 (AF) | 30,00,000 Bill.No.37/11-12 31/3/12 | ₹6,02,273 | ₹23,97,727 | 926 11-12-12 |
| 5 | 74/11-12 അന്താരാഷ്ട്ര രസതന്ത്ര വർഷാചരണം | പ്രിൻസിപ്പൽ (ഗവ.വി.എച്ച്. എസ്.എസ്) പേട്ട | 4,00,000 (AF) | 2,00,000 Bill.No.1/11-12 20-3-12 | ₹1,02,241 | ₹97,759 | 4968 16-8-12 |
| 6 | 0083/12 അധ്യാപക ബാങ്ക്, കല, കമ്പ്യൂട്ടർ,ഭാഷ മറ്റ് അധ്യാപകരുടെ കുറവ് പരിഹരിക്കൽ | പ്രിൻസിപ്പൽ ഗവ.വി.എച്ച്. എസ്.എസ്. ഫോർ ഗേൾസ്, പേട്ട | 3,00,000 (AF) | 2,00,000 Bill.No.3/11-12 31/3/12 | ₹1,69,200 | ₹30,800 | 4928 16-8-12 |
| | | | | **ആകെ** | | | **₹30,81,286** |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.10)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

22. 6 പ്രോജക്റ്റുകൾ ഉണ്ടായിരുന്നതുകൊണ്ടും മാർച്ച് മാസം അവസാനിച്ചാൽ ഫണ്ട് ലാപ്സാകുമെന്നതിനാലുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഫണ്ട് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയതെന്നും അടുത്ത വർഷം തന്നെ പ്രോജക്റ്റുകളെല്ലാം നടപ്പാക്കുകയും ബാക്കിയുള്ള തുക തിരിച്ചടയ്ക്കുകയും ചെയ്തുവെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

23. പദ്ധതി തുക സ്വന്തം അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും പദ്ധതി ചെലവ് നിർവ്വഹിച്ച് അതിന്റെ കണക്ക് കാണിക്കുകയും ചെയ്യുന്നത് ശരിയായ കീഴ്‌വഴക്കമല്ലെന്നും ഇത്തരം പ്രവൃത്തികൾ തുടരാൻ പാടില്ലെന്നും അഭിപ്രായപ്പെട്ട സമിതി ഫണ്ട് വിനിയോഗത്തിൽ നിഷ്കർഷത പാലിക്കാനുള്ള കർശന നിർദ്ദേശം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു. ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് ഓഡിറ്റ് വകുപ്പുമായി ചർച്ച ചെയ്ത് മതിയായ തീരുമാനം കൈക്കൊള്ളുന്നതിന് സർക്കാരിനോട് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**24. തിരുവനന്തപുരം നഗരസഭയിൽ വിദ്യാഭ്യാസ മേഖലയ്ക്കായി വകയിരുത്തിയ 6 പ്രോജക്റ്റുകൾക്കായുള്ള പദ്ധതി തുക സ്വന്തം അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും പദ്ധതി ചെലവ് നിർവ്വഹിച്ച് അതിന്റെ കണക്ക് കാണിക്കുകയും ചെയ്തത് ശരിയായ കീഴ്‌വഴക്കമല്ലെന്നും ഇത്തരം പ്രവൃത്തികൾ തുടരാൻ പാടില്ലെന്നും സമിതി വ്യക്തമാക്കുന്നു. ഫണ്ട് വിനിയോഗത്തിൽ നിഷ്കർഷത പാലിക്കാനുള്ള കർശന നിർദ്ദേശം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് ഓഡിറ്റ് വകുപ്പുമായി ചർച്ച ചെയ്ത് യുക്തമായ തീരുമാനം കൈക്കൊള്ളണമെന്നും സമിതി ശിപാശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം അനധികൃതമായി നീട്ടി - കോഴിക്കോട് സർവ്വകലാശാല അധികമായി നൽകിയ തുക തിരിച്ചു പിടിച്ചു**

2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (നം.എൽ.എഫ്.സി.യു.എ.1/905/2013, തീ. 30-8-13) ഖണ്ഡിക 17 പ്രകാരം കാലിക്കറ്റ് യൂണിവേഴ്സിറ്റി അധ്യാപകർ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് (സി.യു.എഫ്.എസ് 1977, ചാപ്റ്റർ 3) അനുശാസിക്കുന്ന രീതിയിൽ 60 വയസ്സിൽ വിരമിക്കാതെ അധ്യയന വർഷാവസാനം വരെ സേവനത്തിൽ തുടർന്ന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അധികമായി കൈപ്പറ്റുന്ന നടപടി തടസ്സപ്പെടുത്തിയിരുന്നു.

പ്രസ്തുത ഓഡിറ്റ് തടസ്സത്തിനെ തുടർന്ന് 31-3-2013 വരെ സേവനത്തിൽ തുടർന്ന (റിപ്പോർട്ടിൽ പരാമർശിച്ച) 5 അധ്യാപകരിൽ നിന്നും താഴെ പറയുന്ന പ്രകാരം അധികമായി നൽകിയ ₹ 23,07,264 തിരിച്ചുപിടിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര്, തസ്തിക | ജനന ത്തീയതി | വിരമിക്കേണ്ട തീയതി | വിരമിച്ച തീയതി | അധികമായി നൽകിയ തുക | തിരിച്ച പിടിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|---|
| 1 | ഡോ. അയിഷാബി. ടി.സി. പ്രൊഫസർ | 14-10-1952 | 13-10-12 | 31-3-13 | ₹ 5,50,193 | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 1675/ 2013/ സി.യു തീയതി 17-5-13 പ്രകാരം ഡി.സി. ആർ.ജിയിൽ നിന്നും ഈടാക്കി |
| 2 | ശ്രീ. വേലായുധൻ.കെ. പി., അസോസിയേറ്റ് പ്രൊഫസർ | 1-12-1952 | 30-11-12 | 31-3-13 | ₹ 3,25,314 | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 1839/2013/സി.യു തീയതി 30.05.13 പ്രകാരം ഡി.സി. ആർ.ജിയിൽ നിന്നും ഈടാക്കി |
| 3 | ഡോ.ശിവരാജൻ. കെ, പ്രൊഫസർ | 19-9-1952 | 18-9-12 | 31-3-13 | ₹5,86,307 | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 1729/2013/സി.യു തീയതി 22.05.13 പ്രകാരം ഡി.സി. ആർ.ജി യിൽ നിന്നും ഈടാക്കി |
| 4 | ഡോ.സി.രാജേന്ദ്രൻ പ്രൊഫസർ | 12-11-1952 | 11-11-12 | 31-3-13 | ₹ 4,39,479 | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 1730/2013/സി.യു തീയതി 22-5-13 പ്രകാരം ഡി.സി. ആർ.ജി യിൽ നിന്നും ഈടാക്കി |
| 5.. | ഡോ. ലാസർ. കെ. വി | 10-10-1952 | 9-10-12 | 31-3-13 | ₹ 4,05,971/- | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 2923/2014/സി.യു തീയതി 22-3-14 പ്രകാരം കമ്മ്യൂട്ടേഷൻ തുകയിൽ നിന്നും ഈടാക്കി |
| **ആകെ** | | | | | **₹ 23,07,264** | |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

25. ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**26. ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സർവകലാശാലയിലെ അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം അനധികൃതമായി നീട്ടിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഓഡിറ്റ് ഖണ്ഡിക

**പണി പൂർത്തിയാക്കാതെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി - 5064425 രൂപയുടെ പാഴ്ച്ചെലവ്**

പീരുമേട് ഗ്രാമപഞ്ചായത്ത് 2010– 11 വർഷത്തിൽ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി താഴെ പറയും പ്രകാരം മുട്ടത്തുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ ആകെ 5064425/- രൂപ നിക്ഷേപിക്കുകയുണ്ടായി.

| ക്രമ നം | പദ്ധതി നം | വൗച്ചർ നം/തീയതി | ബിൽ നം/ തീയതി | പദ്ധതിയുടെ പേര് | നിക്ഷേപിച്ച തുക(രൂപ) |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 104 | 114/22-3-2011 | 37/24-3-2011 | പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രം | 1560000 |
| 2 | 99 | 113/22-3-2011 | 36/24-3-2011 | കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം | 520000 |
| 3 | 102 | 112/22-3-2011 | 35/24-3-2011 | പരുന്തുംപാറ പ്രവേശന കവാടമൊരുക്കൽ | 250000 |
| 4 | 105 | 111/22-3-2011 | 34/24-3-2011 | സ്ലോട്ടർ ഹൗസ് അടിസ്ഥാന സൗകര്യമൊരുക്കൽ | 500000 |
| 5 | 106 | 110/22-3-2011 | 33/24-3-2011 | മാലിന്യ സംഭരണ സംവിധാനം നിർമ്മിക്കൽ | 250000 |
| 6 | 109 | 109/22-3-2011 | 32/24-3-2011 | പരുന്തുംപാറ ഇൻഫർമേഷൻ-കം-വെയിറ്റിംഗ് ഷെഡ് | 200000 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 7 | 110 | 99/21-3-2011 | 30/21-3-2011 | മ്ളാമല-സുഗന്ധഗിരി റോഡ് പുനരുദ്ധാരണം | 184425 |
| 8 | 102 | 108/22-3-2011 | 31/24-3-2011 | വൃദ്ധസദന നിർമ്മാണം പൂർത്തീകരണം-അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ | 600000 |
| 9 | 115 | 115/22-3-2011 | 38/28-3-2011 | ശ്മശാന നിർമ്മാണം | 1000000 |
| ആകെ | | | | | **50,64,425** |

മേൽ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചു എന്ന് നിർമ്മിതികേന്ദ്ര റീജിയണൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികളൊന്നും തന്നെ പൂർത്തീകരിച്ചില്ല എന്ന് കണ്ടെത്തി. ഓരോ പദ്ധതിയേയും സംബന്ധിച്ച് പരിശോധനയിൽ ബോധ്യപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

**1. പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രം (പ്രോജക്ട് നം. 104)**

**2. കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം (പ്രോജക്ട് നം. 99)**

പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രത്തിനായി 2010-11-ൽ 15,60,000 രൂപ ചെലവഴിച്ചത് കൂടാതെ 2011-12 ൽ 5,60,000 രൂപയും 2012-13-ൽ 8,60,000 രൂപയും ചെലവഴിച്ചു. കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രത്തിനായി 2010-11-ൽ 5,20,000 രൂപ ചെലവഴിച്ചു. 2012-13-ൽ ഉൽപ്പന്ന വിപണന കേന്ദ്രത്തോടനുബന്ധിച്ച് വനിതാ കാർഷിക വിപണന കേന്ദ്രം നിർമ്മിക്കുന്നതിനായി 1,00,000 രൂപയും വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനായി 3,00,000 രൂപയും ചെലവഴിച്ചു. രണ്ട് പ്രോജക്ടുകളിലായി വിവിധ നിർമ്മാണങ്ങൾക്ക് ആകെ 39,00,000 രൂപ ചെലവഴിച്ചെങ്കിലും ഏതാനും തൂണുകൾ വാർക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

**3. പരുന്തുംപാറ പ്രവേശന കവാടമൊരുക്കൽ (പ്രോജക്ട് നം.102)**

കമാനാകൃതിയിൽ കോൺക്രീറ്റ് തൂണും തുലാമും വാർത്തിട്ടുള്ളതല്ലാതെ തുടർ പ്രവർത്തികളൊന്നും ചെയ്തിട്ടില്ല. 2011-12 വർഷം ഇതേ പദ്ധതിയ്ക്കു 172000/-രൂപ നൽകിയിട്ടുണ്ട്. (പി.30/2011-12). റവന്യൂ ഭൂമിയിൽ നടത്തിയിട്ടുള്ള ഈ നിർമ്മാണത്തിന് അനുവാദം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല.

**4. സ്ലോട്ടർ ഹൗസ് അടിസ്ഥാന സൗകര്യമൊരുക്കൽ (പ്രോജക്ട് നം. 105)**

വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നും സ്ലോട്ടർ ഹൗസിൽ ലഭ്യമല്ല. കെട്ടിടത്തിന് സംരക്ഷണഭിത്തി മാത്രം പുതുതായി നിർമ്മിച്ചിട്ടുണ്ട്.

### 5. മാലിന്യ സംഭരണ സംവിധാനം നിർമ്മിക്കൽ (പ്രോജക്റ്റ് നം. 106)

കോൺക്രീറ്റ് കൊണ്ടുള്ള 206 മാലിന്യ സംഭരണ ടാങ്കുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനായിരുന്ന പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

### 6. പരുത്തുംപാറ ഇൻഫർമേഷൻ സെന്റർ കം വെയിറ്റിംഗ് ഷെഡ് (പ്രോജക്റ്റ് നം. 109)

ദേശീയപാതാ വികസനത്തിൽ നീക്കം ചെയ്യപ്പെടാൻ സാധ്യതയുള്ള ഒരു ചെറിയ ബങ്കും അതിനോട് ചേർന്ന് ഏകദേശം 50 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു വെയിറ്റിംഗ് ഷെഡും നിർമ്മിച്ചിരിക്കുന്നു. നിർമ്മാണം നടത്തിയിരിക്കുന്ന സ്ഥലത്തിൽ പഞ്ചായത്തിനുള്ള അവകാശത്തിന് രേഖയില്ല, നിർമ്മാണത്തിന്റെ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല.

### 7. വൃദ്ധസദനം നിർമ്മാണം - അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ (പ്രോജക്റ്റ് നം.102)

വൃദ്ധസദനത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല. 2012-13-ൽ അനുബന്ധസൗകര്യങ്ങൾ ഒരുക്കുന്നതിനായി 500000 രൂപ നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയിരുന്നു. വൃദ്ധസദനം ഓഡിറ്റ് തീയതി വരെയും പൂർത്തിയായിട്ടില്ല.

### 8. ശ്മശാന നിർമ്മാണം (പ്രോജക്റ്റ് നം. 115)

ചുറ്റുമതിൽ, ഗേറ്റ് എന്നിവ സ്ഥാപിക്കാൻ നിർദ്ദേശിച്ചിടത്ത് പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് 200 മീറ്റർ നീളം കോൺക്രീറ്റ് റോഡും (2 മീറ്റർ വീതിയിൽ) ഏകദേശം 60 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഷെഡും മാത്രം നിർമ്മിച്ചിരിക്കുന്നു.

നിർമ്മിതികേന്ദ്രത്തെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചുകൊണ്ടുള്ള സർക്കുലർ നം. 50198/പി1/97/തസ്വഭവ/തീയതി 5-1-1998 പ്രകാരം കോസ്റ്റ് ഫോർഡ്, നിർമ്മിതി കേന്ദ്രം എന്നിവയുടെ ചെലവുകുറഞ്ഞ രീതികൾ ഉപയോഗിക്കുന്നതിനാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളത്. നിർമ്മിതി കേന്ദ്രയുടെ തനത് സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പ്രവൃത്തിയല്ല റോഡ് നിർമ്മാണം. വിശദമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാതെയാണ് ഓരോ പദ്ധതിക്കുമുള്ള മുഴുവൻ തുകയും മുൻകൂറായി നിർമ്മിതികേന്ദ്രയ്ക്ക് നൽകിയിട്ടുള്ളത്. ഇത് സർക്കാർ ഉത്തരവുകളുടേയും മാർഗ്ഗ രേഖകളുടേയും ലംഘനമാണ്. പൂർത്തീകരിക്കാത്ത പദ്ധതികൾ പൂർത്തീകരിച്ചു എന്ന് കാണിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളതിനാലും തുടർന്നും തുകകൾ നൽകിപ്പോരുന്നതിനാലും, നിർമ്മിതി കേന്ദ്രയുടെ പ്രവർത്തനം സമഗ്ര വിശകലനത്തിന് വിധേയമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**1.പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രം (പ്രോജക്ട് നം. 104)**

**2.കുടുംബശ്രീ വിപണന ഉൽപ്പന്ന കേന്ദ്രം (പ്രോജക്ട് നം. 99)**

27. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, നിർമ്മിതി കേന്ദ്രത്തിൽ ഡെപ്പോസിറ്റ് ചെയ്ത 9 വർക്കുകൾ ഡെപ്പോസിറ്റ് ചെയ്ത തുകകൊണ്ട് മാത്രം പൂർത്തിയാക്കാൻ സാധിക്കാത്തിനാൽ തുടർന്നുള്ള വർഷങ്ങളിൽ ബാക്കി പണം കൊണ്ട് ചില വർഷങ്ങളിലെ പ്രോജക്ട് പൂർത്തിയാക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. പട്ടികജാതി തൊഴിൽ പരിശീലനകേന്ദ്രം നിലവിൽ ജനകീയ ഹോട്ടലായാണ് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

28. ലക്ഷ്യം പൂർത്തീകരിക്കാനുള്ള കാഴ്ചപ്പാടാണ് പ്രോജക്ടിൽ വേണ്ടതെന്ന് സമിതി വിലയിരുത്തിയതോടൊപ്പം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി മാറ്റിവച്ച തുക ഹോട്ടൽ പണിയാനായി ചെലവഴിച്ചതിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ഹോട്ടൽ നടത്തുന്നത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകളാണോ എന്ന സമിതിയുടെ ചോദ്യത്തിന് അങ്ങനെ അല്ലായെന്നും ആയത് ജനകീയ ഹോട്ടലായാണ് പ്രവർത്തിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. ജനകീയ ഹോട്ടൽ നടത്തുവാൻ ഇത് ജനറൽ ഫണ്ടല്ലല്ലോയെന്ന് സമിതി ആരാഞ്ഞപ്പോൾ തുടർ വർഷത്തിൽ ജനറൽ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

29. പദ്ധതിക്കായി നീക്കി വച്ച തുക ചെലവഴിക്കാതെ വീണ്ടും അധികം പണം ചെലവഴിച്ചത് മറ്റൊരു ക്രമക്കേടാണെന്നും ഡെപ്പോസിറ്റ് ചെയ്ത വർക്കിന് പണി പൂർത്തീകരിക്കേണ്ട നിർമ്മിതി കേന്ദ്രം അത് ചെയ്യാത്തതുകൊണ്ട് വകുപ്പ് വീണ്ടും പണം ഡെപ്പോസിറ്റ് ചെയ്തെന്നും ഇത് വേറൊരു ക്രമക്കേടാണെന്നും സമിതി ചൂണ്ടിക്കാട്ടി. കൂടാതെ കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രത്തിന്റെ നിർമ്മാണം നടത്തി കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ടെന്നല്ലാതെ ലക്ഷ്യമിട്ട പ്രോജക്ട് അവിടെ നടപ്പാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും സമിതിയുടെ കണ്ടെത്തലുകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**3. പരുന്തുംപാറ പ്രവേശന കവാടമൊരുക്കൽ (പ്രോജക്ട് നം. 102)**

30. കമാനത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ള സർക്കാർ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### 4. സ്ലോട്ടർ ഹൗസ് അടിസ്ഥാനസൗകര്യമൊരുക്കൽ (പ്രോജക്ട് നം. 105)

31. കെട്ടിടം പണി പൂർത്തീകരിച്ചെങ്കിലും നിലവിൽ ഉപയോഗശൂന്യമായ അവസ്ഥയിലാണെന്നാണ് റിപ്പോർട്ടിൽ പറയുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി. കെട്ടിടം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂവെന്നും പത്ത് വർഷമായി അത് ഉപയോഗിക്കുന്നില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചതിന് പദ്ധതിയെന്നു പറയുന്നത് കെട്ടിടം പൂർത്തീകരണം മാത്രമല്ലയെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

### 5. മാലിന്യ സംഭരണ സംവിധാനം നിർമ്മിക്കൽ (പ്രോജക്ട് നം. 106)

32. മാലിന്യ സംസ്കരണ സംവിധാനം നിർമ്മിക്കുന്നതിന് പണം നൽകിയെങ്കിലും പദ്ധതി നടപ്പാക്കിയില്ലെന്നാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി വ്യക്തമാക്കി. മാലിന്യ സംസ്കരണത്തിനുവേണ്ടി ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് പീരുമേട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. കുടുംബശ്രീയുടെ വിപണന ഉൽപ്പന്നം നടക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് കുടുംബശ്രീ പ്രവർത്തിക്കുന്നുവെന്ന് സെക്രട്ടറി മറുപടി പറഞ്ഞു.

### 6. പരുന്തുംപാറ ഇൻഫർമേഷൻ സെന്റർ കം വെയിറ്റിംഗ് ഷെഡ് (പ്രോജക്ട് നം.109)

33. വെയിറ്റിംഗ് ഷെഡ് നിർമ്മാണം നടത്തിയിരിക്കുന്ന സ്ഥലത്തിൽ പഞ്ചായത്തിനുള്ള അവകാശത്തിന്റെ രേഖയും നിർമ്മാണത്തിന്റെ മൂല്യനിർണ്ണയം സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ ഇൻഫർമേഷൻ സെന്റർ പ്രവർത്തിക്കുന്നില്ലെന്നും ദേശീയപാതാ വികസനം വരുമ്പോൾ പ്രോജക്ട് നഷ്ടപ്പെടാനുള്ള സാധ്യതയുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. മാലിന്യ സംസ്കരണത്തിനു വേണ്ടി നൽകിയ രണ്ടരലക്ഷം രൂപ ഏജൻസിക്ക് കൊടുത്തതല്ലാതെ ചെലവഴിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കാൻവേണ്ടി കോൺക്രീറ്റ് റിംഗുകളാണ് സ്ഥാപിച്ചതെന്നും പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കാൻ പാടില്ലെന്ന് പിന്നീട് നിഷ്കർഷിച്ചതിനാൽ പഞ്ചായത്തിൽ മാലിന്യസംസ്കരണ പ്ലാന്റ് ആരംഭിക്കുകയും വാഹനത്തിൽ മാലിന്യം ശേഖരിക്കാൻ തുടങ്ങുകയും ചെയ്തുവെന്നും ഇതുകാരണം റിംഗുകൾ ഉപയോഗശൂന്യമാവുകയാണുണ്ടായതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

### 7. മ്ലാമല സുഗന്ധഗിരി റോഡ് പുനരുദ്ധാരണം (പ്രോജക്ട് നം. 102)

34. വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**8. വൃദ്ധസദനം നിർമ്മാണം - അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ (പ്രോജക്റ്റ് നം.102)**

35. വൃദ്ധസദനത്തിന് വേണ്ടി നിർമ്മിച്ച കെട്ടിടം നിലവിൽ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയായാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**9. ശ്മശാന നിർമ്മാണം (പ്രോജക്റ്റ് നം. 115)**

36. ശ്മശാന നിർമ്മാണത്തിനായി ചെലവഴിച്ച തുക പാഴായതിനെപ്പറ്റിയും നിലവിലെ ഉപയോഗം സംബന്ധിച്ചും സമിതി ആരാഞ്ഞതിന്, നിലവിൽ ശ്മശാനമായി ഉപയോഗിക്കുന്നില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

37. 50 ലക്ഷം രൂപ ചെലവാക്കി നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പണം ലാപ്സായി പോകുകയും അതിന്റെ പ്രയോജനമുണ്ടാകാതിരിക്കുകയും ചെയ്തുവെന്ന് സമിതി വിലയിരുത്തി. എല്ലാ നിർമ്മാണവും പൂർത്തീകരിച്ചിട്ടില്ലെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യം പൂർത്തിയായിട്ടില്ലെന്നും നിർമ്മാണം പൂർത്തീകരിക്കാത്തവ പഞ്ചായത്തിന്റെ ആസ്തി എന്നുള്ള രീതിയിൽ കണക്കാക്കാമെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ) യുടെ അഭിപ്രായത്തിന്, സർക്കാർ പണമുപയോഗിച്ച് പൂർത്തീകരിക്കപ്പെടാത്ത കുറേ സ്ട്രക്ചറുകൾ പണിതിട്ടശേഷം ആസ്തിയെന്ന് പറയാൻ കഴിയില്ലായെന്ന് സമിതി വ്യക്തമാക്കി. ബിൽഡിംഗ് നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും യഥാർത്ഥ ഉദ്ദേശ്യത്തിനല്ല അത് ഉപയോഗിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി. പ്രസ്തുത പ്രോജക്റ്റ് ചെയ്തത് ജില്ലാ നിർമ്മിതി കേന്ദ്രമാണോ സംസ്ഥാന നിർമ്മിതി കേന്ദ്രമാണോയെന്ന സമിതിയുടെ ചോദ്യത്തിന് ജില്ലാ നിർമ്മിതി കേന്ദ്രമാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

38. പദ്ധതിയുടെ മൂല്യനിർണ്ണയം, നിർമ്മാണത്തിലെ കണക്ക് എന്നിവ ഓഡിറ്റിന് നൽകാത്തതിനെപ്പറ്റി സമിതി ആരാഞ്ഞതിന്, ജില്ലാ നിർമ്മിതി കേന്ദ്രം ചെയ്ത പ്രോജക്റ്റിന്റെ റിപ്പോർട്ട് എ.ഇ.യ്ക്ക് നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ ബോധിപ്പിച്ചു.

39. നിർമ്മാണാവശ്യങ്ങൾക്ക് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തുകഴിഞ്ഞാൽ സമയബന്ധിതമായി പ്രോജക്റ്റ് പൂർത്തീകരിക്കണമെന്നതാണ് വ്യവസ്ഥയെങ്കിലും നിർമ്മിതി കേന്ദ്രങ്ങൾ ഏറ്റെടുക്കുന്ന വർക്കുകൾ സമയബന്ധിതമായി ചെയ്യാറില്ലെന്നും കൃത്യമായ രേഖകളോ കൃത്യമായ കണക്കോ നൽകുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. അംഗീകൃത ഏജൻസിയാണെന്ന പിൻബലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും

സാങ്കേതികാനുമതി കൊടുക്കുന്നതും നിർമ്മിക്കുന്നതുമെല്ലാം ജില്ലാ നിർമ്മിതി കേന്ദ്രം തന്നെയാണെന്നും എന്നാൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയോ കൃത്യമായ കണക്കുകൾ ഹാജരാക്കുകയോ ചെയ്യുന്നില്ല എന്നത് ഗൗരവതരമായ വിഷയമാണെന്നും ആയതിനാൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

40. എന്തിനുവേണ്ടിയാണോ പദ്ധതി രൂപീകരിക്കാനുദ്ദേശിച്ചത് ആ പദ്ധതിയിൽനിന്നും ഗതിമാറി മറ്റുപല കാര്യങ്ങളിലേയ്ക്ക് പോകുമ്പോൾ അടിസ്ഥാനപരമായ ഉദ്ദേശ്യലക്ഷ്യത്തിൽനിന്നും വ്യതിചലിക്കപ്പെടുന്നുവെന്നത് ഗൗരവമായ വിഷയമായതിനാൽ സർക്കാർ ഇക്കാര്യത്തിൽ ഇടപെടണമെന്ന് നിർദ്ദേശിക്കാൻ സമിതി തീരുമാനിച്ചു. പദ്ധതിനിർവ്വഹണത്തിന്റെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പട്ടികജാതി വിഭാഗക്കാർക്കുള്ള പരിശീലനകേന്ദ്രത്തിനെ വൃദ്ധസദനമാക്കി മാറ്റുക എന്നുള്ളത് ആശാസ്യമായ പ്രവണതയല്ലെന്നും കൂടാതെ പട്ടികവിഭാഗത്തിൽപ്പെടുന്നവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങളും സംവിധാനങ്ങളുമൊക്കെ മറ്റുള്ള വിഭാഗക്കാരിലേയ്ക്ക് മാറിപ്പോകുന്നത് ശരിയായ നടപടിയല്ലെന്നും ആയതിനാൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച കണക്ക് ഓഡിറ്റ് വകുപ്പിൽ ഹാജരാക്കുന്നമുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്നും സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ / ശിപാർശകൾ

**41. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കു വേണ്ടി മാറ്റിവച്ച തുക വകമാറ്റി ഹോട്ടൽ പണിയാനായി ചെലവഴിച്ചതിലും വീണ്ടും അധികം പണം മറ്റ് ജോലികൾക്കായി വിനിയോഗിച്ചതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രത്തിന്റെ നിർമ്മാണം നടത്തി കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ടെന്നല്ലാതെ ലക്ഷ്യമിട്ട പ്രോജക്ട് അവിടെ നടപ്പാക്കാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. എന്നിരുന്നാലും നിർമ്മിതി കേന്ദ്രത്തിൽ ഡെപ്പോസിറ്റ് ചെയ്ത 9 വർക്കുകൾ ഡെപ്പോസിറ്റ് ചെയ്ത തുകകൊണ്ട് മാത്രം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ തുടർന്നുള്ള വർഷങ്ങളിൽ ബാക്കി പണം കൊണ്ട് ചില വർഷങ്ങളിലെ പ്രോജക്ട് പൂർത്തിയാക്കിയിട്ടുണ്ടെന്ന വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**42. പട്ടിക വിഭാഗക്കാർക്കുള്ള പരിശീലന കേന്ദ്രത്തെ മാർഗരേഖകൾക്ക് വിരുദ്ധമായി വൃദ്ധസദനമാക്കി മാറ്റിയ നടപടി ആശാസ്യമായ പ്രവണതയല്ലെന്നും ഇതുവഴി പട്ടിക വിഭാഗക്കാർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ മറ്റ് വിഭാഗക്കാർക്ക് മാറിപോകുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ച കണക്ക് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി നിർദേശിക്കുന്നു. അതുപോലെ പദ്ധതി രൂപീകരണത്തിനുശേഷം പ്രസ്തുത പദ്ധതിയിൽ നിന്നും ഗതിമാറി മറ്റു പല കാര്യങ്ങളിലേക്ക് പോകുമ്പോൾ അടിസ്ഥാനപരമായ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കപ്പെടുന്നത് ഗൗരവമായ വിഷയമായതിനാൽ സർക്കാർ ഇക്കാര്യത്തിൽ ഇടപെടണമെന്ന് സമിതി നിർദേശിക്കുന്നു.**

43. പരുത്തുംപാറ പ്രവേശന കമാനത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

44. സ്ലോട്ടർ ഹൗസ് അടിസ്ഥാനസൗകര്യമൊരുക്കൽ പദ്ധതിയെന്നു പറയുന്നത് കെട്ടിടം പൂർത്തീകരണം മാത്രമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. കെട്ടിടം ഉപയോഗ യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

45. മാലിന്യ സംസ്കരണ സംവിധാനം നിർമ്മിക്കുന്നതിന് പണം നൽകിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

46. പരുത്തുംപാറ ഇൻഫർമേഷൻ സെന്റർ കം വെയിറ്റിംഗ് ഷെഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ ഇൻഫർമേഷൻ സെന്റർ പ്രവർത്തിക്കുന്നില്ലെന്നും ദേശീയപാതാ വികസനം വരുമ്പോൾ പ്രോജക്ട് നഷ്ടപ്പെടാനുള്ള സാധ്യതയുണ്ടെന്നുമുള്ള വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ  പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

47. സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ, മ്ലാമല സുഗന്ധഗിരി റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

48. സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ, വൃദ്ധസദനം നിർമ്മാണം - അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

49. നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പണം ലാപ്സായി പോകുകയും അതിന്റെ പ്രയോജനമുണ്ടാകാതിരിക്കുകയും ചെയ്തുവെന്ന് സമിതി മനസ്സിലാക്കുന്നു. അംഗീകൃത ഏജൻസിയാണെന്ന പിൻബലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ടെക്നിക്കൽ സാംങ്ഷൻ കൊടുക്കുന്നതും നിർമ്മിക്കുന്നതുമെല്ലാം ജില്ലാ നിർമ്മിതി കേന്ദ്രം തന്നെയാണെന്നും എന്നാൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയോ കൃത്യമായ കണക്കുകൾ ഹാജരാക്കുകയോ ചെയ്യുന്നില്ല എന്നത് ഗൗരവതരമായ വിഷയമാണെന്നും ആയതിനാൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**ജലസ്രോതസുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും**

കുളങ്ങൾ, തോടുകൾ, നീരുറവകൾ, നദികൾ, കായലുകൾ തുടങ്ങിയ പരമ്പരാഗത ജലസ്രോതസുകളാൽ സമ്പന്നമാണ് കേരളം. എന്നാൽ ശുദ്ധജല സ്രോതസുകളെയും നീർത്തടങ്ങളെയും ഉചിതമായ വിധത്തിൽ പരിപാലിക്കുന്നതിൽ വന്നിട്ടുള്ള വീഴ്ചകൾമൂലം ശുദ്ധജല ലഭ്യത കുറഞ്ഞ ഒരു പ്രദേശമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി ജലസ്രോതസുകളുടെ സംരക്ഷണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയായി മാറിയിട്ടുണ്ട്. ഇതിനൊപ്പം ഓരോ പ്രദേശത്തിനും അനുയോജ്യമായ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. ജലസ്രോതസുകളുടെ സംരക്ഷണത്തിലും കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന ഇടപെടലുകളുടെ വിശകലനമാണ് ഈ റിപ്പോർട്ട്.

**ആമുഖം**

ഒരു ജനതയുടെ നിലനിൽപ്പിനെ നിർണ്ണയിക്കുന്ന ഏറ്റവും പ്രധാന ഘടകങ്ങളിലൊന്നാണ് ശുദ്ധജലത്തിന്റെ ലഭ്യത. ശരിയായ ജലവിനിയോഗരീതികൾ ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ ലക്ഷണമാണ്. ശുദ്ധജലസ്രോതസുകളാൽ സമ്പന്നമാണ് കേരളം. ലോകശ്രദ്ധയാകർഷിച്ച കേരളമാതൃകാ വികസനത്തിന് നിദാനമായ പാരിസ്ഥിതിക ഘടകങ്ങളിൽ ഒന്നായിരുന്നു ഇവിടുത്തെ ജലലഭ്യത.

ജലസ്രോതസുകളുടെ സംരക്ഷണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ച ഒരു ജലക്ഷാമപ്രദേശമായി കേരളത്തെ മാറ്റിക്കൊണ്ടിരിക്കുന്നു. ശുദ്ധജലലഭ്യതയിൽ വരൾച്ചബാധിത സംസ്ഥാനങ്ങളായ ബീഹാർ, രാജസ്ഥാൻ എന്നിവയ്ക്കും താഴെയാണ് കേരളത്തിന്റെ ഇപ്പോഴത്തെ സ്ഥാനം. അനിയന്ത്രിതമായ മണൽവാരൽ കേരളത്തിലെ പുഴകൾക്ക് ചരമഗീതം കുറിച്ചുകൊണ്ടിരിക്കുകയാണ്. വൻതോതിൽ തണ്ണീർത്തടങ്ങളും, വയലുകളും നികത്തുന്നത് ഭൂഗർഭജലനിരപ്പ് അപകടകരമായ വിധത്തിൽ താഴുന്നതിന് കാരണമാകുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പൽ നിയമം എന്നിവ, ജലസ്രോതസുകളുടെ സംരക്ഷണത്തിനും, കുടിവെള്ള വിതരണത്തിനും സവിശേഷമായ അധികാരങ്ങളും, പ്രവർത്തനസ്വാതന്ത്ര്യവുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. പരമ്പരാഗത ജലസ്രോതസുകളുടെ സംരക്ഷണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട അനിവാര്യ ചുമതലകളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്. ജലസ്രോതസുകളുടെ പരിപാലനം, മെച്ചപ്പെടുത്തൽ, ഉപയോഗം എന്നിവ കൂടുതൽ ഫലപ്രദമായി നടത്താൻ തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടലുകൾ

സഹായകമായിട്ടുണ്ട്. അതുപോലെ തന്നെ സ്വന്തംനിലയിൽ കുടിവെള്ളപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനും ഒട്ടേറെ തദ്ദേശസ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

ജലസ്രോതസുകളുടെ സംരക്ഷണം, കുടിവെള്ളപദ്ധതികൾ എന്നീ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള ഇടപെടലുകളും, പ്രവർത്തനങ്ങളും വിശദമായ പരിശോധനക്കു വിധേയമാക്കിയിരിക്കുകയാണ് ഈ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിലൂടെ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവത്തനങ്ങളുടെ വിശദമായ ഒരു പഠനവും, വിലയിരുത്തലും ഇദംപ്രഥമമായാണ് നടത്തപ്പെടുന്നത്. പരമ്പരാഗത കുടിവെള്ളസ്രോതസുകളുടെ സംരക്ഷണത്തിൽ എത്രത്തോളം കാര്യക്ഷമമായി തദ്ദേശസ്ഥാപനങ്ങൾ തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങൾ നിറവേറ്റിയിട്ടുണ്ടെന്ന് ഈ റിപ്പോർട്ട് വിശദമായി പരിശോധിച്ചിട്ടുണ്ട്. കൂടാതെ ജലസ്രോതസുകൾ നേരിടുന്ന ഭീഷണികളും, തദ്ദേശസ്ഥാപനങ്ങൾ നടത്തിവരുന്ന ഗുണപരമായ ഇടപെടലുകളും റിപ്പോർട്ട് തെളിവുകൾ സഹിതം പ്രതിപാദിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ പ്രാധാന്യമർഹിക്കുന്ന ജലവിതരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ഈ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. വികേന്ദ്രീകൃതാ സൂത്രണത്തിന് ആദ്യ മൂന്ന് പദ്ധതികളിലും (9,10,11 പദ്ധതികൾ), പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷവും (2012-13) ഈ മേഖലയിൽ തദ്ദേശസ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങളെയാണ് റിപ്പോർട്ടിൽ പരിശോധിച്ചിട്ടുള്ളത്. ജലസ്രോതസുകളുടെ സംരക്ഷണം, ജലവിതരണം എന്നീ മേഖലകളിൽ ഭാരതസർക്കാർ, കേരളസർക്കാർ എന്നിവ നടത്തിയിട്ടുള്ള പഠനങ്ങൾക്കു പുറമേ, സെസ്, കേന്ദ്രഭൂജലവകുപ്പ്, കേരള ഭൂഗർഭജലവകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിശദാംശങ്ങളും ഈ റിപ്പോർട്ടിലെ നിഗമനങ്ങൾക്ക് ഉപോത്ബലകമായിട്ടുണ്ട്.

**ജലസ്രോതസുകളുടെ സംരക്ഷണം, ജലവിതരണം എന്നീ മേഖലകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകൾ**

**ഗ്രാമപഞ്ചായത്തുകൾ**

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക

- പരമ്പരാഗത കുടിവെള്ളസ്രോതസുകൾ സംരക്ഷിക്കുക.
- കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക.
- ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും, കനാലുകളും പരിരക്ഷിക്കുക.

- ജലവിതരണപദ്ധതികളുടെ നടത്തിപ്പ്.
- ജലവിതരണപദ്ധതികളുടെ സംവിധാനപ്പെടുത്തൽ.

**ജില്ലാപഞ്ചായത്ത്**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 173-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 5-ാം പട്ടിക.

- ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ജലവിതരണപദ്ധതികൾ നടപ്പാക്കുക.
- ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ ഉൾക്കൊള്ളുന്ന ജലവിതരണപദ്ധതികൾ ഏറ്റെടുക്കുക.

**മുനിസിപ്പാലിറ്റികൾ**

1994-ലെ കേരള മുനിസിപ്പൽ നിയമം 30-ാം വകുപ്പ് ഒന്നാം പട്ടിക.

- പരമ്പരാഗത കുടിവെള്ളസ്രോതസുകൾ സംരക്ഷിക്കുക.
- കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക.
- മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക.
- മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ ജലവിതരണപദ്ധതികൾ പരിപാലിക്കുക.
- മുനിസിപ്പാലിറ്റിക്കുള്ളിൽ ജലവിതരണപദ്ധതികൾ സംവിധാനപ്പെടുത്തുക.

**ഓഡിറ്റ് അധികാരം**

1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം ഓഡിറ്റിന്റെ രീതി തീരുമാനിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അധികാരമുണ്ട്. ഇനിപ്പറയുന്ന നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അധികാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനാണ്.

(1) 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്

(2) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 215(3)-ാം വകുപ്പ്

(3) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 295(3)-ാം വകുപ്പ്

(4) 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും, ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ

(5) 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും, ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ

**ഓഡിറ്റ് ലക്ഷ്യങ്ങൾ**

1. ജലസ്രോതസുകൾ നിലനിർത്തുന്നതിലും, സംരക്ഷിക്കുന്നതിലും പ്രയോജനപ്പെടുത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാണോ എന്ന് പരിശോധിക്കുക.

2. നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യഥാവിധി നിറവേറ്റിയിട്ടുണ്ടോ എന്നുള്ള പരിശോധന.

3. കുടിവെള്ള പ്രശ്നം സംബന്ധിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ പഠനങ്ങൾ നടത്തുകയും, കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുക.

4. ആസൂത്രണം, നിർവ്വഹണം എന്നിവയിലെ പിഴവുകളും, ജനപങ്കാളിത്തക്കുറവുംമൂലം കുടിവെള്ള പദ്ധതികൾ പരാജയപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുക.

5. കുടിവെള്ള പദ്ധതികളുടെ ആസ്തിസംരക്ഷണം തൃപ്തികരമാണോ എന്ന് വിലയിരുത്തുക.

6. തദ്ദേശഭരണസ്ഥാപനം നേരിട്ട് നടത്തുന്നതും, ഗുണഭോക്തൃ കമ്മിറ്റികൾ വഴി നടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം തൃപ്തികരമാണോ? മാതൃകാപരമായി പ്രവർത്തിക്കുന്ന പദ്ധതികൾ ഉണ്ടോ എന്നിവയുടെ പരിശോധന.

7. വേനൽക്കാലത്ത് കുടിവെള്ള വിതരണം നടത്തുന്നുണ്ടോ? ജലമലിനീകരണം, ജലചൂഷണം എന്നിവയുമായി ബന്ധപ്പെട്ട് പരാതികളുണ്ടോ? എന്നിവയെപ്പറ്റിയുള്ള പരിശോധനകൾ.

**ഓഡിറ്റ് മാനദണ്ഡങ്ങൾ**

ഇനിപ്പറയുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയിട്ടുള്ളത്.

(1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക, 173-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 5-ാം പട്ടിക.

(2) 1994-ലെ കേരള മുനിസിപ്പൽ നിയമത്തിലെ 30-ാം വകുപ്പിലെ 1-ാം പട്ടിക.

(3) ജി.ഒ.(എം.എസ്.)128/2007/ത.സ്വ.ഭ.വ. 14-5-2007 പ്രകാരമുള്ള 11-ാം പദ്ധതി മാർഗരേഖ.

(4) ജി.ഒ.(എം.എസ്.) 183/2007,ത.സ്വ.ഭ.വ. 24-5-2007 പ്രകാരമുള്ള 11-ാം പദ്ധതിയുടെ സബ്സിഡി മാർഗരേഖ.

(5) ജി.ഒ.(എം.എസ്.) 225/2012 ത.സ്വ.ഭ.വ. 18-8-2012 പ്രകാരമുള്ള 12-ാം പദ്ധതി മാർഗരേഖ.

(6) ജി.ഒ.(എം.എസ്.) 248/2012 തസ്വഭവ. 29-9-12 പ്രകാരമുള്ള 12-ാം പദ്ധതിയുടെ സബ്സിഡി മാർഗരേഖ.

(7) ജലസ്രോതസുകളുടെ സംരക്ഷണം, കുടിവെള്ള പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയിട്ടുള്ള വിവിധ ഉത്തരവുകൾ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.1 മുതൽ 5.1.4 വരെ)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾ പ്രത്യേക പരാമർശം കൂടാതെ സമിതി പരിഗണിച്ചു.

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് കണ്ടെത്തലുകൾ**

**ജലസ്രോതസുകളുടെ കൃത്യമായ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ല**

**പല നഗരസഭകൾക്കും നീർത്തട മാസ്റ്റർ പ്ലാനില്ല**

കുളങ്ങൾ, തോടുകൾ, കിണറുകൾ, നീർത്തടങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന ജല സ്രോതസുകളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിലെ ബഹുഭൂരിപക്ഷം തദ്ദേശസ്ഥാപനങ്ങളും നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും, അവയിലെ വിവരങ്ങൾ പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തുകൾ എല്ലാം തന്നെ നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പല നഗരസഭകളും ആയത് തയ്യാറാക്കിയിട്ടില്ല.

തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള പൊതുകുളങ്ങൾ, കിണറുകൾ എന്നിവയുടെ വിശദാംശങ്ങൾ തയ്യാറാക്കി ആസ്തി രജിസ്റ്ററിൽ ചേർക്കാൻ അധികൃതർക്ക് ഇതുവരെ സാധിച്ചിട്ടില്ല.

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന് നീർത്തടങ്ങളുടെ വിവരം വസ്തുതാപരമായി മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്താനായിട്ടില്ല.

ആലപ്പുഴ, തിരുവല്ല, തൃശ്ശൂർ, കാസറഗോഡ്, ചിറ്റൂർ-തത്തമംഗലം നഗരസഭകൾ നാളിതുവരെയായി നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല.

ചങ്ങനാശ്ശേരി നഗരസഭയിൽ നീർത്തട മാസ്റ്റർപ്ലാൻ ഇല്ല എന്നതിനു പുറമേ സ്വാഭാവിക ജലസ്രോതസുകളുടെ സ്ഥിതിവിവരക്കണക്കുകളും ലഭ്യമല്ല.

കൊച്ചി, കോട്ടയം നഗരസഭകളിൽ ജലസ്രോതസുകൾ നിരവധിയുണ്ടെങ്കിലും ഇവയുടെ വിശദാംശങ്ങൾ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.

ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ജലസ്രോതസുകളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്ത് പ്രദേശത്തുള്ള പൊതുകിണറുകൾ, തണ്ണീർത്തടങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ഒന്നും തന്നെ ഇതുവരെയായി ശേഖരിച്ചിട്ടില്ല.

**കയ്യേറ്റം നടക്കുന്ന കായൽ നീർത്തട മാസ്റ്റർ പ്ലാനിൽ ഇല്ല**

ശാസ്താംകോട്ട തടാകത്തിന്റെ പ്രധാന ജലസ്രോതസായ ചിറവൻകോട് കായൽ വ്യപകമായി കയ്യേറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ നീർത്തട മാസ്റ്റർപ്ലാനിൽ പ്രസ്തുത കായലിന്റെ വിവരങ്ങൾ ഇല്ല. ഗ്രാമപഞ്ചായത്തിന്റെ നീർത്തട മാസ്റ്റർ പ്ലാനിൽ മുതുപിലാക്കാട് നീർത്തടത്തിന്റെ ഭാഗമായി 700 മീറ്റർ നീളവും, 2 മീറ്റർ വീതിയുമുള്ള പുഞ്ചക്കായൽ തോട് സർവ്വേ നമ്പർ 13/157 പ്രകാരം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പുഞ്ചക്കായൽ തോട് എന്നു പരാമർശിച്ചിട്ടുള്ളത് ചിറവൻകോട് കായൽ ആണെന്നും, ഇവിടം വ്യാപകമായി കയ്യേറി കരകൃഷി ചെയ്യുന്നതായും തദ്ദേശവാസികൾ അറിയിച്ചു. ഈയൊരു ഭാഗത്ത് വലിയൊരു പ്രദേശം കായൽ നികത്തി റബ്ബർ ഉൾപ്പെടെയുള്ളവ കൃഷി ചെയ്തിട്ടുള്ളതായി ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ചിറവൻകോട് കായൽ എന്നറിയപ്പെടുന്ന പ്രസ്തുത ജലാശയത്തിന്റെ വിവരങ്ങൾ നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താതെ കേവലം ഒരു തോടുമാത്രമായി രേഖപ്പെടുത്തിയിരിക്കുന്നത് കയ്യേറ്റങ്ങളെ സാധൂകരിക്കാൻ ഇടയാക്കും.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5, 5.1.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**തിരുവനന്തപുരം നഗരസഭ**

50. ഉള്ളൂരിലെ കിഴവൻകര കുളവും വിഴിഞ്ഞത്തുള്ള നന്തിക്കുളവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, കുളങ്ങളെ സംബന്ധിക്കുന്ന വിശദാംശം ഇല്ലാത്തതിനാലാണ് അവ കണ്ടെത്താൻ കഴിയാത്തതെന്ന് തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

51. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ കുളങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് അറിയിച്ചിരിക്കുന്നതെന്നും എന്നാൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ

റിപ്പോർട്ടിൽ ഉള്ളൂരിലെ കിഴവൻകര കുളത്തിന്റെ പകുതി ഭാഗവും നികത്തി വാഴകൃഷി ചെയ്തിരിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നതെന്നും വിഴിഞ്ഞത്തുള്ള നന്തികുളവും കയ്യേറ്റം ചെയ്യപ്പെട്ടുകയാണെന്ന് അറിയിച്ചിട്ടുണ്ടെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. കുളങ്ങൾ കയ്യേറ്റം ചെയ്യപ്പെടുന്നത് തടയാൻ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നത് അംഗീകരിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി അതിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

52. ആസ്തി രജിസ്റ്ററിലെ സർവേ നമ്പർ പ്രകാരം നിലവിലുണ്ടായിരുന്ന ഒരു സ്ഥലം ഏത് സർവ്വേ നമ്പരിലായിരുന്നുവെന്ന് ഓഡിറ്റ് വകുപ്പ് കണ്ടെത്തിയെങ്കിലും ആയത് വകുപ്പിന് കണ്ടെത്താൻ കഴിയുന്നില്ലെന്നത് നിരുത്തരവാദപരമായ മറുപടിയാണ് എന്ന് സമിതി വ്യക്തമാക്കി.

53. നഗരസഭ ഡെപ്യൂട്ടി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 'നഗരഭൂമി' എന്ന പദ്ധതി ഏറ്റെടുത്തുവെന്നും തിരുവനന്തപുരം നഗരസഭയ്ക്ക് കീഴിലുള്ള എല്ലാ ജലസ്രോതസ്സുകളും കുളങ്ങളും കിണറുകളും അതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ 12 വർഷമായിട്ടും പരാമർശിത കുളങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ കണ്ടെത്താൻ വേറെ സംവിധാനങ്ങളൊന്നുമുണ്ടാകില്ലെന്നും ഒന്നുകിൽ കുളം നികത്തി അതിനുമുകളിൽ കെട്ടിടങ്ങളോ റോഡുകളോ വന്നിട്ടുണ്ടാകാമെന്നും അല്ലെങ്കിൽ ആയത് ലൊക്കേറ്റ് ചെയ്യുന്നതിന് സർവേ നമ്പരിന്റെ കാര്യക്ഷമതയില്ലായ്മയായിരിക്കാമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

54. നിലവിൽ 307 കുളങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും പക്ഷേ അതിൽ ഈ രണ്ട് കുളങ്ങളുടെ പേരില്ലെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു. ഏതെങ്കിലും ജലാംശമുള്ള സ്ഥലത്തെത്തിയശേഷം അത് കുളമാണെന്ന് രേഖപ്പെടുത്തിയിട്ട് കാര്യമില്ലെന്നും ആസ്തി രജിസ്റ്റർ തയ്യാറാക്കി കണ്ടെത്താത്ത സ്ഥലം എവിടെയാണെന്ന് പരിശോധിച്ച് കണ്ടെത്തുകയാണ് വേണ്ടതെന്നും ഉദ്യോഗസ്ഥരെ അയച്ച് അവിടെയൊരു കുളമുണ്ടെന്ന് മാർക്ക് ചെയ്യുകയല്ല വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു. സ്ഥലം ആരെങ്കിലും കൈവശമാക്കി വീട് വച്ചിട്ടുള്ളതോ നമ്പർ നൽകിയിട്ടുള്ളതോ ആയ കേസുണ്ടെങ്കിൽ ബോധ്യപ്പെടുത്തണമെന്നും വിഷയം നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന നിർദ്ദേശവും സമിതിയുടെ ഭാഗത്തുനിന്നുമുണ്ടായി. കൂടാതെ തിരുവനന്തപുരം കോർപ്പറേഷന്റെ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമാണോയെന്ന് ബന്ധപ്പെട്ട വകുപ്പ് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

55. പഞ്ചായത്തിലെ ആസ്തികളെല്ലാം അപ്ഡേറ്റഡാണെന്നും ആസ്തി രജിസ്റ്റർ പൂർണ്ണമാണെന്നും പറയുമ്പോഴും ആസ്തിയുടെ കൃത്യമായ വിശദാംശം അതിലുൾപ്പെടുന്നില്ലെന്നും കുളങ്ങളുടെയും തോടുകളുടെയും വിസ്തൃതി കുറയുന്നത് പ്രളയത്തിനും മറ്റും സാധ്യതയുണ്ടാക്കുമെന്നും

ആസ്തി രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ ഒരു വർഷത്തെ ഗ്രാന്റിൽ കുറവുവരുന്നുണ്ടെന്നും മുൻവർഷത്തെ ആസ്തി രജിസ്റ്ററിലെ കൃത്യതയില്ലായ്മകൊണ്ട് അതിനുമുമ്പ് കിട്ടിയ തുകയേക്കാൾ ഗ്രാന്റ് കുറഞ്ഞു പോയതിനാൽ പ്രസ്തുത തുക തുല്യപ്പെടുത്തിക്കൊടുക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

56. ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാണിച്ച വിധത്തിലുള്ള അനാസ്ഥ തിരുവനന്തപുരം നഗരസഭയിലുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

57. ജി.ഐ.എസ്. മാപ്പിംഗ് ചെയ്തിട്ടുണ്ടെങ്കിലും ആയത് നടത്തിയതിലുള്ള അപാകത പരിശോധിക്കണമെന്നും രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ കുളത്തിന് നിലവിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെയത്ര വിസ്തൃതി ഉണ്ടാകില്ലെന്നും ആ സ്ഥലത്ത് പഴയ റോഡിനുപകരം ഡീവിയേഷനുള്ള റോഡ് വരുമ്പോൾ കുളം നിലനിന്നിരുന്ന സ്ഥലം ആരുടെയെങ്കിലും കൈവശത്താകുമെന്നും ഇക്കാരണത്താൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽനിന്നും തിരുവനന്തപുരം നഗരസഭയെ ഒഴിവാക്കാൻ സാധിക്കില്ലെന്നും സമിതി വ്യക്തമാക്കി.

**കൊല്ലം നഗരസഭ**

**ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

58. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ചിറവൻകോട് കായലും പുഞ്ചക്കായലും ഉൾപ്പെട്ട കായലിലേയ്ക്ക് പതിക്കുന്ന ഒരു ചെറിയ തോടിനെ കായലാണെന്ന് തെറ്റിദ്ധരിച്ച് ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെടുത്തിയതാണെന്നും തോടിന്റെ സർവേ നമ്പർ മാത്രമാണ് ആദ്യത്തെ മാസ്റ്റർ പ്ലാനിലുണ്ടായിരുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

59. സർക്കാർ മുതൽ സംരക്ഷിക്കുന്നതിൽ ജനപ്രതിനിധികളും ഗവൺമെന്റ് ഉദ്യോഗസ്ഥരും തുല്യമായി ബാധ്യസ്ഥരാണെന്ന് അഭിപ്രായപ്പെട്ട സമിതി കായൽ നികത്തുന്നത് ആവർത്തിക്കാതിരിക്കണമെന്നും ഭൂമി അന്യാധീനപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിക്കണമെന്നും പ്രകൃതിയെ സംരക്ഷിക്കാൻ വേണ്ടിയുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കണമെന്നും അപ്രകാരം ആവിഷ്കരിക്കുമ്പോൾ ആയത് നിലനിർത്താൻ കഴിയുന്ന രീതിയിൽ ആയിരിക്കണമെന്നും നിർദ്ദേശിച്ചു.

60. ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച ശേഷം തുടർനടപടി സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

**ആലപ്പുഴ നഗരസഭ**

61. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അമൃത് പദ്ധതിയിലുൾപ്പെടുത്തി ഡ്രാഫ്റ്റ് മാസ്റ്റർ പ്ലാൻ പുതുതായി തയ്യാറാക്കിയിട്ടുണ്ടെന്നും അതിൽ നീർത്തടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആലപ്പുഴ നഗരസഭ സെക്രട്ടറി അറിയിച്ചു. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**തിരുവല്ല നഗരസഭ**

62. മാസ്റ്റർപ്ലാൻ സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടെങ്കിലും ഇതുവരെലഭിച്ചിട്ടില്ലെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് അടിയന്തരമായി സമർപ്പിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ബോധിപ്പിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചതിന്റെ റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**തൃശ്ശൂർ നഗരസഭ**

63. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്ന തൃശ്ശൂർ നഗരസഭയുടെ മറുപടി സമിതി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു. കൂടാതെ മറുപടിയുടെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

**കാസർഗോഡ് നഗരസഭ**

64. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് കാലതാമസം വരുന്നതിന് കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന്, ജി.ഐ.എസ്. മാപ്പിംഗിന്റെ പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്നും നീർത്തട മാസ്റ്റർ പ്ലാൻ ഉടൻ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്നും കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി-ഇൻ-ചാർജ്ജ് അറിയിച്ചു. 2022-23 വർഷം ജി.ഐ.എസ്. മാപ്പിംഗിനുവേണ്ടിയുള്ള പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത് എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

65. നീർത്തട മാസ്റ്റർ പ്ലാനിന് ഒരു നിയതമായ രൂപമുണ്ടെന്നും അത് കൃത്യമായി നടപ്പാക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനമുള്ളവരും ഏജൻസികളും ഉണ്ടാകണമെന്നും നഗരവികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുപോലെ ബുദ്ധിമുട്ടുള്ള ഒന്നല്ല നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ എന്നും അഭിപ്രായപ്പെട്ട സമിതി ജി.ഐ.എസ്. മാപ്പിംഗും നീർത്തട മാസ്റ്റർ പ്ലാനും പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലേയെന്നും അത്

സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതെന്തുകൊണ്ടെന്നും ആരാഞ്ഞു. അടുത്ത കാലത്തിറങ്ങുന്ന സർക്കാർ ഉത്തരവുകളിലും ഗൈഡ്ലൈനുകളിലും ജല സ്രോതസ്സുകളും കിണറുകളും ഉൾപ്പെടെയുള്ളവ കൃത്യമായി വിവരശേഖരണം നടത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി മാപ്പിംഗ് നടത്താനുള്ള നിർദ്ദേശം നൽകിയിരുന്നുവെന്നും ഓരോ വർഷവും പദ്ധതികൾ ഏറ്റെടുക്കുന്നുണ്ടെങ്കിലും പല കാരണങ്ങൾ കൊണ്ട് അവ ആരംഭിക്കാൻ കഴിയാതെ വരികയും ആരംഭിച്ചവ പാതിവഴിയിൽ നിർത്തേണ്ടിവരികയും ചെയ്തിട്ടുണ്ടെന്നും 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഐ.എസ്. മാപ്പിംഗ് നടപ്പിലാക്കുന്നതിനായി ഗ്രാമീണ പഠന കേന്ദ്രത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും അതുമായി ബന്ധപ്പെട്ട കുറേ വിവരങ്ങൾ ലഭിക്കേണ്ടതായിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

66. നീർത്തട മാസ്റ്റർ പ്ലാൻ എത്ര സമയത്തിനുള്ളിൽ തയ്യാറാക്കി സമർപ്പിക്കാൻ സാധിക്കുമെന്ന് സമിതി ആരാഞ്ഞതിന് രണ്ട് മാസത്തിനകം സമർപ്പിക്കുന്നതാണെന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി-ഇൻ-ചാർജ് അറിയിച്ചു. മാസ്റ്റർ പ്ലാൻ എത്രയും വേഗം തയ്യാറാക്കി സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണെന്നും അതുമായി ബന്ധപ്പെട്ട പ്രവർത്തനം നഗരസഭയിലെ ആറ് വാർഡുകളിലൊഴികെ പൂർത്തിയാക്കിയിട്ടുണ്ടെന്നും ആറ് വാർഡുകളുടെ പ്രവർത്തനം മാത്രമേ അവശേഷിക്കുന്നുള്ളൂവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കാസർഗോഡ് അഡീഷണൽ ഡയറക്ടർ തദവസരത്തിൽ സമിതിയെ ബോധിപ്പിച്ചു.

67. ജി.ഐ.എസ്. മാപ്പിംഗ് നടപ്പാക്കുന്നതിനായി നഗരസഭ ഗ്രാമീണ പഠന കേന്ദ്രത്തെ ഏൽപ്പിച്ചപ്പോൾ ആയത് പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിക്കേണ്ട തായിരുന്നുവെന്നും ആറ് വാർഡിന്റേതുകൂടി പൂർത്തിയാക്കിയാലേ മാസ്റ്റർപ്ലാൻ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനിന്റെ ഭാഗമായാണ് പലയിടങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു. ഏജൻസികൾക്കായി എന്തെങ്കിലും കോമ്പിറ്റൻസി ഗൈഡ്ലൈൻസ് നിലവിലുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ഗൈഡ്ലൈൻസ് നിലവിലുണ്ടെന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി-ഇൻ-ചാർജ്ജ് മറുപടി നൽകി.

### ചിറ്റൂർ - തത്തമംഗലം നഗരസഭ

68. നീർത്തട മാസ്റ്റർ പ്ലാൻ രണ്ട് മാസത്തിനുള്ളിൽ തയ്യാറാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**ചങ്ങനാശ്ശേരി നഗരസഭ**

69. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. 2012-13 കാലഘട്ടത്തിലെ ഓഡിറ്റ് നിരീക്ഷണത്തിന്മേൽ പല സ്ഥാപനങ്ങളും നിലവിലും മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല എന്ന് സമിതി വിലയിരുത്തി.

70. ഇത് നഗരസഭാ കൗൺസിലിന്റെ ഭാഗത്തുനിന്നുള്ള അലംഭാവമാണെന്നും കൗൺസിൽ ഒരു ഏജൻസിയെ ചുമതലപ്പെടുത്തി അവരുമായി എഗ്രിമെന്റ് വച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ അടുത്ത കൗൺസിൽ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചപ്പോൾ നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രോജക്ട് വച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**കൊച്ചി നഗരസഭ**

71. 2014-ലെ ഓഡിറ്റിന് തൊട്ടുമുമ്പാണ് ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളതെന്നും പുതിയതായി ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി മുൻവർഷം ജനുവരിയിൽ കൗൺസിൽ തീരുമാനിക്കുകയും ആയതിൻ പ്രകാരം ജോലി ആരംഭിക്കുകയും ചെയ്തുവെന്നും എന്നാൽ 2021-23 കാലയളവിൽ നല്ല രീതിയിൽ മുന്നോട്ടുപോകാൻ സാധിക്കാത്തതിനാൽ ഒരു ഏജൻസിയെ കണ്ടെത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ചാണ് പരിശോധിക്കുന്നതെന്നും പ്രസ്തുത മറുപടി ഓഡിറ്റിന് നൽകിയിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു. ആസ്തി രജിസ്റ്റർ തയ്യാറാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**കോട്ടയം നഗരസഭ**

**പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്ത് (ഇടുക്കി)**

72. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**കയ്യേറ്റം നടക്കുന്ന കായൽ നീർത്തട മാസ്റ്റർ പ്ലാനിൽ ഇല്ല**

**ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

73. ശാസ്താംകോട്ട കായലിനെ സംബന്ധിച്ച സർവ്വേ പൂർത്തീകരിച്ചിട്ടില്ലെന്നും കയ്യേറ്റംമൂലം കായലിന്റെ വിസ്തൃതി കുറഞ്ഞിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. ശാസ്താംകോട്ട

കായലിന്റെ ശുദ്ധീകരണത്തിനുവേണ്ടി പ്രോജക്ടുകൾ എന്തെങ്കിലും നിലവിലുണ്ടോ എന്ന് സമിതി തുടർന്ന് ആരാഞ്ഞു.

74. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു ഇന്നൊവേറ്റീവ് പ്രോജക്ട് തയ്യാറാക്കി സോയിൽ കൺസർവ്വേഷൻ വിഭാഗത്തെ ഏൽപ്പിച്ചിരുന്നെന്നും പ്രോജക്ടുമായി മുന്നോട്ടുപോകവേ ഓഡിറ്റ് വകുപ്പിന്റെ ഒബ്ജക്ഷൻ വരുമെന്ന ധാരണയിൽ സോയിൽ കൺസർവ്വേഷൻ വിഭാഗത്തിലെ ജില്ലാ ഓഫീസർ സ്ഥലം മാറ്റം വാങ്ങി പോയതിനാൽ പ്രോജക്ട് മുടങ്ങിയെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി.

75. ജില്ലാ പഞ്ചായത്തിന്റേതല്ലാതെ ഇറിഗേഷൻ വിഭാഗവുമായും മറ്റും ചേർന്ന് സർക്കാർ നേരിട്ട് നടത്തുന്ന ഏതെങ്കിലും പ്രോജക്ട് നിലവിലുണ്ടോ എന്ന് സമിതി ആരാഞ്ഞു. ശാസ്താംകോട്ട തടാകത്തിനടിയിൽ ഒരു ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തി വളരെ പഴക്കംചെന്ന കാസ്റ്റ്അയൺ പൈപ്പുകൾ മുഴുവൻ എടുത്തുമാറ്റിയിട്ടുണ്ടെന്നും സർവ്വേയുടെ ഭാഗമായി അടിയിൽ ഉറവകളിൽ അടിഞ്ഞിരിക്കുന്ന സിൽറ്റ് നീക്കം ചെയ്യാനുള്ള പ്രോജക്ട് നടപ്പിലാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും ആയത് നടപ്പാക്കുന്നതിന് കൂടുതൽ പണം ആവശ്യമായി വരുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

76. ശാസ്താംകോട്ട കായലിന്റെ അതിർത്തി കണ്ടെത്തി യഥാർത്ഥത്തിലുള്ള വിസ്തൃതി കണ്ടുപിടിക്കുകയും കയ്യേറ്റം ഉണ്ടെങ്കിൽ ഒഴിപ്പിക്കുകയും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുകയും വേണമെന്ന് സമിതി നിർദ്ദേശിച്ചു.

77. 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം കായലുകൾ സംരക്ഷിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെന്നും ഒരു പഞ്ചായത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന വിഷയമല്ലാത്തതിനാൽ ഇതിനോട് ചേർന്ന എല്ലാ പഞ്ചായത്തുകളെയും കൂട്ടിയോജിപ്പിച്ച് ഒരു പദ്ധതി തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

78. പഞ്ചായത്തിനെ കൂടാതെ വിവിധ വകുപ്പുകൾ ഏകോപിച്ച് വെറ്റ് ലാന്റ് അതോറിറ്റി, കേരള എന്ന സ്ഥാപനത്തെയും ഉൾപ്പെടുത്തി പരിഹരിക്കേണ്ടുന്ന വിഷയമാണിതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ വിശദീകരിച്ചു. റവന്യൂ വകുപ്പ് തടാകത്തിന്റെ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തി നൽകണമെന്നും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പോലീസ് നടപടി സ്വീകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

79. പ്രത്യേക ഫണ്ട് നീക്കിവച്ച് സംയുക്ത പ്രോജക്ടിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടെന്നും പഞ്ചായത്തുകൾ പദ്ധതി സമർപ്പിക്കാത്തതിനാൽ ബജറ്റിൽ അനുവദിച്ച 40 കോടി വിനിയോഗിക്കാതെയിരിക്കുകയാണെന്നും സംയുക്ത പ്രോജക്ട് സമർപ്പിച്ചാൽ പരമാവധി 2 കോടി രൂപ വരെ അനുവദിക്കുന്നതാണെന്നും പ്രസ്തുത പദ്ധതി ഒരു

പഞ്ചായത്തു പോലും നടപ്പാക്കുന്നില്ലെന്നുള്ളതാണ് വിഷയമെന്നും സമിതി വിലയിരുത്തി. ശാസ്താംകോട്ട കായലിനു വേണ്ടി ഒരു സംയുക്ത പ്രോജക്ട് രൂപീകരിച്ചാൽ വ്യത്യസ്ത വകുപ്പുകളിലെ ഫണ്ടും പ്രസ്തുത ആവശ്യത്തിനായി പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നും അത്തരമൊരു ശ്രമത്തിന് സാധിക്കില്ലേയെന്നും സമിതി ആരാഞ്ഞു.

80. ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ഭാഗമായി 1,30,00,000 രൂപയുടെ ടൂറിസം പ്രോജക്ടിന് ഡി.പി.ആർ. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത സ്ഥലത്ത് സാമൂഹ്യവിരുദ്ധർ താവളമാക്കിയിട്ടുള്ളതിനാൽ ലൈറ്റും സി.സി.ടി.വി. ക്യാമറകളും സ്ഥാപിക്കേണ്ടതുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. പ്രോജക്ട് ആരംഭിക്കുന്നതിന് മുമ്പായി അവിടെ നിലനിൽക്കുന്ന കയ്യേറ്റം ഒഴിപ്പിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. കൂടാതെ ശാസ്താംകോട്ട കായലിന്റെ വിഷയം സമിതി നിർദ്ദേശമായി നിയമസഭയുടെ മുന്നിൽ സമർപ്പിക്കുന്നതിനുവേണ്ടി കൊല്ലം ജില്ലയിൽ സന്ദർശനം നടത്താൻ സമിതി തീരുമാനിച്ചു. പഞ്ചായത്തിന്റെ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകുന്നതിനും സമിതി നിർദ്ദേശിച്ചു.

81. ജലസ്രോതസ്സുകളെ ശക്തിപ്പെടുത്താനുള്ള കമ്പോണന്റ് എം.ജി.എൻ.ആർ. ഇ.ജി.എസ്.-ലുണ്ടെന്നും ബന്ധപ്പെട്ട പഞ്ചായത്തുകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ കീഴിൽ കൊണ്ടുവരുന്നതിന്റെ സാധ്യത പരിശോധിക്കാമെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

82. ശാസ്താംകോട്ട ബ്ലോക്ക് എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന് കീഴിലായതിനാൽ ആ ബ്ലോക്ക് ഏറ്റെടുത്താൽ അതിന്റെ പരിധിയിലുള്ള പഞ്ചായത്തുകളെല്ലാം വാട്ടർ ഷെഡ്ഡിന് കീഴിൽ വരുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

83. റവന്യൂ വകുപ്പിന്റെ സഹായത്തോടെ സർവ്വേ നടത്തി ശാസ്താംകോട്ട തടാകം, ചിറവൻകോട് കായൽ, പുഞ്ചക്കായൽ എന്നിവയുടെ വിസ്തൃതി/അതിരുകൾ കൃത്യമായി നിർണ്ണയിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ശാസ്താംകോട്ട കായലിന് അനുയോജ്യമായ സംയുക്ത പ്രോജക്ട് സമർപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**84. തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള പരാമർശിത ജലസ്രോതസ്സുകൾ കഴിഞ്ഞ 12 വർഷമായിട്ടും കണ്ടെത്താൻ സാധിക്കാത്തത് ബന്ധപ്പെട്ട വകുപ്പുകളുടെ കാര്യക്ഷമതയില്ലായ്മയെ സൂചിപ്പിക്കുന്നു എന്ന് സമിതി വിലയിരുത്തുന്നു. തിരുവനന്തപുരം കോർപ്പറേഷന്റെ ആസ്തി രജിസ്റ്റർ തയ്യാറാക്കി കണ്ടെത്താത്ത സ്ഥലം എവിടെയാണെന്ന്**

**പരിശോധിച്ച് കണ്ടെത്തണമെന്നും സ്ഥലം ആരെങ്കിലും കൈവശമാക്കി വീട് വച്ചിട്ടുള്ളതോ നമ്പർ നൽകിയിട്ടുള്ളതോ ആയ കേസുണ്ടെങ്കിൽ ബോധ്യപ്പെടുത്തണമെന്നും ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമാണോയെന്ന് ബന്ധപ്പെട്ട വകുപ്പ് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

85. **ശാസ്താംകോട്ട കായലിന്റെ അതിർത്തി കണ്ടെത്തി യഥാർത്ഥത്തിലുള്ള വിസ്തൃതി കണ്ടുപിടിക്കുകയും കയ്യേറ്റം ഉണ്ടെങ്കിൽ ഒഴിപ്പിക്കുകയും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുകയും വേണമെന്ന് സമിതി നിർദേശിക്കുന്നു. റവന്യൂ വകുപ്പിന്റെ സഹായത്തോടെ സർവ്വേ നടത്തി ശാസ്താംകോട്ട തടാകം, ചിറവൻകോട് കായൽ, പുഞ്ചക്കായൽ എന്നിവയുടെ വിസ്തൃതി/അതിരുകൾ കൃത്യമായി നിർണ്ണയിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ ശാസ്താംകോട്ട കായലിന് അനുയോജ്യമായ പ്രോജക്ട് സമർപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

86. **കായൽ നികത്തുന്നത് ആവർത്തിക്കാതിരിക്കണമെന്നും ഭൂമി അന്യാധീനപ്പെട്ടു പോയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിക്കണമെന്നും പ്രകൃതിയെ സംരക്ഷിക്കാൻ വേണ്ടിയുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കണമെന്നും അപ്രകാരം ആവിഷ്കരിക്കുമ്പോൾ ആയത് നിലനിർത്താൻ കഴിയുന്ന രീതിയിൽ ആയിരിക്കണമെന്നും കൊല്ലം ജില്ലയിലെ നീർത്തടങ്ങളുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ സമിതി നിർദ്ദേശിക്കുന്നു.**

87. **കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

88. **ആലപ്പുഴ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

89. **തിരുവല്ല നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചതിന്റെ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

90. **നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്ന തൃശ്ശൂർ നഗരസഭയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**91. കാസർഗോഡ് നഗരസഭയിൽ നീർത്തട മാസ്റ്റർ പ്ലാൻ സമയബന്ധിതമായി തയ്യാറാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കാസർഗോഡ് നഗരസഭയുമായി ബന്ധപ്പെട്ട് ജി.ഐ.എസ്. മാപ്പിംഗ് നടപ്പാക്കുന്നതിനായി നഗരസഭ ഗ്രാമീണ പഠന കേന്ദ്രത്തെ ഏൽപ്പിച്ചപ്പോൾ ആയത് പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിക്കേണ്ടതായിരുന്നുവെന്നും ആറ് വാർഡിന്റേതുകൂടി പൂർത്തിയാക്കിയാലേ മാസ്റ്റർപ്ലാൻ പ്രോജക്റ്റ് ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനിന്റെ ഭാഗമായാണ് പലയിടങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ജി.ഐ.എസ്. മാപ്പിംഗിനുവേണ്ടിയുള്ള പ്രോജക്റ്റ് ഏറ്റെടുത്തിട്ടുള്ളത് എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**92. ചിറ്റൂർ - തത്തമംഗലം നഗരസഭയുമായി ബന്ധപ്പെട്ട നീർത്തട മാസ്റ്റർ പ്ലാൻ രണ്ട് മാസത്തിനുള്ളിൽ തയ്യാറാക്കണമെന്ന നിർദേശത്തോടെ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**93. 2012-13 കാലഘട്ടത്തിലെ ഓഡിറ്റ് നിരീക്ഷണത്തിന്മേൽ പല സ്ഥാപനങ്ങളും നിലവിലും മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. ചങ്ങനാശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ നടപ്പു സാമ്പത്തിക വർഷം തന്നെ പ്രോജക്റ്റ് വച്ച് ആവശ്യമായ നടപടി കൈക്കൊള്ളണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**94. കൊച്ചി നഗരസഭയുമായി ബന്ധപ്പെട്ട ആസ്തി രജിസ്റ്റർ തയ്യാറാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**95. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോട്ടയം നഗരസഭ, ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജലസ്രോതസുകൾ മാലിന്യക്കൂമ്പാരങ്ങളായി**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 218-ാം വകുപ്പുപ്രകാരം നദികൾ ഒഴികെ തദ്ദേശസ്ഥാപനത്തിന്റെ പരിധിയിലുള്ള എല്ലാ ജലസ്രോതസുകളും, ജലസംഭരണികളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. 2008-ലെ നീർത്തട സംരക്ഷണ നിയമം, കൂടുതൽ ഭൂമി കൃഷിയോഗ്യമാക്കുന്നത് സംബന്ധിച്ചുള്ള സർക്കാരിന്റെ 16-6-2008-ലെ

38651/ഡി.എ.1/2008/ തസ്വഭവ നമ്പർ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം, തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പൊതുകുളങ്ങളും, കിണറുകളും തോടുകളും ശരിയായി സംരക്ഷിക്കപ്പെടുന്നില്ല എന്നു മാത്രമല്ല, ജലസ്രോതസുകൾ മലിനമാകുന്നത് തടയാൻ ക്രിയാത്മകമായ ഇടപടലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുമില്ല. കേരളത്തിലെ സ്വാഭാവിക ജലസ്രോതസുകളിൽ ഏറിയപങ്കും മാലിന്യങ്ങൾ നിറഞ്ഞു കിടക്കുന്നു. ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന ജലസ്രോതസുകളിൽ മാലിന്യങ്ങൾ നിറഞ്ഞു കിടക്കുന്നു. നാലാം വാർഡിലുള്ള ഭൂതക്കാവ് കുളം പൊതു ജനാരോഗ്യത്തിന് ഭീഷണിയാവും വിധം മലിനമാണ്. ചീഞ്ഞളിഞ്ഞ ജൈവമാലിന്യങ്ങൾ നിറഞ്ഞ ഈ കുളം ഏതാണ്ട് നികത്തിയ നിലയിലാണ്. പതിനൊന്നാം വാർഡിലെ (കോട്ടയ്ക്കകം) കാമ്പിയിൽ കുളത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞു കിടക്കുന്നു. 21-ാം വാർഡിലുള്ള തെക്കേച്ചിറക്കുളവും പായൽ മൂടിക്കിടക്കുന്നു.

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ പ്രധാന ജലസ്രോതസുകളിൽ ഒന്നായ താമരക്കുളം വൃത്തിയാക്കിയിട്ട് 20 വർഷത്തിലേറെയായി. നിലവിൽ പുല്ലുകൾ വളർന്ന് മൂടിയ നിലയിലാണ് കുളം. പുളിയത്ത്മുക്ക് പവർഹൗസ് ജംഗ്ഷനിലെ നായരുകുളം കുളവാഴകൾ നിറഞ്ഞ നിലയിലാണ്.

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രമപഞ്ചായത്ത് ഓഫീസിന്റെ മുൻവശത്തുള്ള കരിക്കനാൽ തോട് മുൻപ് ജലസേചനത്തിനായി ഉപയോഗിച്ചിരുന്നതാണ്. നിലവിൽ ഈ കനാൽ ശോചനീയാവസ്ഥയിലാണ്. മൂവാറ്റുപുഴയാറിൽ നിന്നും അനധികൃത മണൽഖനനവുമായി ബന്ധപ്പെട്ട് പോലീസ് പിടിച്ചെടുത്ത വള്ളങ്ങൾ കനാലിന്റെ പലഭാഗങ്ങളിലും കിടക്കുന്നത് നീരൊഴുക്ക് തടസ്സപ്പെടുത്തുന്നു. ചന്തയിലെ മാലിന്യങ്ങൾ തള്ളുന്നതിനാൽ ജലം മലിനമാണ്. പഴയകാലത്തെ പ്രധാന ജലഗതാഗതമാർഗ്ഗമായിരുന്ന ഗ്രാമപഞ്ചായത്തിലെ കുറുന്തറപ്പുഴ നിലവിൽ പായൽ മൂടിയ നിലയിലാണ്.

കോട്ടയം നഗരസഭയിൽ ചിങ്ങവനം മാർക്കറ്റിനടുത്ത് സ്ഥിതിചെയ്യുന്ന 40 അടിയോളം വീതിയുള്ള പുഴക്കരത്തോട് ജലസമൃദ്ധമാണെങ്കിലും ദുർഗന്ധം വമിക്കും വിധം മാലിന്യങ്ങൾ കുന്നുകൂടിയ നിലയിലാണ്. തോടിന്റെ ഓരത്തുള്ള ഫാക്ടറിയിലെ മാലിന്യങ്ങൾ ഇവിടേക്ക് തള്ളുന്നത് തടയാൻ നഗരസഭ നടപടിയെടുത്തിട്ടില്ല.

ചങ്ങനാശ്ശേരി നഗരസഭയിലെ 16 പൊതുകുളങ്ങളിൽ ഭൂരിഭാഗവും ഉപയോഗയോഗ്യമല്ല. നഗരസഭയുടെ 35-ാം വാർഡിലുള്ള താമരക്കുളം ജലസമൃദ്ധമാണെങ്കിലും കളകൾ മൂടിക്കിടക്കുന്നു. മൂന്നാം വാർഡിലെ നരിക്കുളം ചെളിയും, മാലിന്യങ്ങളും നിറഞ്ഞ

നിലയിലാണ്. 29-ാം വാർഡിലെ ചിത്രക്കുളം നവീകരിക്കാൻ 2012-13-ൽ നഗരസഭ 3,97,617 രൂപ ചെലവഴിച്ചുവെങ്കിലും, നിലവിൽ കുളം പോളകൾ നിറഞ്ഞും, ചുറ്റുപാടും കാടു പിടിച്ചും കിടക്കുകയാണ്.

എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിലെ പ്രധാന ജല സ്രോതസാണ് 9-ാം വാർഡിലുള്ള വെളുത്തേടൻ ചിറ. വർഷങ്ങളായി ചിറ പരിപാലിക്കാനുള്ള യാതൊരു നടപടികളും ഇല്ലാത്തതിനാൽ കളകളും, പായലും കാടും നിറഞ്ഞ് നാശോന്മുഖമാണ്.

ജലഗതാഗതത്തിന് മുൻകാലത്ത് ഉപയോഗിച്ചിരുന്ന കൊച്ചി നഗരത്തിലെ കനാലുകൾ എല്ലാം തന്നെ നിലവിൽ മാലിന്യക്കൂമ്പാരങ്ങളായി മാറിയിരിക്കുന്നു.

പെരുമ്പാവൂർ നഗരസഭയിലെ 150 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള പാലുകുളം മണ്ണിടിഞ്ഞ് നികന്ന നിലയിലാണ്. നഗരസഭയിലെ ജലസമൃദ്ധമായ ആയിത്തറക്കുളം, പാങ്കുളം എന്നിവ പായൽ മൂടിക്കിടക്കുന്നു.

**സാധ്യതാപഠനം നടത്താതെ ബോട്ട് ക്ലബ് തുടങ്ങി ; കുളങ്ങൾ മലിനമായി**

തിരുവനന്തപുരം നഗരമധ്യത്തിലുള്ള കവടിയാറിലെ ടെന്നീസ് എൻക്ലേവ് കുളം, മുട്ടടയിലെ ആലപ്പുറം കുളം എന്നിവ 2008-09 വർഷത്തിൽ യഥാക്രമം 32 ലക്ഷം രൂപ, 45 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിച്ച് പാർക്കും, ബോട്ടിംഗ് ക്ലബുമായി നവീകരിക്കുകയുണ്ടായി. എന്നാൽ ഇരുകുളങ്ങളുടെയും വിസ്തീർണ്ണം ബോട്ടിംഗ് ക്ലബ് നടത്താൻ അനുയോജ്യമാണോ എന്നുള്ള സാധ്യതാപഠനം നടത്താതെ ധൃതിയിൽ പദ്ധതി നടപ്പാക്കുകയായിരുന്നു. ടൂറിസത്തിന് യാതൊരു സാധ്യതയുമില്ലാതെ ജനവാസകേന്ദ്രങ്ങളിൽ ആവിഷ്കരിച്ച പദ്ധതി പൂർണ്ണമായി ആരംഭിക്കുന്നതിനു മുൻപ് തന്നെ അടച്ചുപൂട്ടി. നിലവിൽ, ബോട്ടുക്ലബുകൾക്കായി വാങ്ങിയ ബോട്ടുകൾ തുരുമ്പെടുത്തും , ജീർണ്ണിച്ചും ഈ കുളങ്ങളെ മലിനമാക്കിക്കൊണ്ടിരിക്കുന്നു.

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ പതിനൊന്നാം വാർഡിലെ തലക്കുളം, 9-ാം വാർഡിലെ പേക്കാച്ചിക്കുളം എന്നിവ മാലിന്യങ്ങൾ നിറഞ്ഞും പൊതുകുളം പോളമൂടിയ നിലയിലുമാണ്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ തോടായ മരക്കാടി തോട് വശങ്ങൾ ഇടിഞ്ഞ്, പ്ലാസ്റ്റിക്കും, ഖരമാലിന്യങ്ങളും നിറഞ്ഞ് തോടിന്റെ ഒഴുക്ക് നിലച്ചിരിക്കുകയാണ്.

മാവൂർ ഗ്രാമപഞ്ചായത്തിലെ പള്ളിയോൾക്കുളം, കീഴ്പാറ്റുകുളം എന്നിവ പായൽ നിറഞ്ഞ് ഉപയോഗശൂന്യങ്ങളാണ്.

കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ പലതോടുകളും പാർശ്വഭിത്തികൾ ഇടിഞ്ഞ് കാടുമൂടിയ നിലയിലാണ്.

വടകര നഗരസഭയിലെ കോട്ടക്കുളം വശങ്ങൾ ഇടിഞ്ഞ് മണ്ണ് നിറഞ്ഞും, പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇവിടേയ്ക്ക് തള്ളിയ നിലയിലുമാണ്. നഗരത്തിലെ ബമ്മിണിത്തോട്, കരിമ്പനത്തോട് എന്നിവയും കോഴിക്കോട് കോർപ്പറേഷൻ പ്രദേശത്തെ താമരക്കുളം, ഗരുഡൻകുളം, ഇരട്ടച്ചിറ, മുണ്ടകൻ കുളം എന്നിവയും മലിനമായി ഉപയോഗിക്കാനാവാതെ കിടക്കുന്നു.

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിലെ ഏലിപ്രം തോട് അരികുകൾ ഇടിഞ്ഞ് നാശോന്മുഖമാണ്. 13-ാം വാർഡിലെ വലിയതോടും, 12-ാം വാർഡിലെ വിളക്കത്താം വയൽ തോടും മാലിന്യം നിറഞ്ഞ നിലയിലാണ്.

പിണറായി ഗ്രാമപഞ്ചായത്തിന്റെ ഏഴാം വാർഡിലെ ചിറയിൽക്കുളം, മൂന്നാം വാർഡിലെ ചേരിക്കൽ കുളം എന്നിവ മലിനമാണ്. അഞ്ചാം വാർഡിലെ ഒതയോത്ത് കുളത്തിന്റെ മധ്യഭാഗത്ത് മണ്ണും, പായലും, മാലിന്യങ്ങളും കൂടിക്കിടക്കുന്നു. രണ്ടാം വാർഡിലെ കയ്യാടിക്കുളം കാട്ടുമൂടിയ നിലയിലും പാറമ്മേൽ തോട്, കമ്പനിമെട്ട – വെങ്ങിലാട്ട് തോട് എന്നിവ മാലിന്യങ്ങൾ നിറഞ്ഞും കിടക്കുന്നു.

ചെറുകുന്ന് ഗ്രാമപഞ്ചായത്തോഫീസിന് സമീപത്തെ മൂലക്കുളം മാലിന്യങ്ങൾ നിറഞ്ഞ് കാട്ടുമൂടിക്കിടക്കുന്നു. ഗ്രാമപഞ്ചായത്തിലെ തോട്ടാത്തോട്, വലിയതോട്, ഒദയമ്മാടം തോട് എന്നിവ മാലിന്യങ്ങൾ നിറഞ്ഞുകിടക്കുകയാണ്.

**ജലസ്രോതസുകൾ നശിച്ചു ; കൃഷിയിടങ്ങൾ നിർജ്ജീവമായി**

തിരുവനന്തപുരം നഗരസഭാപ്രദേശത്തുള്ള കുളങ്ങളിലെ ജലസേചനസൗകര്യം പ്രയോജനപ്പെടുത്തി സമീപകാലം വരെ മികച്ചരീതിയിൽ നെൽകൃഷി നടന്നു വന്നിരുന്നു. എന്നാൽ നഗരവികസനമെന്ന പേരിൽ മിക്ക ജലസ്രോതസുകളും ചെളിക്കുളങ്ങളും, മാലിന്യവാഹികളും ആയി മാറിയതോടെ ഇവയോടനുബന്ധിച്ചുണ്ടായിരുന്ന കൃഷിയിടങ്ങളും നിർജ്ജീവമായി. ഉദാഹരണത്തിന്, നേമം മേഖലയിലെ ശിവൻകോവിൽ കുളം, പാറേക്കോട് കുളം, മടവിളാകം കുളം, കൊലകുടിയൂർക്കോണം കുളം എന്നിവ മാലിന്യങ്ങൾ നിറഞ്ഞ് നാശോന്മുഖമായതോടെ ഈ പ്രദേശത്തെ നെൽകൃഷി പൂർണ്ണമായി നിലച്ചിരിക്കുകയാണ്.

തലശ്ശേരി നഗരസഭയിലെ പ്രധാന ജലസ്രോതസുകളായ ചാമക്കുളം, വണ്ണത്താൻ കുളം എന്നിവ പായലും, ചെളിയും നിറഞ്ഞുകിടക്കുകയാണ്.

കണ്ണൂർ നഗരസഭയിലെ പടന്നത്തോട്ടിൽ വെള്ളം കെട്ടിനിന്ന് കൊതുകുകളുടെ കേന്ദ്രമായി മാറിയിരിക്കുന്നു. ആസ്പത്രികൾ/ഹോട്ടലുകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ ഇവിടേയ്ക്കാണ് തള്ളുന്നത്. ചൊവ്വാത്തോട്ടിലെ നീരൊഴുക്ക് പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും നിറഞ്ഞ് തടസ്സപ്പെട്ടിരിക്കുന്നു.

**ഓഡിറ്റിന്റെ രീതിയും വ്യാപ്തിയും**

കേരളത്തിലെ 68 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 9,10,11 പദ്ധതിക്കാലയളവുകളിലും പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷവും (2012-13) ജലസ്രോതസുകളുടെ സംരക്ഷണം, കുടിവെള്ള പദ്ധതികൾ എന്നീ മേഖലകളിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങളാണ് പഠനവിധേയമാക്കിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിൽ പ്രവർത്തനക്ഷമതാ പരിശോധന നടത്തിയത് 2013 ഡിസംബർ, 2014 ജനവരി മാസങ്ങളിലായാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളുടെ ഫയൽ പരിശോധന, പദ്ധതി പ്രദേശങ്ങളിൽ നേരിട്ടുള്ള സ്ഥലസന്ദർശനം എന്നിവയ്ക്ക് പുറമേ, ഭൂഗർഭജലവകുപ്പ്, ജലനിധി, സെസ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ കൂടി ശേഖരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പഠനം നടത്തിയ സ്ഥാപനങ്ങളിൽ 45 ഗ്രാമപഞ്ചായത്തുകളും, 18 നഗരസഭകളും, 4 ജില്ലാപഞ്ചായത്തുകളും, 1 ബ്ലോക്ക് പഞ്ചായത്തും ഉൾപ്പെടുന്നു. ഓഡിറ്റിന് വിധേയമാക്കിയ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ നൽകിയിരിക്കുന്നു. പ്രവർത്തനക്ഷമതാ പരിശോധന നടത്തിയ ഓരോ സ്ഥാപനത്തിലെയും റിപ്പോർട്ടുകൾ പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ നിന്നുള്ള പ്രസക്തമായ ഭാഗങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പ്രവർത്തനക്ഷമതാ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ, ദി ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് സുപ്രീം ഓഡിറ്റ് ഇൻസ്റ്റിറ്റ്യൂഷൻസ് (ഇന്റോസായി) എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പിൻതുടർന്നാണ് പ്രവർത്തനക്ഷമതാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജലസ്രോതസുകളുടെ സംരക്ഷണവും,**

**കുടിവെള്ള പദ്ധതികളും - പഠനം നടത്തിയ സ്ഥാപനങ്ങൾ**

| ക്രമ നം | തദ്ദേശസ്വയംഭരണ സ്ഥാപനം | ജില്ല |
|---|---|---|
| 1 | മാണിക്കൽ ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം |
| 2 | അഴൂർ ഗ്രാമപഞ്ചായത്ത് | |
| 3 | തിരുവനന്തപുരം മുനികോർപ്പറേഷൻ | |
| 4 | തൃക്കടവൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം |
| 5 | ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് | |
| 6 | കൊല്ലം മുനി.കോർപ്പറേഷൻ | |

| | | |
|---|---|---|
| 7 | കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട |
| 8 | ഏഴംകുളം ഗ്രാമപഞ്ചായത്ത് | |
| 9 | കൊടുമൺ ഗ്രാമപഞ്ചായത്ത് | |
| 10 | തിരുവല്ല നഗരസഭ | |
| 11 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | |
| 12 | തഴക്കര ഗ്രാമപഞ്ചായത്ത് | ആലപ്പുഴ |
| 13 | മാവേലിക്കര – താമരക്കുളം ഗ്രാമപഞ്ചായത്ത് | |
| 14 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | |
| 15 | ആലപ്പുഴ നഗരസഭ | |
| 16 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | |
| 17 | ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് | കോട്ടയം |
| 18 | മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് | |
| 19 | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് | |
| 20 | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് | |
| 21 | ചങ്ങനാശ്ശേരി നഗരസഭ | |
| 22 | കോട്ടയം നഗരസഭ | |
| 23 | പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് | ഇടുക്കി |
| 24 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | |

| | | |
|---|---|---|
| 25 | രാജകുമാരി ഗ്രാമപഞ്ചായത്ത് | |
| 26 | മുട്ടം ഗ്രാമപഞ്ചായത്ത് | |
| 27 | കുവപ്പടി ഗ്രാമപഞ്ചായത്ത് | എറണാകുളം |
| 28 | മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | |
| 29 | പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് | |
| 30 | പെരുമ്പാവൂർ നഗരസഭ | |
| 31 | ആലുവ നഗരസഭ | |
| 32 | കൊച്ചി മുനി.കോർപ്പറേഷൻ | |
| 33 | വേളൂക്കര  ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ |
| 34 | അരിമ്പൂർ ഗ്രാമപഞ്ചായത്ത് | |
| 35 | പുത്തൂർ ഗ്രാമപഞ്ചായത്ത് | |
| 36 | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | |
| 37 | തൃശ്ശൂർ മുനി.കോർപ്പറേഷൻ | |
| 38 | തച്ചമ്പാറ ഗ്രാമപഞ്ചായത്ത് | പാലക്കാട് |
| 39 | പുതുനഗരം ഗ്രാമപഞ്ചായത്ത് | |
| 40 | നെല്ലായ ഗ്രാമപഞ്ചായത്ത് | |
| 41 | ചിറ്റൂർ –   തത്തമംഗലം നഗരസഭ | |
| 42 | പാലക്കാട് നഗരസഭ | |

| | | |
|---|---|---|
| 43 | വളവന്നൂർ  ഗ്രാമപഞ്ചായത് | മലപ്പുറം |
| 44 | പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് | |
| 45 | വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് | |
| 46 | കുറുവ ഗ്രാമപഞ്ചായത്ത് | |
| 47 | തിരൂർ നഗരസഭ | |
| 48 | ചോറോട് ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| 49 | കാരശ്ശേരി ഗ്രാമപഞ്ചായത്ത് | |
| 50 | മാവൂർ ഗ്രാമപഞ്ചായത്ത് | |
| 51 | പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | |
| 52 | വടകര നഗരസഭ | |
| 53 | കോഴിക്കോട് മുനി.കോർപ്പറേഷൻ | |
| 54 | അമ്പലവയൽ ഗ്രാമപഞ്ചായത്ത് | വയനാട് |
| 55 | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | |
| 56 | വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് | |
| 57 | വയനാട് ജില്ലാപഞ്ചായത്ത് | |
| 58 | കൊളച്ചേരി ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 59 | ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | |
| 60 | പിണറായി ഗ്രാമപഞ്ചായത്ത് | |

| | | |
|---|---|---|
| 61 | ധർമ്മടം ഗ്രാമപഞ്ചായത്ത് | |
| 62 | തലശ്ശേരി നഗരസഭ | |
| 63 | കണ്ണൂർ നഗരസഭ | |
| 64 | പള്ളിക്കര ഗ്രാമപഞ്ചായത്ത് | കാസർഗോഡ് |
| 65 | ചെമ്മനാട് ഗ്രാമപഞ്ചായത്ത് | |
| 66 | ബദിയടുക്ക ഗ്രാമപഞ്ചായത്ത് | |
| 67 | കാസർഗോഡ് നഗരസഭ | |
| 68 | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**കൊല്ലം ജില്ല**

**തൃക്കടവൂർ ഗ്രാമപഞ്ചായത്ത്**

**ഭൂതക്കാവ് കുളം**

**കാമ്പിയിൽ കുളം**

96. ഓഡിറ്റ് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**തെക്കേച്ചിറ കുളം**

97. തെക്കേച്ചിറ കുളം വൃത്തിയാക്കുന്നതിനായി 15,00,000 രൂപ ജലസേചന വകുപ്പിൽ ഡെപ്പോസിറ്റ് വച്ചിട്ടുള്ളതും ടെണ്ടർ നടപടി പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുള്ളതുമാണെന്നും മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ

സമിതിയെ അറിയിച്ചു. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**കൊല്ലം കോർപ്പറേഷൻ**

**താമരക്കുളം**

98. 2021-22-ൽ താമരക്കുളത്തിന്റെ നവീകരണത്തിനായി നഗരസഭ ഏറ്റെടുത്ത പദ്ധതിക്കായി 45 ലക്ഷം രൂപ വകയിരുത്തിയതനുസരിച്ച് ടെണ്ടർ ചെയ്യുകയും കരാർ പ്രകാരം ആറ് മാസത്തിനകം പൂർത്തിയാക്കേണ്ട പദ്ധതിയായിരുന്നെങ്കിലും കുളം പുറമ്പോക്ക് വശത്തായി താമസിച്ചിരുന്ന നാല് കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതിനാൽ ടി പദ്ധതി അന്ന് നടപ്പിലാക്കാൻ സാധിച്ചില്ലായെന്നും കരാർ കാലാവധി ഒക്ടോബർ 25-ന് അവസാനിച്ചുവെന്നും കൊല്ലം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. തുടർന്ന് നഗരസഭയുടെ ഇടപെടലിന്റെ ഭാഗമായി നാല് കുടുംബങ്ങളെയും മാറ്റി പാർപ്പിച്ചിട്ടുണ്ടെന്നും കൊല്ലം നഗരസഭ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. അതിനുശേഷം അമൃത് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഒരു പ്രോജക്ട് എസ്റ്റിമേറ്റ് തയ്യാറാക്കി അമൃത് മിഷൻ, സ്റ്റേറ്റ് ഇ-മിഷനിലേയ്ക്ക് ഭരണാനുമതിക്കായി അയച്ചിട്ടുണ്ടെന്നും പ്രസ്തുത നടപടി പൂർത്തിയായി ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൊല്ലം കോർപ്പറേഷന് Urban Agglomeration Fund ഇനത്തിൽ എത്ര രൂപ ലഭിച്ചുവെന്നും അതിൽ എത്ര രൂപാ ചെലവഴിച്ചിട്ടുണ്ടെന്നും ആയതിന്റെ കാലാവധി നിലവിലും തുടരുന്നുണ്ടോയെന്നും സമിതി ആരാഞ്ഞു. കൊല്ലം കോർപ്പറേഷന് Urban agglomeration fund-ൽ 23 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ 60 ശതമാനം തുക ചെലവഴിച്ചിട്ടുണ്ടെന്നും Urban agglomeration fund-ന്റെ കാലാവധി പൂർത്തിയായിട്ടില്ല എന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി. കൂടാതെ 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ടെന്നും ആയത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം വിശദീകരിച്ചു. ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നായരുകുളം**

99. മുൻ സാമ്പത്തിക വർഷം പദ്ധതിയിലുൾപ്പെടുത്തി മൂന്ന് വശം ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടെന്നും കുളവാഴ വൃത്തിയാക്കുന്നതിനുവേണ്ടി 1,88,000 രൂപയുടെ പദ്ധതി തയ്യാറാക്കി ഭരണാനുമതിക്കായി നഗരസഭ കൗൺസിലിന് സമർപ്പിച്ചിട്ടുണ്ടെന്നും ആയത് മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി പാസ്സാക്കി ശിപാർശ ചെയ്തിട്ടുണ്ടെന്നും പരിസരവാസികളുമായുള്ള തർക്കം നിലനിൽക്കുന്നതിനാലാണ് ഫെൻസിംഗ്

പൂർത്തിയാക്കാൻ സാധിക്കാതിരുന്നതെന്നും ടി വിഷയം കൗൺസിലർമാർ ഇടപെട്ട് പരിഹരിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് നൽകാമെന്നും കൊല്ലം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

100. കുളവാഴ നീക്കം ചെയ്യാത്തതുമായി ബന്ധപ്പെട്ട വിഷയം ഓഡിറ്റ് പരാമർശമായി ഉന്നയിക്കേണ്ടതുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ജലസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തിയായതുകൊണ്ടാണ് ഓഡിറ്റിൽ ഉൾപ്പെടുത്തിയതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

101. കുളവാഴ നീക്കം ചെയ്താലും ആവർത്തിച്ച് വളർന്ന് വരുന്നതിനാൽ വൃത്തിയായി സൂക്ഷിക്കേണ്ടതാണെന്ന കാര്യത്തിൽ തർക്കമില്ലെന്നും എന്നാൽ ഇവ ഓഡിറ്റ് പരാമർശമായി ഉന്നയിക്കുമ്പോൾ ഈ ധാരണകൂടി മനസ്സിലുണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയത്തിൽ ജാഗ്രത പുലർത്തുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

**കോട്ടയം ജില്ല**

**തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

102. കരിക്കനാലിലെയും കുറന്തപ്പുഴയിലെയും നീരൊഴുക്ക് നിലവിലും തടസ്സപ്പെട്ടിരിക്കുകയാണെന്നും പിടിച്ചെടുത്ത വള്ളങ്ങൾ മാറ്റിയിട്ടില്ലെന്നുമുള്ള ഓഡിറ്റ് പരാമർശത്തെപ്പറ്റിയും മണൽഖനനം നിലവിൽ നടക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും സമിതി ആരാഞ്ഞതിന്, വള്ളങ്ങൾ അവിടെയുണ്ടോയെന്ന കാര്യം വ്യക്തമല്ലെന്നും നിലവിൽ പായൽ മൂടികിടക്കുകയാണെന്നും നിലവിൽ മണൽ ഖനനം നടക്കുന്നില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭിച്ചിട്ടില്ലെന്നും നിലവിലും വള്ളങ്ങൾ അവിടെ കിടക്കുന്നതുകൊണ്ടാണ് ഓഡിറ്റ് പരാമർശം തുടരുന്നതെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തദവസരത്തിൽ അറിയിച്ചു.

103. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്വേഷണം നടത്തി നിജസ്ഥിതി മനസ്സിലാക്കിവേണം സമിതി യോഗങ്ങളിൽ മറുപടി നൽകേണ്ടതെന്നും പോള നീക്കി നീരൊഴുക്ക് സുഗമമാക്കാത്തതും പിടിച്ചെടുത്ത വള്ളങ്ങൾ മാറ്റിയിട്ടില്ലെന്നുമുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും സമിതി വ്യക്തമാക്കി.

104. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വൃത്തിയാക്കി നീരൊഴുക്ക് സുഗമമാക്കാറുണ്ടെങ്കിലും വീണ്ടും പോളകയറി മൂടുകയാണ് ചെയ്യുന്നതെന്നും നിലവിൽ വള്ളങ്ങൾ അവിടെയില്ലെന്നും

തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. ഇതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും വള്ളങ്ങൾ അവിടെ കിടക്കുന്നുണ്ടോയെന്ന് പരിശോധിച്ച് മറുപടി നൽകാൻ സെക്രട്ടറിയോട് ആവശ്യപ്പെടണമെന്നും പോലീസ് പിടിച്ചെടുത്തതാണോ മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന വള്ളങ്ങളാണോയെന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

**കോട്ടയം നഗരസഭ**

105. കേന്ദ്രസർക്കാരിന്റെ അമൃത് 2.0 പദ്ധതിപ്രകാരം ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനായി 41 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും അതുപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം അഡീഷണൽ ഡയറക്ടർ അറിയിച്ചു. 2013-14-ലെ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പദ്ധതി തുക അനുവദിച്ചിട്ടുണ്ടെന്നുള്ള റിപ്പോർട്ട് 2023-ലാണ് ലഭിച്ചതെന്ന് അഭിപ്രായപ്പെട്ട സമിതി കഴിഞ്ഞ 10 വർഷം ഇതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചില്ലേയെന്ന് ആരാഞ്ഞു. തൊഴിലുറപ്പ് പദ്ധതിയിൽ പോള മാറ്റലുൾപ്പെടെയുള്ള പ്രവൃത്തികൾ ഉൾപ്പെടില്ലെന്നും കുളം നവീകരണം മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും 2023-ൽ അമൃത് 2.0 പദ്ധതിയുടെ ഭാഗമായാണ് തുക അനുവദിച്ചിട്ടുള്ളതെന്നും മറുപടിയായി അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

106. പുഴക്കരത്തോട് ജലസമൃദ്ധമാണെങ്കിലും ദുർഗന്ധം വമിക്കുംവിധം മാലിന്യങ്ങൾ കുന്നുകൂടിയ നിലയിലാണെന്നും തോടിന്റെ ഓരത്തുള്ള ഫാക്ടറിയിലെ മാലിന്യങ്ങൾ ഇവിടേയ്ക്കുതന്നെയാണ് പുറം തള്ളുന്നതെന്നും സമിതി സൂചിപ്പിച്ചതിന്, മലിനജലം ഒഴുക്കിയിരുന്ന റബർ ഫാക്ടറിയിലെ പൈപ്പുകൾ അടച്ചിട്ടുള്ളതും ഹെൽത്ത് ഇൻസ്പെക്ടർ സ്ഥലം നേരിട്ട് സന്ദർശിച്ച് ഇക്കാര്യം ബോധ്യപ്പെട്ടതുമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

107. നിലവിൽ ഫാക്ടറിയിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുണ്ടോയെന്ന് പരിശോധിക്കണമെന്നും കൂടാതെ പ്രവൃത്തി പൂർത്തിയാക്കിയശേഷം ഈ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി സംസ്ഥാന ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്നും ആയത് പരിശോധിച്ചശേഷം പ്രസ്തുത പരാമർശത്തിന്മേൽ തീരുമാനമെടുക്കാമെന്നും സമിതി വ്യക്തമാക്കി.

**ചങ്ങനാശ്ശേരി നഗരസഭ**

108. കുളങ്ങളുടെ നവീകരണത്തിനായി രൂപീകരിച്ച പദ്ധതിയുടെ തുടർനടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്നും ആയത് പരിശോധിച്ചശേഷം ഓഡിറ്റ് വകുപ്പ് അന്തിമ തീരുമാനമെടുത്ത് അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## എറണാകുളം ജില്ല

### പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്

109. പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെയും കുന്നുകര ഗ്രാമപഞ്ചായത്തിന്റെയും പരിധിയിൽ വരുന്നതാണ് രണ്ടേമുക്കാൽ ഏക്കർ വരുന്ന വെളുത്തേടൻ ചിറയെന്നും തണ്ണീർത്തടം മാലിന്യങ്ങൾ നീക്കി സൈഡ്‌വാൾ കെട്ടി സംരക്ഷിക്കുന്നതിന് ഒരു കോടി രൂപയോളം ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരുന്നതെന്നും തനത് വരുമാനവും പ്ലാൻ ഫണ്ടും വിനിയോഗിച്ച് ഒരു പഞ്ചായത്തിന് മാത്രമായി ചെയ്യാൻ സാധിക്കാത്തതിനാൽ അതൊരു ക്ലസ്റ്റർ പ്രോജക്ടായി ചെയ്യാൻ 2019-ൽ റർബൻ മിഷനിൽ ഉൾപ്പെടുത്തി. 35 ലക്ഷം രൂപാ വീതം പുത്തൻവേലിക്കരയും കുന്നുകരപഞ്ചായത്തും വകയിരുത്തി സംയുക്തമായി ചെയ്യാനാണ് തീരുമാനിച്ചിരുന്നതെന്നും പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. എന്നാൽ ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഡി.പി.ആർ.-ൽ ഇല്ലാത്ത റോഡ് കൂടി കുന്നുകര പഞ്ചായത്തിന്റെ ഭാഗത്തുവരികയും അത് പ്രോജക്ട് കോസ്റ്റിനെക്കാൾ അധികരിക്കുകയും ചെയ്തതുകൊണ്ട് റർബൻ മിഷനിൽ അതിന് അംഗീകാരം ലഭിക്കാത്തതിനാലും മിഷൻ കാലാവധി കഴിഞ്ഞതിനാലും പദ്ധതി ഉപേക്ഷിച്ചുവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

110. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ ഡി.പി.ആർ.ൽ ഉൾപ്പെടുത്തിയതു കൊണ്ടാണ് പദ്ധതിക്ക് റർബൻ മിഷന്റെ അംഗീകാരം ലഭിക്കാത്തതെന്നും 2018-ലെ വെള്ളപ്പൊക്കത്തിൽ പഞ്ചായത്ത് ഓഫീസ് പൂർണ്ണമായി മുങ്ങിപ്പോകുകയും ഫയലുകൾ മുഴുവൻ നശിക്കുകയും ചെയ്തിട്ടും പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കുന്നില്ലെന്നും വിലയിരുത്തിയ സമിതി വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത്, മാനദണ്ഡങ്ങൾക്ക് വിധേയമായി രണ്ട് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും സംയുക്തമായി പ്രോജക്ട് തയ്യാറാക്കി നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു. ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങളുടെ ഫണ്ട് പൂൾ ചെയ്താൽ ലാപ്സായ തുകയ്ക്കുപകരം പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന വിവരം കുന്നുകര പഞ്ചായത്തിനെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## കൊച്ചി നഗരസഭ

111. ഓഡിറ്റ് പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞതിന്, വർഷാവർഷം ഏറ്റെടുക്കുന്ന പ്രോജക്ടുകളനുസരിച്ച് കനാലുകളും നീർച്ചാലുകളും വൃത്തിയാക്കാറുണ്ടെന്നും മാലിന്യങ്ങളും അൺട്രീറ്റഡ് വേസ്റ്റ് വാട്ടറും കനാലുകളിൽ ഒഴുക്കിക്കൊണ്ടിരുന്ന എല്ലാ ഫ്ലാറ്റുകളിലും കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്ഡ് ബിൽഡിംഗുകളിലും പരിശോധന നടത്തി ആയിരത്തിലധികം സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. കൂടാതെ വലിയ ഫ്ലാറ്റുകളിലും വ്യാപാരസ്ഥാപനങ്ങളിലും ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സഹകരണം ഉറപ്പ്

വരുത്തുന്നുണ്ടെന്നും ഏകദേശം 10 കോടിക്കടുത്ത രൂപയോളം ചെലവഴിച്ച് 11-12 മേജർ കനാലുകളും 120-ഓളം വരുന്ന ചെറിയ കനാലുകളും ഉൾപ്പെട്ടവയിൽ എല്ലാ വർഷവും പോളയും പായലും നീക്കം ചെയ്യുന്ന പ്രവൃത്തിയും desilting-ഉം നടത്താറുണ്ടെന്നും വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് suction and jetting pump, robotic excavator എന്നീ യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് സെക്രട്ടറി ബോധിപ്പിച്ചു. പനമ്പള്ളിയിലെ ടി.പി. കനാൽ സംരക്ഷിക്കുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് 6.2 കോടി രൂപ നടപ്പ് വർഷം ചെലവഴിച്ചിട്ടുണ്ടെന്നും മാലിന്യം കനാലിലേയ്ക്ക് വലിച്ചെറിയാതിരിക്കാൻ അവിടെ ഫെൻസിംഗുകളും വാണിംഗ് ബോർഡും സ്ഥാപിച്ചിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് സെക്രട്ടറി കൂട്ടിച്ചേർത്തു. P & T കെട്ടിടത്തിൽ താമസിച്ചിരുന്നവരെ മാറ്റിപാർപ്പിക്കുന്ന നടപടിയും തുടരുന്നു എന്ന് ഇതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് സെക്രട്ടറി മറുപടി നൽകി.

112. കൊച്ചി കോർപ്പറേഷന്റെ ഭാഗമായുള്ള കമ്മട്ടിപ്പാടത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് അവിടെ പ്രത്യേകമായി സ്ഥാപിച്ച പമ്പ് ഉപയോഗിച്ച് വെള്ളം എടുത്തുകളഞ്ഞിട്ടുണ്ടെന്നും ഹൈക്കോടതിയുടെ സമീപത്ത് vacuum cleaner പോലെ പ്രവർത്തിക്കുന്ന jetting machine ഉപയോഗിച്ച് വെള്ളം വറ്റിച്ച് കളഞ്ഞിട്ടുണ്ടെന്നും അസിസ്റ്റന്റ് സെക്രട്ടറി വിശദീകരിച്ചു. കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ കളക്ടർ ചെയർമാനായി സർക്കാർ നടത്തുന്ന ഓപ്പറേഷൻ ബ്രേക് ത്രൂ പദ്ധതിയുമായി കോർപ്പറേഷന്റെ പദ്ധതിക്ക് ഏകോപനമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, പ്രസ്തുത ജോലി ജലവിഭവ വകുപ്പ് മുഖാന്തിരം ചെയ്യുന്നതിന് കോർപ്പറേഷനോട് 10 കോടി രൂപ ആവശ്യപ്പെടുകയും സർക്കാരിന്റെ സ്പെഷ്യൽ സാംഗ്ഷനോടുകൂടി തുക നൽകുകയും ചെയ്തിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷന്റെയും നഗരസഭയുടെയും ഭാഗത്തുണ്ടായിരുന്ന കച്ചവടക്കാരെ കെ.എസ്.ആർ.ടി.സി.യുടെ സമീപത്തേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി.

113. KSRTC പരിസരത്ത് നിലവിലും വെള്ളക്കെട്ടുണ്ടെന്നും കമ്മട്ടിപ്പാടം പ്രദേശത്തേയ്ക്ക് ഒരു ഓവുചാൽ കണക്ട് ചെയ്ത് അവിടെ നിന്നും വെള്ളം പമ്പ് ചെയ്ത് പാരന്റ് റോഡിലേയ്ക്ക് കളഞ്ഞുവെന്നും അതിനുവേണ്ടി മുൻവർഷം മേയർ ഇടപെട്ട് 40 ലക്ഷം രൂപയുടെ രണ്ട് പമ്പ് സെറ്റുകൾ വാങ്ങി ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസിന് നൽകിയിട്ടുണ്ടെന്നും റെയിൽവേ പാതകൾക്കിടയിലുള്ള ഇടുങ്ങിയ കൾവെർട്ടാണ് കമ്മട്ടിപ്പാടം എന്നതിനാലാണ് കെ.എസ്.ആർ.ടി.സി. സ്റ്റാൻഡ്, സൗത്ത് റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ വെള്ളക്കെട്ടിന് പ്രധാന കാരണമെന്നും കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് സെക്രട്ടറി കൂട്ടിച്ചേർത്തു.

114. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി മുൻപാകെ വിശദീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**പെരുമ്പാവൂർ നഗരസഭ**

115. വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക ഏതെല്ലാം പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്ന് സമിതി ആരാഞ്ഞതിന്, പൊതുകുളങ്ങളും പൊതുതോടുകളും നവീകരിക്കുന്നതിനായി 38.62 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും 2021-22-ൽ 22.98 ലക്ഷം രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പദ്ധതി പണം ചെലവഴിച്ച് ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന കുളങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും പെരുമ്പാവൂർ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

116. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**സാധ്യതാപഠനം നടത്താതെ ബോട്ട് ക്ലബ് തുടങ്ങി, കുളങ്ങൾ മലിനമായി**

**തിരുവനന്തപുരം നഗരസഭ**

117. പ്രസ്തുത ഓഡിറ്റ് പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞതിന്, ബോട്ടിംഗ് നടത്താൻ കഴിയാത്തതുകൊണ്ട് ബോട്ട് ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും ബോട്ട് അവിടെ നിന്നും എടുത്തുമാറ്റിയിട്ടുണ്ടെന്നും നിലവിൽ കുളങ്ങൾ നല്ല രീതിയിൽ പരിപാലിച്ചുവരുന്നുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ജനവാസകേന്ദ്രങ്ങളിൽ പദ്ധതി ആവിഷ്കരിച്ചതിലും പദ്ധതി പൂർത്തീകരിക്കാതെ അടച്ചുപൂട്ടിയതിലും സമിതി അതൃപ്തി രേഖപ്പെടുത്തി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് നിർവ്വഹണ ഉദ്യോഗസ്ഥനെന്ന് സമിതിയുടെ ഇതു സംബന്ധിച്ച ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

118. നടപ്പാക്കാൻ സാദ്ധ്യതയില്ലാത്ത പദ്ധതി നടപ്പാക്കുകയും പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്യുന്നത് തെറ്റായ കീഴ്വഴക്കമാണെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കില്ലെന്നും സമിതി വ്യക്തമാക്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് നഗരസഭ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**പാലക്കാട് ജില്ല**

**നെല്ലായ ഗ്രാമപഞ്ചായത്ത്**

119. വകുപ്പിൽ നിന്നും ലഭ്യമായ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## കോഴിക്കോട്

### പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

120. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, 2022-23-ൽ ജില്ലാപഞ്ചായത്ത് 75 ലക്ഷം രൂപ മുടക്കിയിട്ടുള്ള തോട് നവീകരണപദ്ധതി നടന്നു വരികയാണെന്നും നേരത്തെയുണ്ടായിരുന്ന മാലിന്യ കൂമ്പാരമെല്ലാം കാലവർഷത്തിന് മുന്നോടിയായി നീക്കം ചെയ്തിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്തും രണ്ട് വർഷമായി പദ്ധതിയുമായി മുന്നോട്ടുപോകുന്നുണ്ടെന്നും നിലവിൽ മെച്ചപ്പെട്ട അവസ്ഥയിലാണെന്നും മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെന്നും പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

121. മത്സ്യ-മാംസ മാർക്കറ്റിലെ മലിനജല സംസ്കരണത്തിന് എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന സമിതിയുടെ ചോദ്യത്തിന്, മലിനജല സംസ്കരണത്തിനുവേണ്ടി നിലവിൽ അവിടെയൊരു എസ്.ടി.പി. പദ്ധതിയുണ്ടെന്നും ഐ.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട പ്രോജക്ടായിട്ടുണ്ടെന്നും ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതി പൂർത്തിയാകുമ്പോൾ ആയത് സംബന്ധിച്ച മറുപടി ലഭ്യമാക്കാമെന്നും പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പദ്ധതി പൂർത്തിയാകുമ്പോൾ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

### മാവൂർ ഗ്രാമപഞ്ചായത്ത്

<u>പള്ളിയോൾക്കുളം</u>

122. പള്ളിയോൾക്കുളത്തിന്റെ side wall കെട്ടി നല്ല രീതിയിൽ സംരക്ഷിച്ചു വരുന്നുണ്ടെന്ന വകുപ്പിന്റെ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>കീഴ്പ്പാറ്റുകുളം</u>

123. കീഴ്പ്പാറ്റുകുളം താഴ്ന്ന പ്രദേശത്തായതിനാൽ മഴ പെയ്യുമ്പോൾ വെള്ളം കയറി പായൽ വരുന്ന പ്രശ്നമുണ്ടെന്നും അവിടെ വൃത്തിയാക്കി നല്ല രീതിയിൽ സംരക്ഷിച്ചു വരുന്നുണ്ടെന്നും കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി.

124. നിലവിൽ കുളം സംരക്ഷിച്ചിട്ടില്ലായെന്നും കുളത്തിന്റെ രണ്ട് ഭാഗത്തും സ്വകാര്യ വ്യക്തി വളരെ ഉയരത്തിൽ മതിൽ നിർമ്മിച്ചിട്ടുണ്ടെന്നും കുളത്തിലേയ്ക്ക് വഴി സൗകര്യമില്ലെന്നുമുള്ള ഓഡിറ്റ് പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞതിന്, വലിയ പറമ്പിലുണ്ടായിരുന്ന കുളം മാത്രമേ പഞ്ചായത്തിന്റേതായിട്ടുള്ളൂവെന്നും ബാക്കി സ്ഥലം

ഉടമസ്ഥർ വളരെ ഉയരത്തിൽ മതിൽ കെട്ടി അടച്ചതാണെന്നും വരമ്പിലൂടെ വേണം അവിടേയ്ക്ക് പോകേണ്ടതെന്നും കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.

125. പഞ്ചായത്ത് രാജ് നിയമം വന്ന സമയത്ത് നിക്ഷിപ്തമായ കുളമാണെന്നും കുളം മാത്രമേ പഞ്ചായത്തിന്റെ രേഖകളിലുണ്ടായിരുന്നുള്ളൂവെന്നും പഞ്ചായത്തിൽ നിന്നും നിരവധി തവണ സർവ്വേയർക്കും താലൂക്ക് അധികാരികൾക്കും സർവ്വേ ചെയ്യാൻ അപേക്ഷ നൽകിയെങ്കിലും അവരുടെ സേവനം ലഭ്യമാകാത്തതുകൊണ്ടാണ് പൂർണ്ണമായും വഴി ലഭിക്കാത്തതെന്നും നിലവിൽ കുളം പഞ്ചായത്തിന്റെ കൈവശം തന്നെയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ ബോധിപ്പിച്ചു.

126. പ്രസ്തുത സ്ഥലത്തേയ്ക്ക് പോകാനുള്ള വഴി സൗകര്യത്തിനായി മൂന്നോ നാലോ മീറ്റർ സ്ഥലം ഏറ്റെടുക്കുന്ന കാര്യം ആലോചിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചതിനുശേഷം വിശദവിവരം ഉൾപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**കാരശ്ശേരി ഗ്രാമപഞ്ചായത്ത്**

127. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**വടകര നഗരസഭ**

<u>കോട്ടക്കുളം</u>

128. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ബമ്മിണിത്തോട്, കരിമ്പനത്തോട് എന്നിവിടങ്ങളിൽ നഗരസഭ സർക്കാരിന്റെ കാര്യങ്ങൾക്കുവേണ്ടി 'തെളിനീരൊഴുകും നവകേരളം' പദ്ധതിയുടെ ഭാഗമായി എല്ലാ കുളങ്ങളിലെയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കി വൃത്തിയാക്കിയിട്ടുണ്ടെന്ന് വടകര മുൻസിപ്പാലിറ്റി ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി. ഇതു സംബന്ധിച്ച് കൃത്യമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കണമെന്നും മാലിന്യങ്ങൾ വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിന് ഒരു നിരീക്ഷണ ക്യാമറ സ്ഥാപിക്കുകയും കൂടാതെ അവർക്കതിരെ കേസ്സെടുക്കുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

129. വടകര മുനിസിപ്പാലിറ്റിയും ഓഡിറ്റ് വകുപ്പും സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാമെന്ന് സമിതി വ്യക്തമാക്കി.

**കോഴിക്കോട് കോർപ്പറേഷൻ**

130. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കോഴിക്കോട് കോർപ്പറേഷനിലെ താമരക്കുളവും ഗരുഡൻകുളവും വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്നും ഇരട്ടച്ചിറയും മുണ്ടൻകുളവും നടപ്പ് വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് സൂപ്പർവൈസർ അറിയിച്ചു.

131. ഇതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

**കണ്ണൂർ ജില്ല**

**ധർമ്മടം ഗ്രാമപഞ്ചായത്ത്**

**പിണറായി ഗ്രാമപഞ്ചായത്ത്**

**ചെറുകുന്ന് ഗ്രാമപഞ്ചായത്ത്**

132. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**ജലസ്രോതസുകൾ നശിച്ചു, കൃഷിയിടങ്ങൾ നിർജ്ജീവമായി**

**തിരുവനന്തപുരം നഗരസഭ**

133. പാറേക്കാട്ടുകുളം പൂർണ്ണമായി കാടുപിടിച്ച അവസ്ഥയിലാണുള്ളതെന്നും കുളത്തിലെ ജലനിരപ്പ് താഴ്ന്നിട്ടുണ്ടെന്നും കുളം വൃത്തിഹീനവും പൊതുജനങ്ങൾക്ക് പ്രയോജനമില്ലാത്ത അവസ്ഥയിലുമാണുള്ളതെന്നും ഓഡിറ്റ് വിഭാഗം നേരിട്ട് പരിശോധന നടത്തി കുളം ഉപയോഗശൂന്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

134. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് പാറക്കോട്ടുകുളം ഒഴികെയുള്ളവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു. പാറക്കോട്ടുകുളം സംബന്ധിച്ച് നഗരസഭ സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**തലശ്ശേരി നഗരസഭ**

135. തലശ്ശേരി നഗരസഭയിലെ ചാമക്കുളം റവന്യൂ പുറമ്പോക്കിലാണ് സ്ഥിതി ചെയ്യുന്നതെന്നും അവിടെ ശുചീകരണ പ്രവൃത്തികൾ നടത്താറുണ്ടെന്നും പായൽ നീക്കം ചെയ്തതായും എന്നാൽ Reserve Fund ഉപയോഗിച്ച് നന്നാക്കൽ ജോലികൾ നടത്തുവാൻ

ബുദ്ധിമുട്ടുണ്ടെന്നും തലശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**കണ്ണൂർ നഗരസഭ**

136. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് 41.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പടന്നത്തോട് പൂർണ്ണമായും ശുദ്ധീകരിച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ചൊവ്വതോടിന്റെ സൈഡുകൾ കെട്ടി സംരക്ഷിക്കുകയും പൊതുജനങ്ങളുടെ സഹകരണത്തോടെ ശുദ്ധീകരണം നടത്തുകയും ചെയ്തിട്ടുണ്ടെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. വീടുകളിലും പരിസരങ്ങളിലുമുള്ള പൈപ്പുകളെല്ലാം അടച്ച് തോടുകളിലേയ്ക്കുള്ള മലിനജലത്തിന്റെ ഒഴുക്ക് നിയന്ത്രിച്ചിട്ടുണ്ടെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കി.

137. പ്രസ്തുത പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**138. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തിലെ ഭൂതക്കാവ് കുളം, കാമ്പിയിൽ കുളം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**139. തൃക്കടവൂർ ഗ്രാമ പഞ്ചായത്തിലെ തെക്കേച്ചിറ കുളവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**140. കൊല്ലം കോർപ്പറേഷനിലെ താമരക്കുളത്തിന്റെ നവീകരണത്തിന്റെ നിലവിലെ സ്ഥിതി, അർബൻ അഗ്ലോമറേഷൻ ഫണ്ട് വിനിയോഗം എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**141. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ നായരുകുളം വൃത്തിയാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

142. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് അന്വേഷണം നടത്തി നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

143. കോട്ടയം നഗരസഭയിലെ പുഴക്കരത്തോടിന്റെ ഓരത്തുള്ള ഫാക്ടറിയിൽ നിലവിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുണ്ടോയെന്ന് പരിശോധിക്കണമെന്നും കൂടാതെ പ്രവൃത്തി പൂർത്തിയാക്കി വിശദവിവരങ്ങളടങ്ങുന്ന റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

144. ചങ്ങനാശ്ശേരി നഗരസഭയിൽ കുളങ്ങളുടെ നവീകരണത്തിനായി രൂപീകരിച്ച പദ്ധതിയുടെ തുടർനടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

145. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ ഡി.പി.ആർ.ൽ ഉൾപ്പെടുത്തിയതു കൊണ്ടാണ് എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെയും കുന്നുകര ഗ്രാമപഞ്ചായത്തിന്റെയും പരിധിയിൽ വരുന്ന വെളുത്തേടൻ ചിറയുമായി ബന്ധപ്പെട്ട പദ്ധതിക്ക് റർബൻ മിഷന്റെ അംഗീകാരം ലഭിക്കാത്തതെന്നും 2018-ലെ വെള്ളപ്പൊക്കത്തിൽ പഞ്ചായത്ത് ഓഫീസ് പൂർണ്ണമായി മുങ്ങിപ്പോകുകയും ഫയലുകൾ മുഴുവൻ നശിക്കുകയും ചെയ്തിട്ടും പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത്, മാനദണ്ഡങ്ങൾക്ക് വിധേയമായി രണ്ട് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും സംയുക്തമായി പ്രോജക്ട് തയ്യാറാക്കി നടപ്പാക്കണമെന്നും ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങളുടെ ഫണ്ട് പൂൾ ചെയ്താൽ ലാപ്സായ തുകയും ഉപകരം പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന വിവരം കുന്നുകര പഞ്ചായത്തിനെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

146. കൊച്ചി നഗരസഭയുടെ ഭാഗമായുള്ള കനാലുകൾ, നീർച്ചാലുകൾ എന്നിവയിലെ മാലിന്യ സംസ്കരണം സംബന്ധിച്ചും കമ്മട്ടിപ്പാടത്തിന്റെ വെള്ളക്കെട്ട് ഒഴിവാക്കുന്നത് സംബന്ധിച്ചുമുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി മുൻപാകെ വിശദീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

147. പെരുമ്പാവൂർ നഗരസഭ, വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക ഏതെല്ലാം പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്നുള്ള വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

148. സാധ്യതാപഠനം നടത്താതെ തിരുവനന്തപുരം നഗരസഭയിലെ ജനവാസ കേന്ദ്രങ്ങളിൽ ബോട്ട് ക്ലബ് തുടങ്ങുകയും പിന്നീട് പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

149. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

150. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ മത്സ്യ-മാംസ മാർക്കറ്റിലെ മലിനജല സംസ്കരണ പദ്ധതി പൂർത്തിയാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

151. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മാവൂർ ഗ്രാമപഞ്ചായത്തിലെ പള്ളിയോൾക്കുളവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

152. മാവൂർ ഗ്രാമ പഞ്ചായത്തിലെ കീഴ്പാറ്റുകുള സംരക്ഷണത്തിന്റെ ഭാഗമായി കുളത്തിലേയ്ക്ക് പോകാനുള്ള വഴി സൗകര്യത്തിനായി മൂന്നോ നാലോ മീറ്റർ സ്ഥലം ഏറ്റെടുക്കണമെന്നും ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചതിനുശേഷം വിശദ വിവരം ഉൾപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

153. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കാരശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

154. വടകര നഗരസഭയിലെ കൊട്ടക്കുളം, ബമ്മിണിത്തോട്, കരിമ്പനത്തോട് എന്നിവിടങ്ങളിലെ മാലിന്യ നിർമാർജനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

155. കോഴിക്കോട് കോർപ്പറേഷനിലെ താമരക്കുളം, ഗരുഡൻകുളം, ഇട്ടിച്ചിറ, മുണ്ടൻ കുളം എന്നിവയുടെ നവീകരണം പൂർത്തിയാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

156. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ധർമ്മടം,

**പിണറായി, ചെറുകുന്ന് എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**157. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിലെ ശിവൻ കോവിൽ കുളം, മടവിളാകം കുളം, കൊലകുടിയൂർക്കോണം കുളം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. പാറക്കോട്ടുകുളം സംബന്ധിച്ച് നഗരസഭ സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**158. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തലശ്ശേരി നഗര സഭയിലെ ചാമക്കുളവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**159. കണ്ണൂർ നഗരസഭയിലെ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജലസ്രോതസുകളുടെ സംരക്ഷണം കാര്യക്ഷമമല്ല**

കുളങ്ങൾ, ചിറകൾ, തോടുകൾ, നീരുറവകൾ എന്നിവ ഉൾപ്പെടുന്ന സ്വഭാവിക ജലസ്രോതസുകളുടെ സംരക്ഷണം കാര്യക്ഷമമായി നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല. അതുകൊണ്ട് തന്നെ ഇവിടേക്കുള്ള മാലിന്യങ്ങളുടെ തള്ളലും, കയ്യേറ്റവും തടയാൻ കഴിയാതെയും വരുന്നു. ജലസ്രോതസുകളുടെ സംരക്ഷണത്തിൽ തദ്ദേശസ്ഥാപനങ്ങൾ വീഴ്ചവരുത്തിയതിന്റെ പല ഉദാഹരണങ്ങളുമുണ്ട്.

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ ആറാം വാർഡിലുള്ള ചേന്നംകുളം ദീർഘകാലമായി സംരക്ഷിക്കപ്പെടാതെ നീരുറവകൾ മണ്ണുമൂടി അടഞ്ഞ നിലയിലാണ്. ഗ്രാമപഞ്ചായത്തിന്റെ പതിനാലാം വാർഡിലെ ചിറ്റിലംപാട്ചിറ മണ്ണും ചെളിയും നിറഞ്ഞ് നികന്നിരിക്കുന്നു. ചിറയോട് ചേർന്ന പുറമ്പോക്ക് ഭൂമി കയ്യേറ്റം ചെയ്യപ്പെട്ടിരിക്കുകയാണ്. ചിറയിൽ നിന്നുള്ള കൈത്തോട് മണ്ണ് മൂടി നികന്നിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ താമരക്കുളം ഗ്രാമപഞ്ചായത്തിലെ 100 ഏക്കറോളം വിസ്തൃതിയുള്ള വയ്യങ്കരച്ചിറ, വെൺമണി ഗ്രാമപഞ്ചായത്തിലെ 15 ഏക്കറോളം വരുന്ന കുതിരവട്ടം ചിറ എന്നിവ വേണ്ട രീതിയിൽ സംരക്ഷണം കിട്ടാതെ ശോഷിച്ചുകൊണ്ടിരിക്കുകയാണ്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ പ്രധാന ജലസ്രോതസാണ് 110 സെന്റോളം വിസ്തൃതിയുള്ള നരിക്കിലാപ്പുഴ. ഇവിടത്തെ ചെളി നീക്കാത്തതിനാൽ

സമീപത്തുള്ള കണ്ണോത്ത്കുന്ന്, ചേർമല നടുക്കണ്ടി മീത്തൽ എന്നീ കുടിവെള്ള പദ്ധതികളുടെ കിണറുകളിലെ വെള്ളം ഉപയോഗശൂന്യമായി. ഇതിനെതിരെ ചേർമല നടുക്കണ്ടി കോളനി നിവാസികൾ സമരം നടത്തിയെങ്കിലും പ്രശ്നപരിഹാരമായില്ല.

കണ്ണൂർ നഗരസഭയിലെ ജലസ്രോതസുകൾ ഒന്നും തന്നെ മാതൃകാപരമായി സംരക്ഷിക്കപ്പെടുന്നില്ല. നഗരസഭയിലെ പ്രധാന കുളങ്ങളായ ചെട്ട്യാർകുളം, ഒറ്റക്കണ്ണൻ-ഇരട്ടക്കണ്ണൻ പാലത്തിന്റെ ഇടയിലെ താവ എന്നിവ ജലസമൃദ്ധമാണെങ്കിലും കുളവാഴ നിറഞ്ഞുകിടക്കുന്നു. നഗരസഭയിലെ ആനക്കുളവും നാശോന്മുഖമാണ്.

**മാതൃകാപരമായി സംരക്ഷിക്കപ്പെടുന്ന ജലസ്രോതസുകൾ**

കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പരിധിക്കുള്ളിലെ ഭൂരിപക്ഷം ജലസ്രോതസുകളും വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ലെങ്കിലും, മാതൃകാപരമായി സംരക്ഷിക്കപ്പെടുന്ന ജലസ്രോതസുകളുമുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ ഊർജ്ജിതമായ ഇടപെടൽ ജലസ്രോതസുകളുടെ സംരക്ഷണത്തിലും പുനരുജ്ജീവനത്തിലും പരമപ്രധാനമാണെന്നത് ഇത് വ്യക്തമാക്കുന്നു.

തിരുവനന്തപുരം നഗരസഭയിലെ ശ്രീവരാഹം ക്ഷേത്രക്കുളം, ഋഷിമംഗലം ക്ഷേത്രക്കുളം, മരുതംകുഴിയിലെ കോണത്തുകുളങ്ങരക്കുളം, തിരുമലയിലെ ഈയംവിളകുളം, പാറോട്ടുകോണത്തെ തിലക് നഗർ എൻ.സി.സി. കുളം എന്നിവ മികച്ച നിലയിൽ പരിപാലിക്കപ്പെടുന്നവയാണ്. കൊല്ലം നഗരസഭാപരിധിയിൽ മാതൃകാപരമായി സംരക്ഷിക്കപ്പെട്ടുവരുന്നതാണ് അമൃതകുളം. മുണ്ടയ്ക്കലുള്ള ഈ കുളത്തിന് ചുറ്റും ടൈൽസ് പാകി പാർക്ക് ആക്കി മാറ്റിയിട്ടുണ്ട്.

തൃശ്ശൂർ നഗരസഭയിലെ പല കുളങ്ങളും നവീകരിച്ച് മാതൃകാപരമായി സംരക്ഷിക്കുന്നുണ്ട്. 2005-06 മുതൽ വിവിധ പദ്ധതികളിലായി 18 കുളങ്ങൾ നവീകരിച്ച് പരിപാലിക്കുന്നുണ്ട്. 5 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ നിലവിൽ നടന്നു വരുന്നു.

**മാതൃകയാവുന്ന പുനർജനി പദ്ധതി**

കോട്ടയം ജില്ലയിലെ പ്രധാന ജലസ്രോതസായ മീനച്ചിലാർ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. പുഴയെ വീണ്ടെടുക്കാനായി കോട്ടയം നഗരസഭയുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനമാണ് പുനർജനി. കോട്ടയം ജില്ലയിലെ 22 ഗ്രാമപഞ്ചായത്തുകളിലും, കോട്ടയം, പാല നഗരസഭകളിലുമായി ഒരേ സമയത്ത് നടക്കുന്ന പ്രവർത്തനമാണിത്. ജനകീയ കൂട്ടായ്മകൾക്കു പുറമേ, സാമൂഹിക-സാംസ്കാരിക സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജനസംഘടനകൾ എന്നിവയും പദ്ധതിയിൽ സജീവമായി പങ്കുചേർന്നിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി നദിയും, തോടുകളും, കൈത്തോടുകളും വൃത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. നദീതീര സംരക്ഷണത്തിനായി മുള, മരുത്, നീർമരുത്,

ആറ്റുവഞ്ചി, കണ്ടൽ എന്നിവ നട്ടുപിടിപ്പിക്കുന്നു. ആയിരക്കണക്കിന് മത്സ്യക്കുഞ്ഞുങ്ങളെയും നദിയിൽ നിക്ഷേപിച്ചിട്ടുണ്ട്. നദിയിലെ ആഫ്രിക്കൻ പായൽ മാറ്റി ശുദ്ധിയാക്കാനുള്ള തുടർനടപടികളുമുണ്ട്.

**നഗര ജൈവവൈവിധ്യ സംരക്ഷണ പദ്ധതി**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പാക്കുന്ന നൂതനാശയ പരിപാടിയാണ് നഗര ജൈവവൈവിധ്യ സംരക്ഷണ പദ്ധതി. കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലെ ജനകീയ ജൈവവൈവിധ്യ പരിപാലന സമിതികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ നഗരങ്ങളിലെ കുളങ്ങളും, ജലാശയങ്ങളും സംരക്ഷിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. വൻതോതിൽ മലിനീകരണവും, ശോഷണവും നേരിടുന്ന നഗരപ്രദേശങ്ങളിലെ ജലാശയങ്ങളെ സമൂഹത്തിന് ഗുണകരമാവും വിധം പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഒരു കുളത്തിന് 3 ലക്ഷം രൂപ എന്ന തോതിൽ ഒറ്റത്തവണ ഗ്രാന്റായി ഇതിനുള്ള ധനസഹായം നൽകുന്നു.

തിരുവനന്തപുരം നഗരസഭയിലെ 13 കുളങ്ങൾ ഇത്തരത്തിൽ പുനരുജ്ജീവിപ്പിച്ച് മാതൃകാപരമായി സംരക്ഷിച്ചു വരുന്നു.

**ശുദ്ധജലം, ജീവജലം പദ്ധതി കടലാസിൽ ഒതുങ്ങി**

ജലസ്രോതസിന്റെ സംരക്ഷണം, ബോധവൽക്കരണം എന്നിവ ലക്ഷ്യമിട്ട് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ആസൂത്രണം ചെയ്ത പദ്ധതിയാണ് "ശുദ്ധജലം, ജീവജലം". കരമനയാറിന്റെ സംരക്ഷണാർത്ഥം ചെയ്യാൻ കഴിയുന്ന പ്രവൃത്തികളെപ്പറ്റി പഠിക്കുക, ജലം/നദി/തണ്ണീർത്തടങ്ങൾ എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തുക, പൊതുടാപ്പുകൾക്ക് ഫൗണ്ടൻ പോസ്റ്റ് സ്ഥാപിക്കുക എന്നിവയായിരുന്നു 25 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയുടെ ലക്ഷ്യങ്ങൾ. 2009-10, 2010-11 വർഷങ്ങളിലായി പ്രോജക്ട് നമ്പർ 568/10, 171/11 എന്നിവ പ്രകാരം 25 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ നാളിതുവരെ മേൽ പദ്ധതിയിൽ എത്ര തുക വിനിയോഗിച്ചെന്നോ, എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നുവെന്നോ സംബന്ധിച്ച വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

**ശാസ്താംകോട്ട കായൽ തീരത്തെ കയർഭൂവസ്ത്രം തീയിട്ട് നശിപ്പിച്ചു; ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം**

കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകമായ ശാസ്താംകോട്ട കായലിനെ മണ്ണൊലിപ്പിൽ നിന്നും സംരക്ഷിക്കാനായി ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പാക്കിയ പദ്ധതിയാണ് കയർഭൂവസ്ത്രം ഉപയോഗിച്ച് പാർശ്വഭിത്തി നിർമ്മാണം. 2011-12-ൽ ആരംഭിച്ച പ്രവൃത്തികൾ 2012-13 ലാണ് പൂർത്തിയായത്.

ശാസ്താംകോട്ട ടൗൺ 11-ാം വാർഡിലെ അമ്പലക്കടവിനു സമീപം ആരംഭിച്ച് ഡി.ബി.കോളേജ് വനിതാ ഹോസ്റ്റലിനു സമീപം വരെ മണ്ണൊലിപ്പിന് സാധ്യതയുള്ള തടാകതീരത്ത് 500 മീറ്റർ നീളത്തിൽ 7,500 ചതുരശ്രമീറ്റർ വിസ്തൃതിയിലാണ് പ്രവൃത്തി നടപ്പാക്കിയത്. 15,00,000/- രൂപയുടെ ഭരണാനുമതിയാണ് പ്രവൃത്തിക്ക് ലഭിച്ചത്. തടാകതീരത്ത് കയർഭൂവസ്ത്രം വിരിച്ച് മുളയാണികൾ തറച്ച് ഉറപ്പിച്ച് രാമച്ചം നട്ട് കിളിർപ്പിക്കുവാനുള്ള ഈ പദ്ധതിക്ക് 5841 തൊഴിൽ ദിനങ്ങളിലായി 9,57,924/- രൂപ തൊഴിലാളി വേതനമായും, 65,028/- രൂപ അനുബന്ധ ചെലവുകൾക്കുമായും വിനിയോഗിച്ചു. കയർഭൂവസ്ത്രവും, രാമച്ചത്തൈകളും കയർഫെഡ് സൗജന്യമായി നൽകി.

എന്നാൽ പദ്ധതി പ്രദേശം സന്ദർശിച്ച ഓഡിറ്റ് ടീമിന് കാണാനായത് പ്രവൃത്തിയുടെ മുക്കാൽ ഭാഗത്തോളം കയർഭൂവസ്ത്രവും, രാമച്ചവും തീവെച്ചു നശിപ്പിച്ചതായാണ്. പത്ത് റീച്ചുകളിലായി ചെയ്ത പ്രവൃത്തിയിൽ ഏതാണ്ട് രണ്ട് റീച്ച് ഭാഗം മാത്രമാണ് ഇനി ബാക്കിയുള്ളത്. സാമൂഹ്യവിരുദ്ധരാണ് തീയിട്ടതെന്ന് പഞ്ചായത്തധികൃതർ അറിയിച്ചുവെങ്കിലും ഇത് സംബന്ധിച്ച് തുടർനടപടികൾ അധികാരികൾ സ്വീകരിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**കൊല്ലം**

**ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

160. ചിറ്റിലംപാട് ചിറയോട് ചേർന്ന പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കാൻ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളൊന്നും ലഭ്യമാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞതിന്, കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കയ്യേറിയ സ്ഥലത്ത് ഒരു ചായക്കട പ്രവർത്തിച്ചിരുന്നത് ഒഴിപ്പിച്ചിട്ടുണ്ടെന്നും നിലവിൽ ചിറയിൽ നീരൊഴുക്കുണ്ടെന്നും കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഇത് സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**ആലപ്പുഴ**

**താമരക്കുളം ഗ്രാമപഞ്ചായത്ത്**

161. ടൂറിസം വകുപ്പ് ഇടപെട്ട് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വയ്യാങ്കരച്ചിറ കയ്യേറ്റം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് താമരക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

162. 1.6 കോടി രൂപയുടെ പ്രോജക്റ്റ് ജലസ്രോതസ്സിന്റെ വടക്കുവശത്ത് ഏകദേശം 200 മീറ്റർ നീളത്തിൽ സൈഡ്‌വാൾ കെട്ടി മണ്ണിട്ട് ഫില്ല് ചെയ്ത്, ടൈൽ പാകിയ നടപ്പാതയും ഏതാനും സിമന്റ് ഇരിപ്പിടങ്ങളും നിർമ്മിച്ചിട്ടുണ്ടെങ്കിലും വയ്യാങ്കര ചിറയുടെ മറ്റ് ഭാഗങ്ങളിൽ സ്വകാര്യവ്യക്തികൾ കയ്യേറിയത് ഒഴിപ്പിച്ച് ജലസ്രോതസ്സ് പൂർണ്ണമായി സംരക്ഷിച്ചിട്ടില്ലായെന്ന് ഓഡിറ്റ് പരാമർശമുണ്ടെന്നും സമിതി വ്യക്തമാക്കി. പ്രസ്തുത സ്ഥലത്തിന്റെ മുഴുവൻ വിസ്തൃതിയും ഡി.ടി.പി.സി. അതിർത്തി കെട്ടി സംരക്ഷിച്ചതിന്റെ പരിധിയിൽ വന്നിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്നും പുറമ്പോക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ടോയെന്ന് വ്യക്തത വരുത്തി മറുപടി നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

**വെൺമണി ഗ്രാമപഞ്ചായത്ത്**

163. കുതിരവട്ടം ചിറയുടെ കുറച്ചുഭാഗം അവിടെ പ്രവർത്തിക്കുന്ന സെന്റ് തോമസ് കോളേജ് കയ്യേറിയിട്ടുണ്ടെന്നും അത് അളന്ന് തിട്ടപ്പെടുത്തുന്നതിന് സർവ്വെയർമാരുടെ കുറവുണ്ടെന്നും അതിന്റെ സ്കെച്ച് സമർപ്പിച്ചിട്ടുണ്ടെങ്കിലും മാർക്ക് ചെയ്തിട്ടില്ലെന്നും വെൺമണി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

164. സർവ്വെ നടത്തി അതിർത്തി രേഖപ്പെടുത്തുന്നതിനായി സ്കെച്ച് സഹിതം പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്ന് ചെങ്ങന്നൂർ താലൂക്ക് ഓഫീസ് ഡെപ്യൂട്ടി തഹസീൽദാർ അറിയിച്ചു.

165. സ്കെച്ച് നൽകിയിട്ടുണ്ടെങ്കിലും കയ്യേറ്റം മാർക്ക് ചെയ്തുനൽകിയാൽ മാത്രമേ ഒഴിപ്പിക്കാൻ സാധിക്കുകയുള്ളുവെന്ന് വെൺമണി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇതിലേയ്ക്കായി സർവ്വെ വിഭാഗത്തിൽ നിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നിലവിൽ ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം മറ്റൊരു സർവ്വെ നടത്തിക്കൊണ്ടിരിക്കുകയായതിനാൽ സർവ്വെയർമാരുടെ ലഭ്യതക്കുറവുണ്ടെന്നും ഒരു മാസത്തിനുള്ളിൽ തീർപ്പാക്കുന്നതാണെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

166. പഞ്ചായത്ത് അധികൃതർ ഇത് ഫോളോ അപ്പ് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു. കൂടാതെ എത്ര സ്ഥലമാണ് കോളേജ് കൈയ്യേറിയിട്ടുള്ളതെന്ന ചോദ്യത്തിന്, മൂന്ന് ഭാഗങ്ങളായുള്ള വളരെ വിസ്തൃതമായ ഒരു ചിറയാണതെന്നും എന്നാൽതന്നെയും സ്കെച്ചിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് നടപടി സ്വീകരിക്കാൻ സാധിക്കുമെന്നും ഹിയറിംഗും മറ്റും നടന്നിട്ടുണ്ടോയെന്ന് അറിയേണ്ടതായിട്ടുണ്ടെന്നും സാധാരണഗതിയിൽ നോട്ടീസ് കൊടുക്കുകയാണ് ചെയ്യുന്നതെന്നും കയ്യേറിയ ഭാഗം ഡീമാർക്കെറ്റ് ചെയ്ത് സ്കെച്ചിനകത്ത് സ്പെസിഫിക്കായി എടുത്തുകാണിച്ചിട്ടുണ്ടെന്നും ഒരു മാസത്തിനകം സർവ്വെ

പൂർത്തീകരിക്കുന്നതാണെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. സർവ്വെ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## കോഴിക്കോട് ജില്ല

### പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

<u>നരിക്കിലാപ്പുഴ</u>

167. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, നരിക്കിലാപ്പുഴയിൽ 2022-23-ൽ ചെളി നീക്കി പുഴ വൃത്തിയാക്കുന്നതിനും സൈഡ് സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിനുമാണ് 20 ലക്ഷം രൂപ വകയിരുത്തി പദ്ധതി വിഭാവനം ചെയ്തിരുന്നതെന്നും അതുകൂടാതെ 2023-24-ൽ 18 ലക്ഷം രൂപകൂടി വകയിരുത്തിയിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുകയാണെന്നും ടൂറിസത്തിന് പ്രാധാന്യം നൽകിക്കൊണ്ട് വിളക്കുകാൽ പോലുള്ള കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

168. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചതിനുശേഷം റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>കണ്ണോത്ത്കുന്ന് കുടിവെള്ള പദ്ധതി</u>

169. കണ്ണോത്ത് കുന്ന് കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ചേർമ്മല നടുക്കണ്ടി മീത്തൽ കുടിവെള്ള പദ്ധതി</u>

170. ചേർമ്മല നടുക്കണ്ടി മീത്തൽ കുടിവെള്ള പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

## കണ്ണൂർ ജില്ല

### കണ്ണൂർ നഗരസഭ

<u>ചെട്ട്യാർകുളം, ആനക്കുളം</u>

171. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ചെട്ട്യാർകുളം, ഒറ്റക്കണ്ണൻ-ഇരട്ടക്കണ്ണൻ പാലത്തിന്റെ ഇടയിലെ താവ എന്ന ജലസ്രോതസ്സുമായി ബന്ധപ്പെട്ട വിഷയമാണ് ഓഡിറ്റ് പരാമർശത്തിലുള്ളതെന്നും നഗരസഭ പരിധിയിലെ

വിവിധ ജലസ്രോതസ്സുകളും നീർച്ചാലുകളും ശുചീകരിച്ച് മാലിന്യമുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അമൃത് 1.0-ലും 2.0-ലും അനുബന്ധ രീതിയിലും പുതിയതായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും നിലവിൽ ചെട്ട്യാർകുളം, ആനക്കുളം എന്നിവ അമൃത് പദ്ധതിയിലുൾപ്പെടുത്തി പൂർണ്ണമായി നവീകരിച്ച് വൃത്തിയാക്കി വരുന്നുണ്ടെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

172. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

ഒറ്റക്കണ്ണൻ-ഇരട്ടക്കണ്ണൻ പാലത്തിന്റെ ഇടയിലെ താവ

173. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഒറ്റക്കണ്ണൻ-ഇരട്ടക്കണ്ണൻ പാലത്തിന്റെ ഇടയിലെ താവ നിലവിൽ സ്വകാര്യ വ്യക്തികളുടെ ഭൂമിയാണെന്നും പ്രസ്തുത കുളം ചണ്ടികൊണ്ട് നിറഞ്ഞിരിക്കുകയാണെന്നും കുളം വൃത്തിയാക്കുന്നത് സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുന്നുണ്ടെന്നും കോർപ്പറേഷൻ സ്വമേധയാ കുളം വൃത്തിയാക്കിയതിനുശേഷം ഉടമസ്ഥരിൽനിന്നും തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടി വരുമെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

174. നോട്ടീസ് കൊടുത്തതിനുശേഷമാണ് തർക്ക ഭൂമിയാണെന്ന് അറിയാൻ സാധിച്ചതെന്നും സ്വകാര്യ ഭൂമിയിലെ മാലിന്യം നീക്കം ചെയ്യാൻ നഗരസഭയ്ക്ക് അധികാരമുണ്ടെന്ന ഹൈക്കോടതി ഉത്തരവിൻ പ്രകാരമാണ് നോട്ടീസ് നൽകിയിട്ടുള്ളതെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

175. നടപടിക്രമം പാലിച്ച് മാലിന്യം നീക്കം ചെയ്തതിനുശേഷം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**മാതൃകാപരമായി സംരക്ഷിക്കപ്പെടുന്ന ജലസ്രോതസ്സുകൾ**

**തിരുവനന്തപുരം നഗരസഭ**

**കൊല്ലം നഗരസഭ**

176. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ സമിതി അംഗീകരിച്ചു.

**തൃശ്ശൂർ നഗരസഭ**

177. തൃശ്ശൂർ നഗരസഭയിലെ 5 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ആറ് കുളങ്ങളുടെ നവീകരണ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രവൃത്തി

പൂർത്തീകരിച്ചതിനുശേഷം റിപ്പോർട്ട് നൽകാമെന്നും തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ട് മറുപടി നൽകി.

178. കുളങ്ങളുടെ എണ്ണം പറഞ്ഞുകൊണ്ടാണ് പരാമർശം വരാനിടയായതെന്നും പ്രവൃത്തി പൂർത്തീകരിച്ച കുളങ്ങളെ സംബന്ധിച്ച് വ്യക്തമായി റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിൽ ആയത് സംബന്ധിച്ച് പരിശോധന നടത്തി പരാമർശം ഒഴിവാക്കാമായിരുന്നുവെന്നും പ്രവൃത്തി പൂർത്തീകരിച്ചവയും/നവീകരണ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന കുളങ്ങളുടെയും പേരും, മറ്റ് അനുബന്ധ വിവരങ്ങളും സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

**മാതൃകയാകുന്ന പുനർജനി പദ്ധതി**

**നഗര ജൈവവൈവിധ്യ സംരക്ഷണ പദ്ധതി**

179. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ സമിതി അംഗീകരിച്ചു.

**ശുദ്ധജലം, ജീവജലം പദ്ധതി കടലാസ്സിൽ ഒതുങ്ങി**

**തിരുവനന്തപുരം നഗരസഭ**

180. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി നൽകിയിട്ടുള്ളതാണെന്നും നഗരസഭ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 25,00,000/-രൂപയിൽ 20,91,398/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ടെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി അറിയിച്ചു.

181. രേഖകൾ ലഭ്യമാക്കിയില്ലെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിനെ തുടർന്ന് രേഖകൾ ഹാജരാക്കാമെന്ന് തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി അറിയിച്ചു.

182. ഇതൊരു ഗൗരവതരമായ അനാസ്ഥയാണെന്നും തിരുവനന്തപുരം നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ പരിശോധിച്ചതിലെല്ലാം ഇത്തരത്തിലുള്ള മറുപടിയാണ് നൽകിയിട്ടുള്ളതെന്നും നഗരസഭയിലെ ഉത്തരവാദിത്തപ്പെട്ട തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ ഇത്തരത്തിൽ അനാസ്ഥ കാണിക്കാൻ പാടില്ലെന്നും വ്യക്തതയില്ലാത്ത മറുപടിയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്നതെന്നും ഓഡിറ്റ് പരാമർശങ്ങൾ പരിശോധിക്കാതെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യാതെയുമാണ് ഉദ്യോഗസ്ഥർ സമിതി യോഗത്തിൽ ഹാജരാകുന്നതെന്നും സമിതി കുറ്റപ്പെടുത്തി.

183. സമിതി യോഗത്തിൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി നേരിട്ട് ഹാജരാകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

184. നിയമസഭ സമിതിയെന്ന് പറയുന്നത് നിയമസഭയുടെ മിനിയേച്ചറാണെന്നും വളരെ ലാഘവത്തോടുകൂടിയാണ് നിയമസഭാ സമിതി യോഗത്തെ ഉദ്യോഗസ്ഥർ കാണുന്നതെന്നും ഓഡിറ്റ് പരാമർശങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും കൃത്യമായ ഉത്തരം ലഭിക്കാത്ത സ്ഥിതിയാണെന്നും ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട നോട്ട് ബന്ധപ്പെട്ട വകുപ്പുകൾക്ക് മുൻകൂട്ടി നൽകുന്നത്, ആവശ്യമായ വിവരശേഖരണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആയതിന്മേൽ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമായി പരാമർശം ഒഴിവാക്കുന്നതിനും വേണ്ടിയാണെന്നും സമിതി കൂട്ടിച്ചേർത്തു.

185. സമിതിയുടെ തുടർന്നുള്ള യോഗങ്ങളിൽ സെക്രട്ടറിയോട് നിർബന്ധമായും പങ്കെടുക്കണമെന്ന് ആവശ്യപ്പെടാമെന്ന് തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

**ശാസ്താംകോട്ട കായൽ തീരത്തെ കയർഭ്രവസ്ത്രം തീയിട്ട് നശിപ്പിച്ചു: ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം.**

**കൊല്ലം ജില്ല**

**ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

186. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ശാസ്താംകോട്ട കായൽ തീരത്ത് കയർഭ്രവസ്ത്രം വിരിച്ച് രാമച്ചം നട്ടിരുന്നുവെങ്കിലും സാമൂഹ്യവിരുദ്ധർ കയർഭ്രവസ്ത്രം തീയിട്ടതിന്റെ ഭാഗമായി രാമച്ചം കത്തിപ്പോയതാണെന്നും രാമച്ചത്തിന്റെ വേര് മണ്ണിലുറച്ച് ആഴത്തിലിറങ്ങുന്നതു കൊണ്ട് വീണ്ടും നല്ലതുപോലെ കിളിർത്തു നിൽക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

187. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**188. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലുള്ള ചിറ്റിലംപാട് ചിറയോട് ചേർന്ന പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**189. ആലപ്പുഴ ജില്ലയിലെ താമരക്കുളം ഗ്രാമപഞ്ചായത്തിലുള്ള വയ്യാങ്കര ചിറയുടെ സ്ഥലത്തിന്റെ മുഴുവൻ വിസ്തൃതിയും ഡി.ടി.പി.സി. അതിർത്തി കെട്ടി സംരക്ഷിച്ചതിന്റെ പരിധിയിൽ വന്നിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്നും പുറമ്പോക്ക്**

ഒഴിവാക്കിക്കൊടുത്തിട്ടുണ്ടോയെന്ന് വ്യക്തത വരുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

190. ആലപ്പുഴ ജില്ലയിലെ വെൺമണി ഗ്രാമപഞ്ചായത്തിലുള്ള കുതിരവട്ടം ചിറയുടെ അതിർത്തി നിർണ്ണയിക്കുന്നതിനായി സർവ്വെ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

191. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലുള്ള നരിക്കിലാപ്പുഴയുമായി ബന്ധപ്പെട്ട പദ്ധതി പൂർത്തീകരിച്ചതിനുശേഷം റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

192. കണ്ണോത്ത് കുന്ന് കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

193. ചേർമ്മല നടുക്കണ്ടി മീത്തൽ കുടിവെള്ള പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് സമഗ്രമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

194. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയിലെ ചെട്ട്യാർകുളം, ആനക്കുളം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

195. കണ്ണൂർ നഗരസഭയിലെ ഒറ്റക്കണ്ണൻ-ഇരട്ടക്കണ്ണൻ പാലത്തിന്റെ ഇടയിലെ താവയിലെ മാലിന്യം നടപടിക്രമം പാലിച്ച് നീക്കം ചെയ്തതിനുശേഷം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

196. തൃശ്ശൂർ നഗരസഭയിലെ പ്രവൃത്തി പൂർത്തീകരിച്ചവയും നവീകരണ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നവയുമായ കുളങ്ങളുടെ പേരും മറ്റ് അനുബന്ധ വിവരങ്ങളും സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

197. തിരുവനന്തപുരം നഗരസഭയുടെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വ്യക്തമായ രേഖകൾ അടങ്ങുന്ന മറുപടികൾ നൽകാത്തത് ഉദ്യോഗസ്ഥ തലത്തിലുള്ള ഉത്തരവാദിത്തമില്ലായ്മയും അനാസ്ഥയും ആണെന്ന് സമിതി വിലയിരുത്തുന്നു. നിയമസഭയുടെ മിനിയേച്ചറായ സമിതി യോഗത്തിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറി നേരിട്ട് ഹാജരാകാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ശുദ്ധജലം, ജീവജലം പദ്ധതി കടലാസ്സിൽ ഒതുങ്ങി എന്നുള്ള

**ഓഡിറ്റ് പരാമർശത്തിന്മേലുള്ള വകുപ്പിന്റെ മറുപടിയും വാട്ടർ അതോറിറ്റി നൽകിയ വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച രേഖകളും ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**198. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ, ശാസ്താംകോട്ട കായൽ തീരത്തെ കയർഭൂവസ്ത്രം തീയിട്ട് നശിപ്പിച്ചു: ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം എന്നുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല**

ശുദ്ധജലസ്രോതസ് എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റവും കൂടുതൽ ചെലവഴിച്ചിട്ടുള്ള ഇനമാണ് പൊതുകിണറുകൾ. ഇവയുടെ കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ കുറവാണ്. ഇവയെ സമയബന്ധിതമായി പരിപാലിക്കുന്നതിലും, ജനങ്ങൾക്ക് ഉപയോഗപ്രദമാക്കി മാറ്റുന്നതിലും വേണ്ടത്ര ശ്രദ്ധാന്തി കാണിക്കുന്നില്ല. വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉപയോഗയോഗ്യമല്ലാത്ത ആയിരക്കണക്കിന് പൊതു കിണറുകളുണ്ട്.

തിരുവനന്തപുരം നഗരസഭ പൊതുകിണറുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിലെ കുഴിയംവിള പൊതുകിണർ, പെരുങ്കുഴി മേട ജംഗ്ഷൻ പൊതുകിണർ എന്നിവയിൽ മാലിന്യങ്ങൾ നിറഞ്ഞു കിടക്കുന്നു.

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ രണ്ടാം വാർഡിലെ പൊതുകിണർ മാലിന്യങ്ങൾ നിറഞ്ഞ നിലയിലാണ്. കിണറിനെ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ ലഭിച്ച പരാതിയിൽ, കിണർ മൂടാനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തത് (7-1-12 ലെ 18-ാം നമ്പർ തീരുമാനം). മാലിന്യം നീക്കം ചെയ്ത് കിണർ ഉപയോഗയോഗ്യമാക്കാനുള്ള സാധ്യതകൾ പരിശോധിക്കാതെ മൂടാൻ തീരുമാനിച്ചത് ശരിയായ നടപടിയല്ല.

വയനാട് ജില്ലാപഞ്ചായത്ത് വിവിധ പദ്ധതിക്കാലയളവുകളിലായി 115 പൊതുകിണറുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ എത്രയെണ്ണം ഉപയോഗയോഗ്യമാണെന്നുള്ള വിവരം ലഭ്യമല്ല.

**പൊതുകിണറുകൾ അവലോകനം**

| തദ്ദേശഭരണ സ്ഥാപനം | ജില്ല | ആകെ പൊതു കിണറുകൾ | നിലവിൽ ഉപയോഗിക്കുന്നവ | ഉപയോഗ ശൂന്യമായവ |
|---|---|---|---|---|
| കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട | 47 | 38 | 9 |
| തിരുവല്ല നഗരസഭ | പത്തനംതിട്ട | 13 | 12 | 1 |
| ചങ്ങനാശ്ശേരി നഗരസഭ | കോട്ടയം | 26 | 20 | 6 |
| രാജകുമാരി ഗ്രാമപഞ്ചായത്ത് | ഇടുക്കി | 19 | 13 | 6 |
| മുട്ടം ഗ്രാമപഞ്ചായത്ത് | ഇടുക്കി | 9 | 4 | 5 |
| പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് | ഇടുക്കി | 21 | 11 | 10 |
| പഴയന്നൂർ ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 89 | 81 | 8 |
| അരിമ്പൂർ ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 26 | 22 | 4 |
| പുത്തൂർ ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 42 | 39 | 3 |
| വേളൂക്കര ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 71 | 63 | 8 |
| തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ | തൃശ്ശൂർ | 212 | 194 | 18 |
| ചിറ്റൂർ-തത്തമംഗലം നഗരസഭ | പാലക്കാട് | 75 | 67 | 8 |
| നെല്ലായ ഗ്രാമപഞ്ചായത്ത് | പാലക്കാട് | 29 | 20 | 9 |
| കുറുവ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 57 | 52 | 5 |
| തിരൂർ നഗരസഭ | മലപ്പുറം | 21 | 16 | 5 |
| പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 73 | 67 | 6 |
| മാവൂർ ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 56 | 48 | 8 |
| ചോറോട് ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 46 | 41 | 5 |
| നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | വയനാട് | 41 | 39 | 2 |

കേരളത്തിലെ പൊതുകിണറുകളുടെ 13 ശതമാനത്തോളം ഉപയോഗശൂന്യമായ നിലയിലാണെന്നാണ് പഠനം സൂചിപ്പിക്കുന്നത്. കേരളത്തിൽ ആകെ 45 ലക്ഷത്തോളം കിണറുകൾ ഉണ്ടെന്നാണ് കോഴിക്കോട്ടെ സി.ഡബ്ല്യൂ.ആർ.ഡി.എം. നടത്തിയ

പഠനപ്രകാരമുള്ള കണക്ക്. മാലിന്യങ്ങൾ തള്ളുന്ന കേന്ദ്രങ്ങളായി മാറിയിട്ടുള്ള ഉപയോഗ ശൂന്യമായ പൊതുകിണറുകളെ ശരിയായി പരിപാലിക്കുവാൻ ക്രിയാത്മകമായ നടപടികൾ തദ്ദേശസ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല.**

**തിരുവനന്തപുരം ജില്ല**

199. പ്രസ്തുത ഓഡിറ്റ് പരാമർശം നേരത്തെ പരിഗണിച്ചതാണ്.

**അഴൂർ ഗ്രാമപഞ്ചായത്ത്**

പെരുങ്ങുഴി മേട ജംഗ്ഷനിലെ കിണർ

200. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പെരുങ്ങുഴി മേട ജംഗ്ഷനിലുള്ള 50 വർഷം പഴക്കമുള്ള കിണറ്റിൽ സാമൂഹ്യവിരുദ്ധർ മാലിന്യം നിക്ഷേപിച്ചതിന്റെ ഭാഗമായി ഉപയോഗശൂന്യമായ നിലയിലാണെന്നും 90 അടി താഴ്ചയുള്ള കിണറിൽനിന്നും മാലിന്യം നീക്കം ചെയ്ത് വൃത്തിയാക്കുന്നത് പ്രായോഗികമല്ലെന്നാണ് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളതെന്നും അഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

കുഴിയംവിള കിണർ

201. വയൽ തീരത്തുള്ള കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതിയായി കായലിന്റെയും വയലിന്റെയും ഇടയ്ക്കാണ് കുഴിയംവിള കിണർ സ്ഥിതി ചെയ്യുന്നതെന്നും 2018-ലെ പേമാരിയിൽ വെള്ളം നിറഞ്ഞ് കിണറിന് നാശനഷ്ടമുണ്ടാവുകയും ഓരു കയറി വെള്ളം മഞ്ഞനിറത്തിലായതിനാൽ കുടിക്കാൻ പറ്റാത്ത സ്ഥിതിയിലുമാണെന്നും ആയതിനാൽ വൻതുക ചെലവഴിച്ച് അറ്റകുറ്റപ്പണി നടത്തേണ്ടതില്ലെന്ന നിലപാടാണ് ഭരണസമിതി സ്വീകരിച്ചിട്ടുള്ളതെന്നും അഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

202. കിണറിലെ വെള്ളത്തിൽ മാലിന്യമുള്ളതുകൊണ്ടാണ് മഞ്ഞ നിറത്തിൽ കാണുന്നതെന്നും ജലം ലാബിൽ പരിശോധനയ്ക്കയക്കാതെ ഉപയോഗ യോഗ്യമല്ലെന്ന് വിലയിരുത്താൻ സാധിക്കുകയില്ലെന്നും ജലദൗർലഭ്യം നേരിടുന്ന കാലഘട്ടത്തിൽ കിണർ പുനരുദ്ധാരണം ചെയ്യേണ്ട എന്ന നിലപാട് സ്വീകരിക്കാൻ പാടില്ലായെന്നും അഭിപ്രായപ്പെട്ട സമിതി കിണറിലെ വെള്ളം ലാബിൽ കൊടുത്ത് പരിശോധന നടത്തിയതിനുശേഷം റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് നിർദ്ദേശിച്ചു.

203. പ്രസ്തുത രണ്ട് കിണറുകളും ഉപയോഗയോഗ്യമാക്കിയില്ലെങ്കിൽ സാംക്രമിക രോഗങ്ങൾ പടർത്തുന്ന പൊതുകിണറായി മാറാൻ സാധ്യതയുണ്ടെന്നും തൊഴിലുറപ്പ് പദ്ധതി മുഖാന്തരം വൃത്തിയാക്കാൻ നടപടി സ്വീകരിക്കുമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ളത് പ്രകാരം വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

204. പൊതുകിണർ മൂടിയത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പൊതു കിണറിൽ മാലിന്യങ്ങൾ നിറഞ്ഞതിനാൽ 7-1-2012-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം കിണർ മൂടുകയാണുണ്ടായതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

205. കിണർ മൂടിയ സ്ഥലം നിലവിൽ എന്താവശ്യത്തിന് ഉപയോഗിക്കുന്നുവെന്നും സ്ഥലത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്നും മറ്റുമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**വയനാട് ജില്ലാപഞ്ചായത്ത്**

206. വയനാട് ജില്ലാ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ പങ്കെടുക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, വകുപ്പിൽ നിന്നും യോഗത്തിൽ നേരിട്ട് പങ്കെടുത്ത് ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് വിശദീകരണം നൽകാമെന്ന് മീറ്റിംഗിന്റെ തലേ ദിവസവും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പറഞ്ഞതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി. ഉദ്യോഗസ്ഥൻ മീറ്റിംഗിന് പങ്കെടുക്കാതിരുന്നതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

207. 115 കിണറുകളിൽ 96 കിണറുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും കൈമാറിയതിന്റെ വിവരങ്ങൾ ജില്ലാ പഞ്ചായത്തിലില്ലെന്നും ആസ്തി രജിസ്റ്റർ പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളത് 19 കിണറുകളാണെന്നും ഇത് വളരെ ഗൗരവമുള്ള വിഷയമാണെന്നും അഭിപ്രായപ്പെട്ട സമിതി ഈ കിണറുകൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതുണ്ടോ എന്ന് ആരാഞ്ഞു.

208. ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള 115 കിണറുകൾ ജില്ലാ പഞ്ചായത്ത് പദ്ധതിത്തുക ഉപയോഗിച്ച് വൃത്തിയാക്കിയെന്നതാണ് ഓഡിറ്റ് പരാമർശമെന്നും ജില്ലാ പഞ്ചായത്ത് കിണറുകൾ ഏറ്റെടുത്തതാണോയെന്നും പ്രൊജക്ട് തയ്യാറാക്കി കിണറിന്റെ വർക്ക് ചെയ്താൽ മതിയായിരുന്നുവെന്നും കിണർ ഏറ്റെടുക്കേണ്ടിയിരുന്നില്ല എന്നും

പ്രസ്തുത വിഷയം വിശദമായി പരിശോധിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പങ്കെടുക്കുന്ന യോഗത്തിൽ ഈ വിഷയം ഒരിക്കൽക്കൂടി പരിഗണിക്കാമെന്നും സമിതി തീരുമാനിച്ചു.

209. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്ത് പ്രോജക്ട് വയ്ക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടുകൂടിയല്ലേയെന്നും തുകയെങ്ങനെ ചെലവഴിക്കാമെന്നതിന് നിലവിൽ നിരവധി മാർഗ്ഗങ്ങളുണ്ടെന്നും പദ്ധതിപ്പണം വച്ച് അതത് പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് കിണറുകൾ നിർമ്മിക്കുന്നതിനുപകരം ജില്ലാ പഞ്ചായത്ത് പണി ഏറ്റെടുത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. കൂടാതെ പ്രസ്തുത വിഷയത്തിൽ അഴിമതി നടന്നിട്ടുണ്ടെന്നത് വ്യക്തമാണെന്നും കൃത്യമായ മറുപടി കിട്ടിയാൽ മാത്രമേ ഈ പരാമർശം ഒഴിവാക്കാൻ സാധിക്കുകയുള്ളൂവെന്നും സമിതി കൂട്ടിച്ചേർത്തു.

**പൊതുകിണറുകളുടെ അവലോകനം**

**കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്**

210. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 9 പൊതുകിണറുകളിൽ 7 എണ്ണം ഉപയോഗയോഗ്യമാക്കിയിട്ടുണ്ടെന്നും രണ്ടെണ്ണം വാട്ടർ അതോറിറ്റിയുടെ സഹായത്താൽ പുനരുജ്ജീവിപ്പിക്കാൻ കഴിയുമെന്നും മേൽ വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് വകുപ്പ് മറുപടി പരിശോധിച്ച് അറിയിക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി വ്യക്തമാക്കി.

**തിരുവല്ല നഗരസഭ**

**ചങ്ങനാശ്ശേരി നഗരസഭ**

211. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**രാജകുമാരി ഗ്രാമപഞ്ചായത്ത്**

212. 19 പൊതു കിണറുകളിൽ 13 എണ്ണം ഉപയോഗപ്രദമാണെന്നും ബാക്കി 6 കിണറുകളുടെ നിലവിലെ അവസ്ഥയെന്താണെന്നും സമിതി ആരാഞ്ഞു. പൊതു കിണറുകൾ ഉപയോഗപ്രദമാക്കിയിട്ടുണ്ടെന്നും ഉപഭോക്തൃസമിതികൾ കാര്യക്ഷമമാക്കിയിട്ടുണ്ടെന്നും പൊതുകിണറുകൾ ഉപയോഗയോഗ്യമാണെങ്കിലും കുഴൽകിണറുകളിൽ വെള്ളമില്ലാത്ത അവസ്ഥയിലാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

213. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**മുട്ടം ഗ്രാമപഞ്ചായത്ത്**

214. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, നിലവിൽ എല്ലാ പൊതുകിണറുകളും ഉപയോഗപ്രദമാക്കിയിട്ടുണ്ടെന്നും വേനൽകാലങ്ങളിൽ മാത്രമാണ് 5 പൊതുകിണറുകൾ ഉപയോഗിക്കുന്നതെന്നും അല്ലാത്ത സമയങ്ങളിൽ ഗുണഭോക്താക്കൾ അവരവരുടെ വീടുകളിലെ കിണറാണ് ഉപയോഗിക്കുന്നതെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ആവശ്യപ്പെട്ടപ്പോൾ റിപ്പോർട്ട് 25-4-2023-ൽ സമർപ്പിച്ചിട്ടുണ്ടെന്ന് മുട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

215. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് തീരുമാനമെടുക്കാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

**പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്ത്**

216. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 21 പൊതുകിണറുകളിൽ 15 എണ്ണം ഉപയോഗപ്രദമാണെന്നും മറ്റ് കുടിവെള്ള പദ്ധതികൾ നടപ്പാക്കിയതിന്റെ ഫലമായി ഉപയോഗിക്കാതെകിടന്ന ബാക്കി 6 കിണറുകളും ഉപയോഗ യോഗ്യമല്ലാതായി മാറുകയായിരുന്നുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

217. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**പഴയന്നൂർ, അരിമ്പൂർ, പുത്തൂർ, വേളൂക്കര ഗ്രാമപഞ്ചായത്ത്**

218. പ്രസ്തുത ഓഡിറ്റ് പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞതിന്, പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായ 8 കിണറുകളെക്കൂടി വരൾച്ച ദുരിതാശ്വാസ നിധിയിലുൾപ്പെടുത്തി നവീകരിക്കാൻ പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും അംഗീകാരം ലഭിക്കാത്തതിനാൽ ആയത് നടന്നിട്ടില്ലെന്നും പദ്ധതിയിൽ ഈ 8 കിണറുകൾ കൂടി ഉൾപ്പെടുത്താമെന്നും അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ ഉപയോഗയോഗ്യമല്ലാത്ത 4 കിണറുകൾ പുനരുദ്ധരിച്ച് ഉപയോഗയോഗ്യമാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട പുത്തൂർ ഗ്രാമപഞ്ചായത്തിലെ മൂന്ന് കിണറുകൾ വേനൽകാലത്തുമാത്രം ഉപയോഗിക്കുന്നവയാണെന്നും വേനൽകാലത്ത് അവ ശുചീകരിച്ച് ഉപയോഗയോഗ്യ മാക്കുന്നുണ്ടെന്നും വേളൂക്കര ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട 8

കിണറുകളും ശുദ്ധീകരിച്ച് നിലവിൽ ഉപയോഗപ്രദമാക്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

219. മേൽപ്പറഞ്ഞ അരിമ്പൂർ, പുത്തൂർ, വേളൂക്കര എന്നീ പഞ്ചായത്തുകളിലെ പൊതുകിണറുകൾ സംബന്ധിച്ച വിവരങ്ങൾ ആസ്തി രജിസ്റ്ററിലോ മറ്റ് രജിസ്റ്ററുകളിലോ രേഖപ്പെടുത്താത്തതിനാൽ ഓഡിറ്റ് വിഭാഗത്തിന് ഇതുസംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാനായിട്ടില്ലെന്ന് സമിതി വിലയിരുത്തി.

220. കൃത്യമായ രേഖകളില്ലാത്തതിനാൽ എത്ര പൊതുകിണറുകൾ ഉപയോഗ യോഗ്യമാണെന്നും ഉപയോഗശൂന്യമാണെന്നും കണ്ടെത്താൻ കഴിയുന്നില്ലെന്നും ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

221. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്തശേഷം ഇതുസംബന്ധിച്ച വിവരം ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ**

222. തൃശ്ശൂർ കോർപ്പറേഷന്റെ എല്ലാ പൊതുകിണറുകളും നവീകരിച്ച് നിലവിൽ ഉപയോഗിച്ചു വരുന്നുണ്ടെന്ന് തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ട് മറുപടി നൽകി.

223. നവീകരിച്ച കിണറുകൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭിച്ചിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടതിനെത്തുടർന്ന് ഇതുസംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**ചിറ്റൂർ-തത്തമംഗലം ഗ്രാമപഞ്ചായത്ത് (പാലക്കാട്)**

224. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത കിണറുകൾ സംരക്ഷിച്ച് ഉപയോഗപ്രദമാക്കുന്നതിന് 2022-23 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ തുക വകയിരുത്തി പ്രവൃത്തി ചെയ്തുവരുന്നുണ്ടെന്ന് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

225. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന വിവരങ്ങളുൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നെല്ലായ ഗ്രാമപഞ്ചായത്ത്**

**കുറുവ ഗ്രാമപഞ്ചായത്ത്**

**തിരൂർ നഗരസഭ**

**പേരാമ്പ്ര ഗ്രാമപഞ്ചായത്ത്**

**മാവൂർ ഗ്രാമപഞ്ചായത്ത്**

**ചോറോട് ഗ്രാമപഞ്ചായത്ത്**

**നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്**

226. പ്രസ്തുത പരാമർശങ്ങൾ സംബന്ധിച്ച് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**227. തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിലെ കുഴിയംവിള കിണറിലെ വെള്ളം മഞ്ഞ നിറത്തിൽ കാണുന്നതിനാൽ ജലം ലാബിൽ കൊടുത്ത് പരിശോധനാ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. പെരുങ്ങുഴി മേട ജംഗ്ഷനിലെ കിണർ, കുഴിയംവിള കിണർ എന്നിവ ഉപയോഗയോഗ്യമാക്കിയില്ലെങ്കിൽ സാംക്രമിക രോഗങ്ങൾ പടർത്തുന്ന പൊതുകിണറായി മാറാൻ സാധ്യതയുണ്ടെന്ന് സമിതി വീക്ഷിക്കുന്നു. തൊഴിലുറപ്പ് പദ്ധതി മുഖാന്തരം അവ വൃത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**228. തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പൊതുകിണർ മൂടിയ സ്ഥലം നിലവിൽ എന്താവശ്യത്തിന് ഉപയോഗിക്കുന്നുവെന്നും സ്ഥലത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്നുമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**229. വയനാട് ജില്ലാ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കാത്തത് സംബന്ധിച്ച് അന്വേഷണം നടത്തി വിശദീകരണം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

**230. വയനാട് ജില്ലാ പഞ്ചായത്തിലെ 115 കിണറുകളിൽ 19 കിണറുകളുടെ വിവരങ്ങൾ മാത്രമേ ആസ്തി രജിസ്റ്ററിൽ ഉള്ളൂ എന്നത് ആശങ്ക ഉളവാക്കുന്ന വസ്തുതയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. വയനാട് ജില്ലാപഞ്ചായത്തിൽ പദ്ധതിപ്പണം വച്ച് അതത് പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് കിണറുകൾ നിർമ്മിക്കുന്നതിനുപകരം ജില്ലാ പഞ്ചായത്ത് പണി ഏറ്റെടുത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ പ്രസ്തുത വിഷയത്തിൽ കൃത്യമായ മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**231. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ പൊതുകിണറുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ്**

പരിശോധിച്ച് ബോധ്യമായതിനുശേഷം ഖണ്ഡിക ഒഴിവാക്കുവാൻ സമിതി തീരുമാനിക്കുന്നു.

232. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തിരുവല്ല നഗരസഭ, ചങ്ങനാശ്ശേരി നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

233. ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തിലെ 19 പൊതുകിണറുകളിൽ ഉപയോഗപ്രദമല്ലാത്ത 6 കിണറുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

234. മുട്ടം ഗ്രാമപഞ്ചായത്തിലെ പൊതുകിണറുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യമാകുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിക്കുന്നു.

235. പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ പൊതുകിണറുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

236. തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, അരിമ്പൂർ, പുത്തൂർ, വേളൂക്കര എന്നീ പഞ്ചായത്തുകളിലെ പൊതുകിണറുകൾ സംബന്ധിച്ച വിവരങ്ങൾ ആസ്തി രജിസ്റ്ററിലോ മറ്റ് രജിസ്റ്ററുകളിലോ രേഖപ്പെടുത്താത്തതിനാൽ ഓഡിറ്റ് വിഭാഗത്തിന് ഇതുസംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാനായിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആസ്തി രജിസ്റ്റർ നാളതീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

237. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ നവീകരിച്ച കിണറുകൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

238. പാലക്കാട് ജില്ലയിലെ ചിറ്റൂർ-തത്തമംഗലം ഗ്രാമപഞ്ചായത്തിലെ പൊതു കിണറുകൾ സംരക്ഷിച്ച് ഉപയോഗപ്രദമാക്കുന്നതിന് 2022-23 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ തുക വകയിരുത്തി ചെയ്തുവരുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന വിവരമുൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

239. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്ത്, തിരൂർ നഗരസഭ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത്, മാവൂർ

**ഗ്രാമപഞ്ചായത്ത്, ചോറോട് ഗ്രാമപഞ്ചായത്ത്, വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ പൊതു കിണറുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തണ്ണീർത്തടങ്ങൾ വ്യാപകമായി നികത്തപ്പെടുന്നു**

ഓരോ വർഷം കഴിയുന്തോറും കേരളത്തിലെ തണ്ണീർത്തടങ്ങളുടെ വിസ്തൃതിയിൽ ഗണ്യമായ കുറവാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് ഈ ദിശയിലേക്ക് വെളിച്ചം വീശുന്നു. നഗരവൽക്കരണ പ്രവണത കൂടിയ ജില്ലകളിൽ നെൽവയലുകളുടെ അളവിലും ഗണ്യമായ കുറവാണ് സംഭവിച്ചിട്ടുള്ളത്. വിശദാംശങ്ങൾ പട്ടികയിൽ.

**സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയിലെ വ്യതിയാനങ്ങൾ**

| ജില്ല | നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി (ഹെക്ടറിൽ) | | |
|---|---|---|---|
| | 2010-11 | 2011-12 | 2012-13 |
| തിരുവനന്തപുരം | 2919 | 2395 | 1816 |
| കൊല്ലം | 3342 | 2097 | 1387 |
| പത്തനംതിട്ട | 2986 | 2802 | 2280 |
| ആലപ്പുഴ | 37060 | 36251 | 36195 |
| കോട്ടയം | 14775 | 21410 | 17571 |
| ഇടുക്കി | 1819 | 1264 | 1176 |
| എറണാകുളം | 9016 | 7731 | 3940 |
| തൃശ്ശൂർ | 20259 | 21172 | 23098 |
| പാലക്കാട് | 87511 | 83998 | 79201 |
| മലപ്പുറം | 8949 | 7528 | 6674 |
| കോഴിക്കോട് | 3003 | 2920 | 3511 |
| വയനാട് | 11054 | 8995 | 10230 |
| കണ്ണൂർ | 6339 | 5740 | 6684 |
| കാസറഗോഡ് | 4155 | 3857 | 3514 |
| **ആകെ** | **213187** | **208160** | **197277** |

(അവലംബം: സാമ്പത്തിക അവലോകനം 2013)

കഴിഞ്ഞ രണ്ട് വർഷത്തിനിടെ കേരളത്തിലെ നെൽവയലുകളുടെ വിസ്തൃതിയിൽ 15910 ഹെക്ടറിന്റെ കുറവാണ് സംഭവിച്ചിട്ടുള്ളത്. ആകെ നെൽവയൽ വിസ്തൃതിയുടെ 7.46 ശതമാനമാണിത്. നെൽവയൽ വിസ്തൃതിയിലുണ്ടായ കുറവിന്റെ ശതമാനം താഴെ കൊടുക്കുന്നു.

**2010-11 നും 2012-13 നും ഇടയ്ക്ക് നെൽവയൽ വിസ്തൃതിയിൽ ഉണ്ടായ കുറവ് ശതമാനക്കണക്കിൽ**

| ജില്ല | 2010-11 നും 2012-13 നും ഇടയിൽ ഉണ്ടായ വിസ്തൃതിക്കുറവിന്റെ ശതമാനം |
|---|---|
| തിരുവനന്തപുരം | 37 |
| കൊല്ലം | 58.49 |
| പത്തനംതിട്ട | 23.64 |
| ആലപ്പുഴ | 2.33 |
| ഇടുക്കി | 35.34 |
| എറണാകുളം | 56.29 |
| പാലക്കാട് | 9.49 |
| മലപ്പുറം | 25.42 |
| വയനാട് | 7.45 |
| കാസറഗോഡ് | 15.45 |

(അവലംബം: സാമ്പത്തിക അവലോകനം 2013)

**2010-11-നും 2012-13-നും ഇടയ്ക്ക് നെൽവയൽ വിസ്തൃതിയിൽ വർദ്ധനവുണ്ടായ ജില്ലകൾ**

| ജില്ല | നെൽവയൽ വിസ്തൃതിയിലെ വർദ്ധനവിന്റെ ശതമാനം |
|---|---|
| കോട്ടയം | 18.92 |
| തൃശ്ശൂർ | 14.01 |
| കോഴിക്കോട് | 16.91 |
| കണ്ണൂർ | 5.44 |

(അവലംബം: സാമ്പത്തിക അവലോകനം 2013)

നെൽവയലുകൾ ഏറ്റവുമധികം കുറഞ്ഞിട്ടുള്ള ജില്ലകൾ കൊല്ലവും, എറണാകുളവുമാണ്. തിരുവനന്തപുരവും ഇടുക്കിയുമാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

240. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, 2008-ലെ ആക്ട് പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും കാർഷിക അഭിവൃദ്ധി ഫണ്ട് രൂപീകരിക്കാൻവേണ്ടി നിയമത്തിൽ ഒരു പ്രൊവിഷനുള്ളത് പ്രകാരം അത് രൂപീകരിച്ച് 10 കോടി രൂപ നിക്ഷേപിക്കുന്നതിന് നടപടികൾ ആരംഭിച്ചത് നിലവിൽ സർക്കാരിന്റെ പരിഗണനയിലാണെന്നും സെക്ഷൻ 13 പ്രകാരം ജില്ലാ തലത്തിൽ അനധികൃതമായി മാറ്റം വരുത്തിയിരിക്കുന്ന തണ്ണീർത്തടങ്ങളെ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരികയാണെന്നും അനധികൃതമായി നികത്തിയത് നിയമപരമായി സംരക്ഷിക്കാൻ ഭേദഗതികളൊന്നും സംസ്ഥാനത്ത് അനുവദിക്കപ്പെട്ടിട്ടില്ലെന്നും ജില്ലകളിൽ കൺവെർഷന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ച് കഴിഞ്ഞിട്ടില്ലാത്തതിനാൽ ആയത് ശേഖരിച്ച് നൽകുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്ക് കമ്മീഷണർ വഴി നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് അതിന്റെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

241. കേരളത്തിൽ പ്രളയമുണ്ടാകുന്ന കാലഘട്ടത്തിൽ പുഴ മാത്രമല്ല തോടുകളും കൈവഴികളുമെല്ലാം വൻതോതിൽ കയ്യേറുകയാണ് നിലവിലെ ഒരു പ്രധാനപ്പെട്ട വിഷയമെന്നും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ഫണ്ട് കൊടുത്ത് തോട് സംരക്ഷിക്കുമ്പോൾ ആ സംരക്ഷിക്കുന്ന കൂട്ടത്തിൽ കുറെ സ്ഥലം തോടിന്റേത് കൂടിയെടുത്ത് സംരക്ഷിക്കുന്നതിനാൽ സ്ഥിരമായി തോടിന്റെ വീതി കുറയുന്ന സാഹചര്യമാണുള്ളതെന്നും പല മേഖലയിലും വെള്ളപ്പൊക്കമുണ്ടായതിനുകാരണം തോടിന്റെ വീതി കുറയുന്നതാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുവാദമില്ലാതെയാണ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ഇത്തരം പ്രവൃത്തി ചെയ്യുന്നതെന്നും തോടുകളുടെ നിലവിലുള്ള വീതിയെങ്കിലും ഇനിയുള്ള കാലങ്ങളിൽ സംരക്ഷിക്കാൻ സാധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

242. ചില സ്ഥലത്ത് വ്യാപകമായ രീതിയിൽ തോടുകളും നീർച്ചാലുകളുമൊക്കെ കയ്യേറി അനധികൃത കെട്ടിടങ്ങൾ നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റവന്യൂ തലത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും പഞ്ചായത്തിലും അതുപോലെ പഞ്ചായത്ത് തലത്തിലുള്ള ഡിപ്പാർട്ട്മെന്റിലും നിർമ്മാണപ്രവർത്തനങ്ങളും മറ്റുമൊക്കെ നടത്തുമ്പോൾ അവയുടെ പരിശോധനാ സമയത്ത് കയ്യേറ്റങ്ങൾ കണ്ടെത്തിയാൽ റിപ്പോർട്ട് ചെയ്യുകയും റവന്യൂ വകുപ്പിന്റെ സഹായത്തോടുകൂടി അവ നിർത്താൻ വേണ്ടിയുള്ള നടപടി

സ്വീകരിക്കുകയും ചെയ്യാവുന്നതാണെന്നും അത്തരത്തിൽ സംയുക്തമായുള്ള നടപടികളാണ് പലപ്പോഴും റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നതെന്നും പഞ്ചായത്തിൽ നിന്നോ എൽ.എസ്.ജി.ഡി.യിൽ നിന്നോ ആ രീതിയിൽ മുന്നോട്ടുവരികയാണെങ്കിൽ അപ്രകാരം ചെയ്യാൻ സാധിക്കുമെന്നും വ്യാപകമായി ചില സ്ഥലങ്ങളിൽ കയ്യേറ്റമുണ്ടെങ്കിലും ചില സ്ഥലങ്ങളിൽ കൃത്യമായ ഇടപെടൽ നടത്തുന്നതുകൊണ്ട് സെക്ഷൻ 13 പ്രകാരം ജില്ലാ കളക്ടറുമായി ചേർന്ന് പൂർവ്വസ്ഥിതിയിലാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുവെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

243. കയ്യേറ്റമുണ്ടെന്ന് കണ്ടെത്തിയാലും സർവ്വേ നടത്താൻ ആവശ്യമായിട്ടുള്ള സർവ്വേയർമാരുടെ എണ്ണത്തിലുള്ള കുറവ് ഒരു പ്രശ്നമായതിനാൽ സർവ്വേയർമാർ കുറവാണെങ്കിലും അടിയന്തരഘട്ടങ്ങളിൽ ഒരു ടീമിനെ വച്ച് സർവ്വേ പെട്ടെന്ന് തീർത്താൽ കയ്യേറ്റങ്ങൾ കുറേയെങ്കിലും സ്ഥിരമായി ഒഴിവാക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

244. അടിയന്തര നടപടികൾ ആവശ്യമുള്ളിടത്ത് പ്രത്യേകം സർവേയർമാരെ ഉപയോഗിച്ച് അവ ചെയ്യാറുണ്ടെന്നും നിലവിലെ ഡിജിറ്റൽ സർവ്വേ കഴിയുന്നമുറയ്ക്ക് സർക്കാരിന്റെ ഭൂമിയും സ്കീം രജിസ്റ്ററിലുള്ള സർക്കാരിന്റെ ഭൂമിയും മറ്റും എളുപ്പത്തിൽ കണ്ടെത്താൻ കഴിയുമെന്നും 6 മാസം കൊണ്ട് ഇരുന്നൂറോളം വില്ലേജുകളിലും അതുകഴിഞ്ഞ് ബാക്കിയുള്ള എല്ലാ വില്ലേജുകളിലും ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും പൂർത്തിയാകുന്ന മുറയ്ക്ക് ഇത്തരത്തിലുള്ള കയ്യേറ്റങ്ങളും അതുപോലെ സർവ്വേയുമായി ബന്ധപ്പെട്ട ബൗണ്ടറിയുടെ പ്രശ്നങ്ങളുമൊക്കെ പരിഹരിക്കാൻ സാധിക്കുമെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

245. ശാസ്താംകോട്ടക്കായൽ സംബന്ധിച്ച വിഷയം നേരത്തെ തന്നെ ശ്രദ്ധയിൽപ്പെട്ടതും രണ്ട് വർഷങ്ങൾക്കുമുമ്പ് കുറേ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടുള്ളതുമായിരുന്നുവെന്നും പക്ഷേ നിലവിൽ ചെറിയ കയ്യേറ്റങ്ങൾ പരിസരത്തുണ്ടെന്നും വകുപ്പിന്റെ ഡിജിറ്റൽ സർവ്വേ കഴിയുമ്പോൾ പൂർണ്ണമായും കയ്യേറ്റങ്ങളെല്ലാം മാറ്റാൻ സാധിക്കുമെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

246. കേരളത്തിന്റെ നെൽപ്പാടങ്ങളുടെ വിസ്തൃതിയിൽ 2013-നുശേഷം ഏകദേശം 3327 ഹെക്ടറോളം കുറവ് സംഭവിച്ചിരിക്കുന്നുവെന്ന് ഓഡിറ്റ് പരാമർശത്തിൽ കണ്ടെത്തിയതിൽ നിന്നും 2008-ലെ നിയമം പാസാക്കിയശേഷവും 2012-13-ലെ കണ്ടെത്തലിൽ അത്രയും കുറവ് വരുന്നുവെന്ന് പറയുന്നത് യഥാർത്ഥത്തിൽ ആ നിയമം നടപ്പിലാക്കിയതിൽ വന്ന അപാകതയാണെന്ന് സമിതി വിലയിരുത്തി.

247. നെൽപ്പാടങ്ങളുടെ വിസ്തൃതി വ്യാപകമായി കുറഞ്ഞതിന് കൺവെർഷൻ മാത്രമല്ല മറിച്ച് കൃഷി ലാഭകരമല്ലാത്തതിനാൽ കൃഷി ചെയ്യാത്ത സാഹചര്യമുള്ളതിനാൽ നെൽപ്പാടം തരിശായി പോകുന്ന പ്രദേശങ്ങളും കേരളത്തിലുണ്ടെന്നും കൃഷി പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുള്ളതുകാരണം അത്തരത്തിലുള്ള തരിശുഭൂമികൾ പുനരാവിഷ്കരിക്കാനായി കൃഷിയിലേയ്ക്ക് ഒരു സംവിധാനം കൊണ്ടുവരാനുള്ള നടപടികളുണ്ടെന്നും തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ പതിനാലായിരത്തോളം ഹെക്ടറുകൾ നേരത്തെ കണ്ടെത്തുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും കൃഷി വകുപ്പും പഞ്ചായത്തും കൂടിച്ചേർന്നുകൊണ്ട് തരിശുഭൂമി കൃഷിയോഗ്യ മാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുമ്പോൾ കൃഷി കുറഞ്ഞുവരുന്നത് നിൽക്കുകയും പോസിറ്റീവായ മാറ്റമുണ്ടാകുകയും ചെയ്യുമെന്നും തൊഴിലുറപ്പ് പദ്ധതികളിലൂടെ അവ നടപ്പിലാക്കുന്നത് പഞ്ചായത്തുകളായതിനാൽ പഞ്ചായത്ത് മുൻകയ്യെടുത്താൽ അക്കാര്യം കൃത്യമായി നടപ്പിലാക്കാൻ കഴിയുമെന്നും കുടുംബശ്രീ പോലെയുള്ള സംവിധാനങ്ങൾക്കും അതിനുള്ള അനുവാദം നൽകാനുള്ള നടപടികളുണ്ടെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

248. പുഴയുടെ വീതി കുറഞ്ഞുവരുന്നതാണ് പ്രളയമുണ്ടാകുന്നതിന് പ്രധാനപ്പെട്ട കാരണമെന്നും നിയമപ്രകാരം കുറേക്കൂടി ഗൗരവമായി പരിശോധന നടത്തിയില്ലെങ്കിൽ കയ്യേറ്റങ്ങൾ തുടർന്നുകൊണ്ടേയിരിക്കുമെന്നും ഭാരതപ്പുഴയുൾപ്പെടെയുള്ള പുഴകൾക്ക് അതിന്റെ യഥാർത്ഥ വീതി നിലവിലില്ലെന്നും അതുകൊണ്ട് ഗൗരവമായി ഇക്കാര്യത്തിലൊരു ഇടപെടൽ ഉണ്ടായെങ്കിൽ മാത്രമേ ഭാവിയിൽ പ്രളയത്തെ നിയന്ത്രിക്കാൻ കഴിയൂവെന്നും സമിതി അഭിപ്രായപ്പെട്ടു.

249. പുഴകളൊക്കെ പഞ്ചായത്തിന്റെ ആസ്തികളിലുള്ളതായതിനാൽ കൃത്യമായി പരിശോധനയിലൂടെ പുഴകൾ കയ്യേറുന്നത് ഒരു പരിധിവരെ പരിഹരിക്കാമെന്നും മരക്കമ്പനികളുൾപ്പെടെ പണിശാലകളുൾപ്പെടുന്ന പല സ്ഥലങ്ങളിലും എൻക്രോച്ച്മെന്റ് ശ്രദ്ധയിൽപ്പെടുകയും പരാതികളുണ്ടാകുകയും ചെയ്തിട്ടും പല സ്ഥലങ്ങളിലും നടപടികൾ വരാത്ത പ്രശ്നവുമുണ്ടെന്നും പഞ്ചായത്തുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതിന്റെ സെക്രട്ടറിമാരും പൂർണ്ണ ഉത്തരവാദിത്വത്തോടുകൂടി കൈകാര്യം ചെയ്യുകയാണെങ്കിൽ ഇതൊരു പരിധിവരെ തടയാൻ സാധിക്കുമെന്നും പല സെക്രട്ടറിമാർക്കും പഞ്ചായത്ത് രാജ്/മുനിസിപ്പൽ ആക്റ്റിലെ പ്രൊവിഷൻസ് കൃത്യമായി ഫോളോ ചെയ്യാൻ കഴിയുന്നില്ല എന്നൊരു പ്രശ്നവും ചിലപ്പോഴൊക്കെ ശ്രദ്ധയിൽപ്പെടാറുണ്ടെന്നും ആയത് ശ്രദ്ധിക്കുക യാണെങ്കിൽ പൊതുസ്ഥലങ്ങളിലെ എൻക്രോച്ച്മെന്റ് കുറേയൊക്കെ തടയാൻ കഴിയുമെന്നും റവന്യൂ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. DSR (District Survey Report) തയ്യാറാക്കുന്നുണ്ടെന്നും 16 നദികളുടെ മണൽ പരിശോധന കഴിഞ്ഞുവെന്നും അവയിൽ മണൽ ലഭ്യമാണെന്ന് പറഞ്ഞിട്ടുണ്ടെന്നും പാലക്കാട്, തൃശ്ശൂർ, മലപ്പുറം തുടങ്ങിയ മൂന്ന്

ജില്ലകളിൽ DSR തയ്യാറായിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിക്കാൻ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ ആ ജില്ലകളിൽ ഉടൻ സംവിധാനമുണ്ടാകുമെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

250. പുഴകളിൽ നിർമ്മിക്കുന്ന ചെക്ക് ഡാമിനുള്ളിൽ നല്ലൊരു ശതമാനം ചെളിയും മണ്ണും മൂടിക്കിടക്കുകയാണെന്നും ഇറിഗേഷൻ വകുപ്പിന്റെ കൈവശം ചെക്ക് ഡാമിനോട് ചേർന്ന അര മീറ്റർ സ്ഥലം മാത്രമാണുള്ളതെന്നും ബാക്കി മറ്റ് വകുപ്പുകളുടെതാണെന്നും ഇക്കാര്യത്തിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ ഒരു അതോറിറ്റി രൂപീകരിച്ച് ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ പ്രളയം ആവർത്തിച്ചുകൊണ്ടേയിരിക്കുമെന്നും സമിതി വിലയിരുത്തി.

251. 44 പുഴകൾക്കും 44 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്ന നിലയിൽ ഓരോ പുഴയ്ക്കും ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ടെന്നും അപ്രകാരം ആ എഞ്ചിനീയർമാർക്ക് ജില്ലയിലെ ഓരോ പുഴയും കൈകാര്യം ചെയ്യാൻ അധികാരവും കൊടുത്തിട്ടുണ്ടെന്നും ശ്രീ. ടി. കെ. ജോസ് ഐ.എ.എസ്. അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന സമയത്ത് ഇറിഗേഷനുമായി ബന്ധപ്പെട്ട് വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നുവെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും റവന്യൂ ഡിപ്പാർട്ട്മെന്റും സംയുക്തമായി ചർച്ച ചെയ്താൽ ഈ വിഷയങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. മേൽ വിഷയത്തിൽ ഏകോപനമില്ലെന്നും അതിന് DPC-യും DGC-യുമുണ്ടെങ്കിലും ആയത് പ്രയോജനപ്പെടുന്നില്ലെന്നും സമിതി വിലയിരുത്തി.

**നിഗമനങ്ങൾ / ശിപാർശകൾ**

**252. കേരളത്തിന്റെ നെൽപ്പാടങ്ങളുടെ വിസ്തൃതിയിൽ 2013-നുശേഷം ഏകദേശം 3327 ഹെക്ടറോളം കുറവ് സംഭവിച്ചിരിക്കുന്നുവെന്ന് ഓഡിറ്റ് പരാമർശത്തിൽ കണ്ടെത്തിയതിൽ നിന്നും 2008-ലെ നിയമം പാസാക്കിയശേഷവും 2012-13-ലെ കണ്ടെത്തലിൽ അത്രയും കുറവ് വരുന്നുവെന്ന് പറയുന്നത് യഥാർത്ഥത്തിൽ ആ നിയമം നടപ്പിലാക്കിയതിൽ വന്ന അപാകതയാണെന്ന് സമിതി വിലയിരുത്തുന്നു.**

**253. പുഴയുടെ വീതി കുറഞ്ഞുവരുന്നതാണ് പ്രളയമുണ്ടാകുന്നതിന് പ്രധാനപ്പെട്ട കാരണമെന്നും നിയമപ്രകാരം കുറേക്കൂടി ഗൗരവമായി പരിശോധന നടത്തിയില്ലെങ്കിൽ കയ്യേറ്റങ്ങൾ തുടർന്നുകൊണ്ടേയിരിക്കുമെന്നും ഭാരതപ്പുഴയുൾപ്പെടെയുള്ള പുഴകൾക്ക് അതിന്റെ യഥാർത്ഥ വീതി നിലവിലില്ലെന്നും അതുകൊണ്ട് ഗൗരവമായി ഇക്കാര്യത്തിലൊരു ഇടപെടൽ ഉണ്ടായെങ്കിൽ മാത്രമേ ഭാവിയിൽ പ്രളയത്തെ നിയന്ത്രിക്കാൻ കഴിയൂവെന്നും സമിതി വീക്ഷിക്കുന്നു.**

**254. പുഴകളിൽ നിർമ്മിക്കുന്ന ചെക്ക് ഡാമിനുള്ളിൽ നല്ലൊരു ശതമാനം ചെളിയും മണ്ണും മൂടിക്കിടക്കുകയാണെന്നും ഇറിഗേഷൻ വകുപ്പിന്റെ കൈവശം ചെക്ക് ഡാമിനോട് ചേർന്ന അര മീറ്റർ സ്ഥലം മാത്രമാണുള്ളതെന്നും ബാക്കി മറ്റ് വകുപ്പുകളുടെതാണെന്നും ഇക്കാര്യത്തിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ ഒരു അതോറിറ്റി രൂപീകരിച്ച് ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ പ്രളയം ആവർത്തിച്ച് കൊണ്ടേയിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു.**

**255. ജില്ലകളിൽ കൺവെർഷന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ച് നൽകുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകണമെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് അതിന്റെ വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**256. കയ്യേറ്റമുണ്ടെന്ന് കണ്ടെത്തിയാലും സർവ്വേ നടത്താൻ ആവശ്യമായിട്ടുള്ള സർവ്വേയർമാരുടെ എണ്ണത്തിലുള്ള കുറവ് ഒരു പ്രശ്നമായതിനാൽ സർവ്വേയർമാർ കുറവാണെങ്കിലും അടിയന്തരഘട്ടങ്ങളിൽ പ്രത്യേക ടീം രൂപീകരിച്ച് സർവ്വേ പെട്ടെന്ന് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**257. എല്ലാ വില്ലേജുകളിലും ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾക്കും സർവ്വേയുമായി ബന്ധപ്പെട്ട അതിർത്തി പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുമെന്ന് സമിതി മനസ്സിലാക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജലസ്രോതസുകളുടെ കയ്യേറ്റം തടയാൻ കാര്യക്ഷമമായ നടപടികളില്ല**

നെൽവയൽ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളും, മറ്റ് ജലസ്രോതസുകളും വ്യാപകമായി കയ്യേറ്റം ചെയ്യപ്പെടുന്നുണ്ടെങ്കിലും ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ആശാവഹമല്ല. ജലസ്രോതസുകളും, തണ്ണീർത്തടങ്ങളും നികത്തപ്പെടുന്ന ഒട്ടേറെ സംഭവങ്ങൾ ഉണ്ടെങ്കിലും അവ തടയാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ഊർജ്ജിതമായ നടപടികൾ ഉണ്ടാകുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

തിരുവനന്തപുരം കോർപ്പറേഷനിൽ നഗരമധ്യത്തിലുള്ള ഉള്ളൂരിലെ കിഴവൻകര കുളത്തിന്റെ പകുതിയോളം മാലിന്യങ്ങളും മണ്ണുമിട്ട് നികത്തി വാഴകൃഷി ചെയ്തിരിക്കുന്നു. വിഴിഞ്ഞത്തുള്ള നന്തിക്കുളവും കയ്യേറ്റം നേരിടുകയാണ്. എന്നാൽ ഈ കയ്യേറ്റങ്ങൾ തടയാൻ നഗരസഭ യാതൊരുവിധത്തിലുമുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 3.91 ശതമാനം ഭാഗത്ത് വ്യാപിച്ചിട്ടുള്ള ജലസമൃദ്ധമായ ചേലൂർ കായൽ മണലൂറ്റം, ചെളിയെടുക്കലും, കുന്നിടിക്കലുംമൂലം കടുത്ത ഭീഷണി നേരിടുന്നു. തടാകത്തിന് സമീപമുള്ള കുന്നിടിച്ച് നിരത്തി ഭൂവികസന പ്രവർത്തനങ്ങൾ നിർബാധം നടന്നു വരുന്നു. തടാകത്തെ സംരക്ഷിക്കാനുള്ള നടപടികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിൽ മുൻകാലങ്ങളിൽ കുടിവെള്ളത്തിനും, ജലസേചനത്തിനുമായി ഉപയോഗിച്ചുവന്നിരുന്ന അഞ്ചാം വാർഡിലെ ചുഴലിക്കുളം കയ്യേറ്റത്താൽ ഏതാണ്ട് പൂർണ്ണമായും ഇല്ലാതായിരിക്കുകയാണ്. കുളത്തിന്റെ മറ്റു ഭാഗങ്ങളിൽ സ്വകാര്യ വ്യക്തികൾ പണകോരി കൃഷി ചെയ്യുന്നു.

തിരുവല്ല നഗരസഭാ പരിധിയിൽപ്പെടുന്ന കുറ്റപ്പുഴ വില്ലേജിലെ 153/3 റീസർവ്വേ നമ്പർ പ്രകാരം തിരുവല്ല മുത്തൂർ ക്ഷേത്രത്തിനു സമീപമുള്ള 8.90 ആർ ഭൂമി സർക്കാർ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ക്ഷേത്രക്കുളമാണ്. പ്രസ്തുത സ്ഥലം ഓഡിറ്റ് ടീം സന്ദർശിച്ചതിൽ നിന്നും കുളം വർഷങ്ങൾക്കു മുൻപു തന്നെ നികത്തിയതായും കെട്ടിടങ്ങൾ നിറഞ്ഞ ജനവാസ കേന്ദ്രമായി സ്ഥലം മാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നഗരസഭ നടപടികൾ ഒന്നും കൈക്കൊണ്ടിട്ടില്ല.

പെരുമ്പാവൂർ നഗരസഭയിൽ 1-4-2010-ന് ശേഷം 18,123.84 ചതുരശ്ര മീറ്റർ നെൽവയലുകളും, തണ്ണീർത്തടങ്ങളുമാണ് നികത്തപ്പെട്ടത്.

തൃശ്ശൂർ ജില്ലയിലെ പുത്തൂർഗ്രാമപഞ്ചായത്തിന്റെ നീർത്തട മാസ്റ്റർപ്ലാൻ പ്രകാരം വയലുകൾ വ്യാപകമായി നികത്തപ്പെട്ടിട്ടുണ്ട്. 73.39 ഹെക്ടർ സ്ഥലത്ത് വാഴയും, 2.38 ഹെക്ടറിൽ കവുങ്ങും, 101.2 ഹെക്ടറിൽ തെങ്ങും, 6.48 ഹെക്ടറിൽ റബ്ബറും വയൽ നികത്തി കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ 11.31 ഹെക്ടറിൽ വയൽ നികത്തി കെട്ടിടങ്ങളും, മറ്റ് നിർമ്മിതികളുമുണ്ട്.

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലെയും വയലുകളും, നീർത്തടങ്ങളും നികത്തൽ ഭീഷണി നേരിടുകയാണ്. കുന്നുകളിലെ മണ്ണ് യന്ത്രങ്ങൾ ഉപയോഗിച്ച് നീക്കി വയലുകൾ നികത്തുന്നതുമൂലം കുന്നുകളും, വയലുകളും ഒരേപോലെ നാശോന്മുഖമായി തീർന്നുകൊണ്ടിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 240 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള കൽപ്പള്ളി പായോളിപ്പറമ്പ് പൊതുകുളം സ്വകാര്യ വ്യക്തി മണ്ണിട്ട് നികത്തിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു. പ്രസ്തുത കുളം മുൻകാലങ്ങളിൽ പല ഘട്ടങ്ങളിലായി നികത്തി വന്നതാണ്. കയ്യേറ്റത്തിനെതിരെ യഥാസമയം നടപടി സ്വീകരിക്കാതിരുന്നത് തദ്ദേശഭരണ സ്ഥാപനത്തിന്റെ വീഴ്ചയാണ്. കുളം നികത്തിയതിനെതിരെ ഗ്രാമപഞ്ചായത്ത് 16-1-2014-ൽ എ 3.19/4 നമ്പറായി രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ വ്യാപകമായി നെൽവയൽ നികത്തപ്പെടുകയാണ്. കാർഷിക മേഖലയിൽ 40 ശതമാനത്തോളം നെൽവയലുകൾ ഉണ്ടായിരുന്ന ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ 5 ശതമാനത്തിൽ താഴെ മാത്രമാണ് നെൽവയലുകളുള്ളത്. ഗ്രാമപഞ്ചായത്തിലെ പെരുമന ഭാഗത്തെ നെൽവയലുകളും, നീർത്തടങ്ങളും മണ്ണിട്ട് നികത്തിയിട്ടുള്ളതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. നാട്ടുകാരുടെ പരാതിയെത്തുടർന്ന് കൃഷി ഓഫീസർ ആർ.ഡി.ഒ.ക്ക് റിപ്പോർട്ട് നൽകിയെങ്കിലും നിലംനികത്തൽ പൂർത്തിയായ നിലയിലാണ്. കൃഷി വകുപ്പിന്റെ റിപ്പോർട്ടിനെ തുടർന്ന് റവന്യൂ അധികൃതർ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്.

**പൊതുകുളം നഗരസഭ തന്നെ നികത്തി**

ആലപ്പുഴ നഗരസഭാപ്രദേശത്തെ പ്രധാന ജലസ്രോതസാണ് വലിയകുളം വാർഡിലുള്ള വലിയകുളം. എന്നാൽ ഈ കുളം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി നഗരസഭ തന്നെ പൂർണ്ണമായും നികത്തി. മറ്റൊരു കുളം (കണിയാംകുളം) സ്പോർട്സ് കൗൺസിൽ വക ജിംനേഷ്യം നിർമ്മിക്കുന്നതിന്റെ പേരിൽ പകുതിയിലേറെ ഭാഗവും നികത്തിയിരിക്കുകയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**കൊല്ലം**

**ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

1. ചേലൂർ കായൽ

258. ചേലൂർ കായൽ പ്രദേശത്തെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 1.46 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി ടൂറിസം വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്ന ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഡി.പി.ആർ. തയ്യാറായിട്ടുണ്ടെന്നും പദ്ധതി നടപ്പാക്കുമ്പോൾ ഇതിനൊരു പരിഹാരമുണ്ടാകുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

2. ചുഴലിക്കുളം

259. വകുപ്പിൽ നിന്നും ലഭ്യമായ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**തിരുവല്ല നഗരസഭ**

260. പ്രസ്തുത പരാമർശം സംബന്ധിച്ച റിപ്പോർട്ട് യോഗ തലേദിവസം വൈകുന്നേരമാണ് ലഭിച്ചതെന്നതിനാൽ ആയത് പരിശോധിച്ച് മറുപടി നൽകുന്നതിന് സമയം അനുവദിക്കണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് അസിസ്റ്റന്റ് കമ്മീഷണർ സമിതിയോട് അഭ്യർത്ഥിച്ചതനുസരിച്ച് സമിതി സമയം അനുവദിക്കുകയും റിപ്പോർട്ട് ലഭ്യമാക്കുമ്പോൾ ഓഡിറ്റ് വകുപ്പിനും കൂടി നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**പെരുമ്പാവൂർ നഗരസഭ**

261. വർദ്ധിച്ച കൂലിച്ചെലവും തൊഴിലാളികളുടെ ദൗർലഭ്യവും കർഷകരെ നെൽക്കൃഷിയിൽ നിന്നും അകറ്റുന്നുണ്ടെന്നും വാർഷിക പദ്ധതിയിൽ നെൽക്കൃഷി വികസനത്തിനായി കർഷകർക്ക് നെൽക്കൃഷി സബ്സിഡി, തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കൽ തുടങ്ങിയ പ്രോജക്ടുകൾ എല്ലാ വർഷവും നടപ്പിലാക്കുന്നുണ്ടെന്നും 2013-2014 സാമ്പത്തിക വർഷത്തിനുശേഷം ഏകദേശം 1141 ആർ. 415 ചതുരശ്ര മീറ്റർ സ്ഥലം പ്രാദേശിക നിരീക്ഷണസമിതികൾ കൂടി ഡേറ്റാബാങ്കിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും പെരുമ്പാവൂർ മുൻസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

262. അതിനുശേഷവും സ്ഥലം നികത്തപ്പെടുന്നുവെന്ന സമിതിയുടെ പരാമർശത്തിന് 2013-നുശേഷം പ്രാദേശിക നിരീക്ഷണ സമിതികൾ കൂടി സ്ഥലം നികത്തിയിട്ടുണ്ടെന്നും ഡേറ്റാ ബാങ്കിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും നഗരസഭ നിയമാനുസൃതം ചെയ്തതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

263. മേൽ വിഷയത്തിൽ, നഗരസഭയിലെ ഉദ്യോഗസ്ഥർക്കും ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർക്കും കൃത്യമായ ധാരണയുണ്ടാകേണ്ടതുണ്ടെന്നും ഓഡിറ്റ് വകുപ്പ് കണ്ടെത്തിയ കണക്കും നഗരസഭാ സെക്രട്ടറി പറഞ്ഞ കണക്കും ശരിയാണെന്നും പക്ഷേ നടപടിക്രമത്തിന്റെ കൃത്യതയാണ് അവിടെയുണ്ടാകാതെ പോയതെന്നും സമിതി വിലയിരുത്തി.

264. അഗ്രിക്കൾച്ചർ ഓഫീസറിൽ നിന്നും ലഭ്യമായ കണക്കാണിതെന്നും അത്രയും ഭൂമിക്ക് അനുമതി കൊടുത്തിട്ടുണ്ടെന്നാണ് കൃഷി ഓഫീസിൽ നിന്നും രേഖാമൂലം റിപ്പോർട്ട് നൽകിയിട്ടുള്ളതെന്നും പെരുമ്പാവൂർ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. സെക്രട്ടറി കമ്മിറ്റിയിലില്ലെന്നും കമ്മിറ്റിയിലുള്ള ചെയർമാൻ, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ എന്നിവർ ചേർന്നാണ് അനുമതി കൊടുക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

265. സെക്രട്ടറി കമ്മിറ്റിയിലില്ലെങ്കിലും പഞ്ചായത്തുകാരെ പ്രതിനിധീകരിച്ച് പ്രസിഡന്റ് കമ്മിറ്റിയിൽ അംഗമായതിനാൽ ഒഴിവാകാനാവില്ലെന്നും ഇതു സംബന്ധിച്ച് കൃത്യമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## തൃശ്ശൂർ ജില്ല

**പുത്തൂർ ഗ്രാമപഞ്ചായത്ത്**

266. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## കോഴിക്കോട് ജില്ല

**മാവൂർ ഗ്രാമപഞ്ചായത്ത്**

267. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കൽപ്പള്ളി പായോളിപ്പറമ്പ് പൊതുകുളം മണ്ണിട്ട് നികത്തപ്പെട്ട സ്ഥലം സർവ്വേ ചെയ്ത് കിട്ടാൻവേണ്ടി കൊടുത്തിട്ടുണ്ടെന്നും 2014 കാലഘട്ടത്തിൽ കുളത്തിന്റെ തൊട്ടടുത്തുള്ള വ്യക്തി നികത്തിയെന്നും പ്രസ്തുത വ്യക്തിക്ക് 2014-ൽ നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും അതിന് രേഖാമൂലം മറുപടിയൊന്നും നൽകിയിട്ടില്ലെന്നും അദ്ദേഹം അല്ല അത് ചെയ്തതെന്ന് പറഞ്ഞ് ഓഫീസിൽ വന്ന് പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ടെന്നും പഞ്ചായത്തിന്റെ ആസ്തിയിലുള്ള അഞ്ചര സെന്റ് സ്ഥലം കാട് പിടിച്ച് കിടക്കുകയാണെന്നും ആയത് ആരുടെയും കൈവശത്തിലല്ലെന്നും മാവൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി.

268. പ്രസ്തുത ഭൂമിയുടെയൊക്കെ അളവ് കൃത്യമായി പഞ്ചായത്തിന്റെ കയ്യിലുണ്ടാകില്ലെന്നും എല്ലാം vested property ആയതുകൊണ്ട് സർവ്വേ നമ്പരുള്ള മൊത്തം ഭൂമിയും അളക്കണമെന്നും യഥാർത്ഥ ഉടമസ്ഥരുടെ കയ്യിലുള്ള ശേഷിക്കുന്ന ഭൂമിയാണ് പുറമ്പോക്ക് ഭൂമിയായി പഞ്ചായത്തിന്റെ കൈവശമുള്ളതെന്നും പുറമ്പോക്ക് ഭൂമിയെല്ലാം പഞ്ചായത്തിൽ നിക്ഷിപ്തമാണെന്ന് പറയാറുണ്ടെങ്കിൽപ്പോലും പലരും കൈവശം വച്ചിരിക്കുന്നത് കൃത്യമായി ഏറ്റെടുക്കാൻ കഴിയാത്തതിൽ പ്രയാസമുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.

269. സർവ്വേ നടത്തി നടപടിക്രമം പൂർത്തീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

## പൊതുകുളം നഗരസഭ തന്നെ നികത്തി

**ആലപ്പുഴ നഗരസഭ**

<u>വലിയകുളം</u>

270. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, നിലവിൽ വലിയകുളം നികന്ന ഭൂമിയായി കിടക്കുകയാണും അവിടെ നഗരസഭയുടെ ആർ.ഒ. പ്ലാന്റ്

പ്രവർത്തിക്കുന്നുണ്ടെന്നും ഈ സ്ഥലം ജി.എസ്.ടി. വകുപ്പിന് കൈമാറാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിരുന്നെങ്കിലും അത് പിന്നീട് നഗരസഭയുടെ ആധുനിക മത്സ്യ മാർക്കറ്റ് പണിയുന്നതിനുവേണ്ടി തിരികെ നൽകണമെന്ന് പറഞ്ഞ് 2021-ൽ നഗരസഭാ കൗൺസിൽ തീരുമാനിച്ചുവെന്നും ഈ വിഷയം സംബന്ധിച്ച് ജൂലൈ 18-ാം തീയതി കളക്ടറുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ചിട്ടുണ്ടെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

<u>കണിയാകുളം</u>

271. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അവിടെ സ്പോർട്സ് കൗൺസിൽ വക ജിംനേഷ്യത്തിനുള്ള കെട്ടിടം പണിതിട്ടുണ്ടെന്നും അതിനോട് ചേർന്നുള്ള കുളം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

272. ആയത് സംബന്ധിച്ച് കളക്ടറുടെ മീറ്റിംഗ് കഴിഞ്ഞിട്ടുള്ള മറുപടി ഓഡിറ്റിന് ലഭ്യമാക്കിയശേഷം പരാമർശം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

## കോഴിക്കോട് ജില്ല

**ചോറോട് ഗ്രാമപഞ്ചായത്ത്**

273. വളരെ മുമ്പുള്ള കാര്യമാണ് ഓഡിറ്റ് ഖണ്ഡികയിൽ പറഞ്ഞിട്ടുള്ളതെന്നും തണ്ണീർത്തട നിയമം വന്നതിനുശേഷം വളരെ വിജിലന്റായിട്ടാണ് കാര്യങ്ങൾ നടത്തുന്നതെന്നും അനധികൃതമായിട്ടൊന്നും നികത്തപ്പെട്ടിട്ടില്ലെന്നും പെരുമന ഭാഗത്ത് നികത്തിയെന്ന് പറയുന്ന സ്ഥലത്ത് റവന്യൂ അധികൃതർ നടപടി സ്വീകരിക്കുകയും അതിനെതിരെ 9 പേർ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തിട്ടുണ്ടെന്നും ആ കേസ് 2014 മുതൽ പെന്റിംഗാണെന്നും ചോറാട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി.

274. നിലം നികത്തി സ്റ്റോപ്പ് മെമ്മോ കൊടുത്ത കേസ്സാണിതെന്നും കേസ്സിന് പോയത് ആരാണെന്ന് വ്യക്തമായി അറിയില്ലെന്നും നികത്തിയ ഭൂമികളിൽ റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുന്നതിനുപകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമായി അത് വരുന്നതെങ്ങനെയെന്നും റവന്യൂ വകുപ്പാണ് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുള്ളതെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ടെന്നും ഭൂമിയുടെ മുകളിലുള്ള ഏത് നടപടികൾ സ്വീകരിക്കാനും റവന്യൂ വകുപ്പിനാണ് അധികാരമെന്നും സമിതി വിലയിരുത്തി.

275. ഭൂമിയുടെ മുകളിലുള്ള ഏകപക്ഷീയമായ അവകാശങ്ങൾ എല്ലാ പഞ്ചായത്തിനും കൊടുത്തിട്ടുണ്ടെന്നും ഭൂരേഖയും അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും അധികാരമുള്ളത് റവന്യൂ വകുപ്പിനാണെന്നും ഇക്കാര്യം പഞ്ചായത്ത് രാജ് ആക്റ്റിലുമുണ്ടെന്നും പക്ഷേ നിയമത്തിന്റെ

കാര്യത്തിൽ അത് സർവ്വേ ചെയ്ത് കിട്ടാൻ അവർക്ക് അധികാരമില്ലെന്നും സർവ്വേ വകുപ്പും ഇക്കാര്യമറിയണമെന്നും ഇത്തരം കാര്യങ്ങൾക്ക് ഓഡിറ്റ് നടത്തുമ്പോൾ ഈ സംഭവങ്ങളെല്ലാം കൂട്ടിച്ചേർത്തിട്ടുള്ള സമീപനമാണ് സ്വീകരിക്കേണ്ടതെന്നും അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മാത്രം ഓഡിറ്റ് ഒബ്ജക്ഷനായി വരേണ്ട കാര്യമല്ലെന്നും നേരെമറിച്ച് പഞ്ചായത്തിന്റെ അധീനതയിലോ ഉടമസ്ഥതയിലോ ഉള്ള തണ്ണീർത്തടമോ മറ്റോ നികത്തപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അവരുടെ ഉത്തരവാദിത്വമായി കാണണമെന്നും എന്നാൽ നെൽവയലുകൾ നികത്തപ്പെട്ടു പോകുന്നത് തടയാൻ ഇവർക്ക് ബാധ്യതയുണ്ടെന്നും അത് തടയേണ്ട അധികാരം കൂടുതലുള്ളത് കൃഷി ഓഫീസർക്കാണെന്നും സമിതി കൂട്ടിച്ചേർത്തു.

276. ചോറോട് പഞ്ചായത്തിൽ ഭൂമി നികത്തപ്പെട്ടത് കണ്ടതിനെത്തുടർന്ന് കേസ് കൊടുക്കുകയും അക്കാര്യം റവന്യൂ വകുപ്പിൽ അറിയിക്കുകയും ചെയ്തുവെന്നും റവന്യൂ വകുപ്പിൽ നിന്നും പ്രസ്തുത ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ നോട്ടീസ് കൊടുത്തുവെങ്കിലും അവർ ആയത് പൂർവ്വസ്ഥിതിയിലാക്കാതെ ഹൈക്കോടതിയിൽ പോയതിനാൽ 2016 മുതലുള്ള കേസ് നിലവിലും നടന്നുകൊണ്ടിരിക്കുകയാണെന്നും കോഴിക്കോട് ജില്ലാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

277. ഈ കേസ് 2014-ലേതാണെന്നും നെൽപ്പാടം നികത്തിയിരിക്കുന്നത് കണ്ടെത്തിയതിനെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് കത്ത് കൊടുത്തപ്പോഴാണ് അതിനെതിരെ അവർ കേസ് കൊടുത്തതെന്നും ചോറാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത ഭൂമി നികത്തിയത് പൂർവ്വസ്ഥിതിയിലാക്കണമെന്ന് പഞ്ചായത്തിന് ആവശ്യപ്പെടാമെന്നും ആയതിൽ നടപടി സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണെന്നും തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മാത്രം ബാധ്യതയായി ഇതിനെ കാണാൻ കഴിയില്ലാത്തതിനാലും പൊതു വിഷയമായതിനാലും ഇക്കാര്യത്തിൽ ഒരു ക്രമീകരണമുണ്ടാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**278. കൊല്ലം ജില്ലയിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ ചേലൂർ കായൽ പ്രദേശത്തെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത 1.46 കോടി രൂപയുടെ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**279. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ ചുഴലിക്കുളവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**280. തിരുവല്ല നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേലുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**281. പെരുമ്പാവൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൃത്യമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**282. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**283. കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിലെ കൽപ്പള്ളി പായോളിപ്പറമ്പ് പൊതുകുളം മണ്ണിട്ട് നികത്തപ്പെട്ട സ്ഥലം സർവ്വേ നടത്തി നടപടിക്രമം പൂർത്തീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**284. ആലപ്പുഴ നഗരസഭയിലെ വലിയകുളം നികത്തിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**285. ആലപ്പുഴ നഗരസഭയിലെ കണിയാം കുളവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് കളക്ടറുടെ മീറ്റിംഗ് കഴിഞ്ഞിട്ടുള്ള മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**286. കോഴിക്കോട് ജില്ലയിൽ ചോറോട് ഗ്രാമപഞ്ചായത്തിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിയത് പൂർവ്വസ്ഥിതിയിലാക്കണമെന്ന് പഞ്ചായത്തിന് ആവശ്യപ്പെടാമെന്നും ആയതിൽ നടപടി സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മാത്രം ബാധ്യതയായി ഇതിനെ കാണാൻ കഴിയില്ലെന്നും സമിതി വിലയിരുത്തുന്നു. പൊതു വിഷയമായതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണമുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മണ്ണ് /ജലസംരക്ഷ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല**

സ.ഉ.(എം.എസ്.)/225/12/തസ്വഭവ. തീയതി 18-8-12 പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ, ജലവിതരണ പ്രവർത്തനങ്ങളേക്കാൾ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന് നിഷ്കർഷിക്കുന്നു. മണ്ണ്/ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, വനവൽക്കരണം മുതലയവയ്ക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. പദ്ധതി തയ്യാറാക്കുന്നതിനു മുൻപായി ഇത്തരം സാധ്യതകൾ കണ്ടെത്തി തൊഴിലുറപ്പ് പദ്ധതിയുടെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തണം. മണ്ണ്/ജല സംരക്ഷണ പ്രവൃത്തികൾ (കുളങ്ങൾ, തോടുകൾ, കിണറുകൾ, മറ്റ് ജലാശയങ്ങൾ എന്നിവ വൃത്തിയാക്കൽ, ചെളിയെടുക്കൽ, ആഴംകൂട്ടൽ തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ),

പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് മുൻഗണന നൽകണം. എന്നാൽ, മണ്ണ്/ജലസംരക്ഷണ പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ 2010-11, 2011-12, 2012-13 വർഷങ്ങളിൽ നീർത്തടങ്ങളുടെ സംരക്ഷണാർത്ഥം പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കിയിട്ടില്ല. മികച്ച ജലസ്രോതസ്/സംഭരണ കേന്ദ്രമാക്കി മാറ്റാവുന്ന നിരവധി ജലാശയങ്ങൾ ഉണ്ടായിരുന്നിട്ടും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് നീർത്തട സംരക്ഷണാർത്ഥം 2010-11, 2011-12, 2012-13 വർഷങ്ങളിൽ പദ്ധതികൾ ഒന്നുംതന്നെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ജില്ലയിലെ തന്നെ താമരക്കുളം ഗ്രാമപഞ്ചായത്ത് 2010-11, 2011-12, 2012-13 വർഷങ്ങളിൽ ജലസ്രോതസുകളുടെ സംരക്ഷണാർത്ഥം വികസന ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ നീർത്തട സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 2012-13-ൽ ബണ്ട് റോഡിന്റെ വശങ്ങളിൽ പാടശേഖരങ്ങൾക്ക് സംരക്ഷണഭിത്തി എന്ന നിലയിൽ കയർഭൂവസ്ത്രം ഉറപ്പിക്കൽ നടത്തി. വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിയ പ്രോജക്ടിന്റെ ആകെ ചെലവ് 30,16,343 രൂപയാണ്. എന്നാൽ പാടശേഖരങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ അല്ല പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ചക്കാലമുണ്ടോടി തോടിന് കയർഭൂവസ്ത്രം എന്ന പദ്ധതിയ്ക്ക് 2012-13-ലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 6,24,268 രൂപ ചെലവഴിച്ചു. പരമ്പരാഗത ജലസ്രോതസിന്റെ പുനരുദ്ധാരണം ലക്ഷ്യമിട്ട് അഞ്ചുഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ തുടർപ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല. പദ്ധതി പ്രദേശം ഓഡിറ്റ് ടീം സന്ദർശിക്കുകയുണ്ടായി. നിലവിൽ കയറിന്റെ അവശിഷ്ടങ്ങൾ തോടിന്റെ പാർശ്വങ്ങളിൽ ചിലയിടങ്ങളിൽ കാണപ്പെടുന്നതൊഴികെ, പാർശ്വഭിത്തി സംരക്ഷണത്തിനുതകുന്ന സ്ഥിരമായ സംവധാനങ്ങൾ ഒന്നും തന്നെ രൂപപ്പെടുത്തിയിട്ടില്ല. പദ്ധതി നടപ്പാക്കി ഒരു വർഷത്തിനകം തന്നെ കയർ ഭൂവസ്ത്രം ജീർണ്ണിച്ച നിലയിലാണ്. പാർശ്വഭിത്തിയിൽ വച്ചുപിടിപ്പിച്ച പുല്ല് കിളിർത്തിട്ടുമില്ല.

**തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തടസംരംക്ഷണത്തിന് മുൻഗണന; മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് മാതൃകയാകുന്നു.**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളിൽ ഉൾപ്പെടുത്തി നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം ജലം/മണ്ണ് സംരക്ഷണം, ജലസ്രോതസുകളുടെ പുനരുദ്ധാരണം എന്നിവയ്ക്ക് കൂടുതലായി ഫണ്ട് വകയിരുത്തി എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

മാതൃകയായിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ 2010-11-ലെ ചെലവ് 30,55,712 രൂപയാണ്. ഇതിൽ 27,42,832 രൂപ (90%) മഴക്കുഴി നിർമ്മാണം, തെങ്ങിൻ തടങ്ങൾ, നീർത്തട വികസനം, ചിറ/കുളം/തോടുകളുടെ ചെളികോരൽ/ പുനരുദ്ധാരണം, കനാലുകൾക്ക് പാർശ്വഭിത്തി, കാനവൃത്തിയാക്കൽ തുടങ്ങിയവയ്ക്കാണ് ചെലവഴിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയിൽ 2011-12-ലെ ആകെ ചെലവ് 50,50,295 രൂപയാണ്. ഇതിൽ 42,01,530 രൂപ (83%) മണ്ണ്/ജലസംരക്ഷണം പ്രവൃത്തികൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്. 2012-13-ൽ തൊഴിലുറപ്പ് പദ്ധതിയിലെ ചെലവ് 77,90,972 രൂപയാണ്. ഇതിൽ 72,05,730 രൂപയും (92%) മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായാണ് ചെലവഴിച്ചിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിച്ചെലവിന്റെ ശരാശരി 88% വരെ ഗ്രാമപഞ്ചായത്ത് നീർത്തടാധിഷ്ഠിത മണ്ണ്/ ജലസംരക്ഷണ പ്രവൃത്തികൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

**മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കി വയ്ക്കുന്ന തുകകൾ പരിമിതം**

മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീക്കി വയ്ക്കുന്ന തുകകൾ പരിമിതമാണ്. ഈ മേഖലയ്ക്ക് അർഹമായ പ്രാതിനിധ്യം നൽകാനും, അതിനനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്യാനും ബഹുഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടില്ല. ജലസംരക്ഷണ മേഖലയിൽ വകയിരുത്തുന്ന തുകയിൽ ചെറിയൊരു ശതമാനം മാത്രമേ ചെലവഴിക്കാനും കഴിയുന്നുള്ളൂ. ഉദാഹരണങ്ങൾ ചുവടെ:

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് വികസന/തനതു ഫണ്ടിൽ നിന്നും ജലസ്രോതസുകളുടെ സംരക്ഷണത്തിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ചെലവഴിച്ച തുകകൾ:

| വർഷം | വികസന/തനതുഫണ്ട് ചെലവ് | ജലസ്രോതസുകൾക്കുള്ള ചെലവ് | ശതമാനം |
|---|---|---|---|
| 2010-11 | 6369764 | 1085000 | 17 |
| 2011-12 | 11796066 | 568500 | 4.8 |
| 2012-13 | 8387661 | 70000 | 0.8 |

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്ത് കഴിഞ്ഞ മൂന്നവർഷങ്ങൾക്കിടെ ജലസ്രോതസുകളുടെ സംരക്ഷണാർത്ഥം വകയിരുത്തിയതും, ചെലവഴിച്ചതുമായ തുകകൾ:

| വർഷം | വകയിരുത്തിയ തുക | ചെലവായ തുക | ചെലവ് ശതമാനം |
|---|---|---|---|
| 2010-11 | 9,90,000 | 3,36,000 | 33.94 |
| 2011-12 | 6,05,000 | - | - |
| 2012-13 | 3,99,641 | 62,116 | 15.54 |

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്ത് ജലസ്രോതസുകളുടെ സംരക്ഷണാർത്ഥം വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകൾ;

| വർഷം | വകയിരുത്തിയ തുക | ചെലവായ തുക | ചെലവ് ശതമാനം |
|---|---|---|---|
| 2010-11 | 3,08,855 | 40,814 | 13.21 |
| 2011-12 | 1,10,000 | - | - |
| 2012-13 | 7,46,000 | - | - |

2011-12, 2012-13 വർഷങ്ങളിൽ പുത്തൂർ ഗ്രാമപഞ്ചായത്ത് ജലസ്രോതസുകളുടെ സംരക്ഷണാർത്ഥം തുക വകയിരുത്തിയിരുന്നെങ്കിലും, ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്ത് നീർത്തട സംരക്ഷണത്തിൽ താരതമ്യേന മെച്ചപ്പെട്ട പ്രകടനമാണ് കാഴ്ച വച്ചിട്ടുള്ളത്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| വർഷം | നീർത്തട സംരക്ഷണ പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 2010-11 | 17 | 27,51,385 | 19,01,891 | 69.12 |
| 2011-12 | 12 | 17,16,262 | 11,12,992 | 64.8 |
| 2012-13 | 8 | 20,86,252 | 7,84,805 | 37.61 |

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ജലസ്രോതസുകളുടെ സംരക്ഷണാർത്ഥം പദ്ധതികൾ തയ്യാറാക്കി തുകകൾ നീക്കിവയ്ക്കുന്നുണ്ടെങ്കിലും ചെലവാക്കൽ കാര്യക്ഷമമല്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| വർഷം | ജലസ്രോതസ് സംരക്ഷണ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 2010-11 | 2 | 24,41,555 | 3,20,000 | 13 |
| 2011-12 | 9 | 11164794 | 1771443 | 15.8 |
| 2012-13 | 15 | 13485550 | 3971029 | 29.4 |

കുടിവെള്ള സ്രോതസുകളുടെ സംരക്ഷണാർത്ഥം 91 പദ്ധതികളാണ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ആവിഷ്കരിച്ചത്. എന്നാൽ ഇവയ്ക്കായി വകയിരുത്തിയ തുകകൾ തൃപ്തികരമായി ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| വർഷം | ആസൂത്രണം ചെയ്ത പദ്ധതികൾ | | നടപ്പാക്കിയ പദ്ധതികൾ | | ചെലവ് ശതമാനം |
|---|---|---|---|---|---|
| | എണ്ണം | വകയിരുത്തിയ തുക | എണ്ണം | ചെലവഴിച്ച തുക | |
| 2010-11 | 16 | 2,46,85,373 | 7 | 1,25,43,817 | 50.81 |
| 2011-12 | 40 | 3,97,33,376 | 25 | 2,10,36,711 | 52.94 |
| 2012-13 | 35 | 2,57,40,475 | 9 | 2,02,49,217 | 78.66 |

**ജലസ്രോതസുകളുടെ സംരക്ഷണത്തിന് വാങ്ങിയത് ജെ.സി.ബി.**

ആലപ്പുഴ നഗരസഭ ജലസ്രോതസ് സംരക്ഷണത്തിന്റെ ഭാഗമായി 'ഇടത്തോടുകളുടെ നവീകരണത്തിന് ' എന്ന പേരിൽ 2011-12, 2012-13 വർഷങ്ങളിലായി ലോകബാങ്ക് ധനസഹായമായ 23,40,000 രൂപ മുടക്കി ഒരു ജെ.സി.ബി. വാങ്ങുകയുണ്ടായി. എന്നാൽ പൊഴികൾ മുറിക്കാനായി മാത്രമാണ് നിലവിൽ ഈ ജെ.സി.ബി. കൾ ഉപയോഗിക്കുന്നത്. ജെ.സി.ബി. ഉപയോഗിച്ച് വീതികുറഞ്ഞ സ്ഥലത്തുള്ള ഇടത്തോടുകൾ വൃത്തിയാക്കുന്നത് പ്രായോഗികമല്ല എന്നാണ് നഗരസഭയിലെ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ വ്യക്തമാക്കിയിട്ടുള്ളത്.

**തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് - മണ്ണ് ജലസംരക്ഷണ മേഖലയിലെ വിഹിതവും, ചെലവും - 2012-13**

അവലംബം: സാമ്പത്തിക അവലോകനം 2013 (രൂപ ലക്ഷത്തിൽ)

| വികസന മേഖല | ഗ്രാമപഞ്ചായത്തുകൾ | | | ബ്ലോക്ക് പഞ്ചായത്തുകൾ | | | ജില്ലാ പഞ്ചായത്തുകൾ | | |
|---|---|---|---|---|---|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ശതമാനം | അനുവദിച്ച തുക | ചെലവ് | ശതമാനം | അനുവദിച്ച തുക | ചെലവ് | ശതമാനം |
| മണ്ണ്, ജല സംരക്ഷണം | 959.16 | 572.20 | 59.66 | 352.33 | 232.84 | 66.09 | 551.89 | 261.96 | 47.47 |

| വികസന മേഖല | മുനിസിപ്പാലിറ്റികൾ | | | കോർപ്പറേഷനുകൾ | | |
|---|---|---|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ശതമാനം | അനുവദിച്ച തുക | ചെലവ് | ശതമാനം |
| മണ്ണ്, ജല സംരക്ഷണം | 46.22 | 10.44 | 22.59 | 72.55 | 22.55 | 30.90 |

മണ്ണ്/ജലസംരക്ഷണ പ്രവർത്തനങ്ങൾ പട്ടണപ്രദേശങ്ങളിൽ തീർത്തും കാര്യക്ഷമമല്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. മുനിസിപ്പാലിറ്റികൾക്ക് വിഹിതത്തിന്റെ കേവലം 22.59 ശതമാനം മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. കോർപ്പറേഷനുകളിലും സ്ഥിതി മെച്ചമല്ല - 30.90 ശതമാനം തുക മാത്രമാണ് കോർപ്പറേഷനുകൾ ചെലവഴിച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകളാണ് മണ്ണ്/ജല സംരക്ഷണമേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുള്ളത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**മണ്ണ്/ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല**

**ആലപ്പുഴ ജില്ല**

**തഴക്കര ഗ്രാമപഞ്ചായത്ത്**

287. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

288. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നീർത്തട സംരക്ഷണാർത്ഥം ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ 2010-11, 2011-12, 2012-13 വർഷങ്ങളിൽ 6 കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും MGNREGS-ൽ ഉൾപ്പെടുത്തി മണ്ണ്, ജലസംരക്ഷണം, നീർത്തടാധിഷ്ഠിത പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നുണ്ടെന്നും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

289. മേൽ വിഷയത്തിൽ അവ്യക്തമായാണ് മറുപടി നൽകിയിരിക്കുന്നതെന്നും നവീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു കിണർ നന്നാക്കിയെന്ന് പറഞ്ഞ് മറുപടി

നൽകിയാൽ ഓഡിറ്റ് പരാമർശം അവസാനിപ്പിക്കാൻ കഴിയില്ലെന്നും ഓഡിറ്റ് വകുപ്പ് കണ്ടെത്തിയ കാര്യം വളരെ കൃത്യമായി പറയുന്നുണ്ടെന്നും സമിതി വ്യക്തമാക്കി.

290. കൊല്ലം ജില്ലാ ഓഫീസിൽ നിന്നും പരിശോധിച്ചശേഷമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നതെന്നും നിലവിലും മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ലെന്നും 2020-21 വർഷം മാലിന്യനിർമ്മാർജ്ജനം ചെയ്ത് ഒരു കിണർ നവീകരണം ചെയ്തിട്ടുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

291. 12-ാം പദ്ധതിയുടെ ഭാഗമായി ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം കൊടുക്കുകയും മറ്റ് പദ്ധതികളെ തഴയുകയും ചെയ്തുവെന്നും ജല സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് കൂടുതൽ പ്രാമുഖ്യം കൊടുക്കേണ്ടതെന്നും എന്നാൽ പ്രസ്തുത പഞ്ചായത്തിൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടില്ലെന്നും നിലവിൽ എത്ര ജലസംരക്ഷണ പ്രവൃത്തികളും മണ്ണ് സംരക്ഷണവും നടക്കുന്നുണ്ട് എന്നത് സംബന്ധിച്ചും അങ്ങനെയാണെങ്കിൽ എന്തൊക്കെയാണെന്നുമുള്ള കൃത്യമായ ഒരു മറുപടി ലഭ്യമാക്കിയാൽ ഫയൽ നടപടി അവസാനിപ്പിക്കാൻ കഴിയുമെന്നും സമിതി കൂട്ടിച്ചേർത്തു. ഓരോ പ്രോജക്ടും സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ കൂട്ടിച്ചേർത്തു.

292. മേൽ ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് വകുപ്പിൽനിന്നും വിശദമായ മറുപടി ലഭ്യമാക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി വ്യക്തമാക്കി.

**താമരക്കുളം ഗ്രാമപഞ്ചായത്ത്**

293. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**കോട്ടയം ജില്ല**

**തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്**

294. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തടസംരക്ഷണത്തിന് മുൻഗണന**

**എറണാകുളം ജില്ല**

**മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്**

295. പ്രസ്തുത ഓഡിറ്റ് പരാമർശം സമിതി അംഗീകരിച്ചു.

**കോട്ടയം ജില്ല**

**തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

296. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീക്കി വയ്ക്കുന്ന തുകകൾ പരിമിതം**

**കോട്ടയം ജില്ല**

**തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ല**

**അരിമ്പൂർ ഗ്രാമപഞ്ചായത്ത്**

**പുത്തൂർ ഗ്രാമപഞ്ചായത്ത്**

297. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**വേളൂക്കര ഗ്രാമപഞ്ചായത്ത്**

298. ഗ്രാമപഞ്ചായത്ത് അടങ്കൽ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ലെന്ന് സൂചിപ്പിച്ച സമിതി, ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് വ്യക്തമാക്കി.

**തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ**

299. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, മണ്ണ്-ജല സംരക്ഷണത്തിനായി കൂടുതൽ തുക വകയിരുത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്നും കൂടാതെ അമൃത് പദ്ധതികളും ആവിഷ്കരിച്ചുവരുന്നുണ്ടെന്നും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് പദ്ധതികളാവിഷ്കരിച്ച് മണ്ണ്-ജല സംരക്ഷണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നെന്നും തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ട് മറുപടി നൽകി.

300. 2019-20-ൽ ചെലവഴിച്ച 2.4%, 2020-21-ൽ 30% 2021-22-ൽ 3.3%; ഇതിലുള്ള വ്യത്യാസമാണ് ഓഡിറ്റ് കണക്കുമായി ബന്ധപ്പെട്ട് വന്നിരിക്കുന്നതെന്നും ഇത്തരത്തിലുള്ള മറുപടിയുമായി യോജിച്ചുപോകാൻ സാധിക്കില്ലെന്നും സമിതി വിലയിരുത്തി.

301. 2019-20-ലേത് 4.80 കോടി രൂപയും അടുത്ത വർഷം 45 കോടി രൂപയുമായിരുന്നെന്നും അടുത്ത വർഷം അത് റിവൈസ് ചെയ്ത് 19 കോടി രൂപയായിട്ടുണ്ടെന്നും അടുത്ത വർഷം 10 കോടി രൂപയായിയെന്നും ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനം ഈ മേഖലയിൽ നടക്കുന്നില്ല എന്നതിനാൽ ലഭ്യമാക്കിയ മറുപടി ശരിയല്ലെന്നും സമിതി വ്യക്തമാക്കി.

302. യോഗത്തിൽ സെക്രട്ടറി നേരിട്ട് പങ്കെടുക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. സെക്രട്ടറിമാർ തന്നെ നിയമസഭ സമിതിയുടെ യോഗങ്ങളിൽ പങ്കെടുക്കണമെന്ന് അറിയിക്കാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമെൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

303. ഹാജരാകാൻ കഴിയാത്ത ഉദ്യോഗസ്ഥന്മാർ തലേദിവസമെങ്കിലും ഹാജരാകുന്ന ഉദ്യോഗസ്ഥന്മാരോട് ഇവിടെ പറയേണ്ട വിഷയങ്ങൾ സംബന്ധിച്ച് അറിയിക്കണമെന്നും എങ്കിൽ മാത്രമേ ഫയൽ നോക്കിയശേഷം അതിന്റെ ഡീറ്റെയിൽസ് എന്തൊക്കെയാണെന്ന് സമിതിയിൽ പങ്കെടുക്കുന്നയാളുകൾക്ക് പറയാൻ കഴിയൂവെന്നും തലേദിവസം സെക്രട്ടറിക്ക് ഹാജരാകാൻ കഴിയില്ലെന്ന് പറഞ്ഞാൽ ഹാജരാകാൻ നിയോഗിക്കപ്പെട്ടവർക്ക് സമയത്തിന് മറുപടി നൽകാൻ കഴിയില്ലെന്നും കൃത്യമായ ഉത്തരമാണ് സമിതിയിൽ ലഭ്യമാക്കിയിരുന്നതെങ്കിൽ വേഗത്തിൽ ഫയൽ തീർക്കാമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ**

304. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**ജലസ്രോതസുകളുടെ സംരക്ഷണത്തിന് വാങ്ങിയത് ജെ.സി.ബി.**

**ആലപ്പുഴ നഗരസഭ**

305. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ജെ.സി.ബി. ആലപ്പുഴ നഗരസഭയിലെ നദികളുടെ നവീകരണത്തിനായി ഉപയോഗിക്കുന്നുണ്ടായിരുന്നുവെന്നും നിലവിൽ ഉപയോഗപ്രദമല്ലാത്തതിനാൽ നശിപ്പിച്ചു കളയുന്നതിന് വേണ്ടി മെക്കാനിക്കൽ വിംഗിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും ജെ.സി.ബി. വാങ്ങുന്നതിനായി പുതിയ പ്രോജക്ട് എടുത്തിട്ടുള്ളത് നിലവിൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയിലാണെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

306. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് - മണ്ണ് ജല സംരക്ഷണ മേഖലയിലെ വിഹിതവും ചെലവും 2012-13**

307. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**308. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ മണ്ണ്/ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**309. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽനിന്നും അവ്യക്തമായ മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി വിഷയം സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

**310. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ താമരക്കുളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**311. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**312. എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയം പ്രത്യേക പരാമർശം കൂടാതെ സമിതി അംഗീകരിച്ചു.**

**313. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**314. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്ത്, പുത്തൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കിവയ്ക്കുന്ന തുകകൾ പരിമിതം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**315. തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിലെ അടങ്കൽ തുകയുടെ വിശദാംശം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**316. മണ്ണ്-ജല സംരക്ഷണത്തിനായി 2019-20 മുതലുള്ള വിവിധ സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ പദ്ധതി തുകകളിൽ വ്യത്യാസവും വ്യതിയാനവും വന്നിട്ടുണ്ടെന്നും ഇതിൽ നിന്നുതന്നെ മേഖലയിൽ കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നില്ലായെന്നും സമിതി വിലയിരുത്തുന്നു. കൂടാതെ കോർപ്പറേഷൻ സെക്രട്ടറി യോഗത്തിൽ നേരിട്ട് പങ്കെടുക്കാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**317. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**318. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ, ആലപ്പുഴ നഗര സഭയിലെ ജലസ്രോതസുകളുടെ സംരക്ഷണത്തിന് വാങ്ങിയത് ജെ.സി.ബി. എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**319. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്-മണ്ണ് ജല സംരക്ഷണമേഖലയിലെ വിഹിതവും ചെലവും 2012-13 എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മഴവെള്ള സംഭരണികൾ പരാജയമായി**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആയിരക്കണക്കിന് മഴവെള്ള സംഭരണികളാണ് വിവിധ പദ്ധതിക്കാലയളവുകളിലായി പണിതീർത്തിട്ടുള്ളത്. മൃഗാശുപത്രി, കൃഷിഭവൻ കെട്ടിടങ്ങൾ, സ്കൂളുകൾ, അംഗൻവാടികൾ, പഞ്ചായത്താഫീസുകൾ

എന്നിവിടങ്ങളിലാണ് ബഹുഭൂരിപക്ഷം മഴവെള്ള സംഭരണികളുമുള്ളത്. എന്നാൽ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതൊഴികെ അവയുടെ ഉപയോഗം ഉറപ്പുവരുത്താനോ കാര്യക്ഷമമായ മേൽനോട്ടത്തിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാവുന്നില്ല. ഗ്രാമപഞ്ചായത്തോഫീസ് പരിസരങ്ങളിൽ ഉൾപ്പെടെ സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണികൾ ഉപയോഗശൂന്യമായ നിലയിൽ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണികളെപ്പറ്റി കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുന്നുമില്ല.

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ മുതുപിലാക്കാട് സർക്കാർ എൽ.പി.സ്കൂളിൽ ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണി പ്രവർത്തന രഹിതമാണ്. സംഭരണിയിൽ ഉറപ്പിച്ചിട്ടുള്ള ജലവിതരണ പൈപ്പുകൾ തകരാറിലായി. പുനരുദ്ധരിക്കാനുള്ള നടപടികൾ ഒന്നുംതന്നെ അധികൃതർ കൈക്കൊണ്ടിട്ടില്ല. തൃക്കടവൂർ ഗ്രാമപഞ്ചായത്തിന്റെ 8-ാം വാർഡിലുള്ള (വെട്ടുവിള) 85-ാം നമ്പർ അംഗൻവാടിയുടെ മുറ്റത്തു സ്ഥാപിച്ചിരിക്കുന്ന മഴവെള്ള സംഭരണി പ്രവർത്തിക്കുന്നില്ല. മേൽക്കൂരയിൽ നിന്നും സംഭരണിയിലേക്കുള്ള പൈപ്പ് ലൈൻ നശിച്ചതാണ് കാരണം.

കോട്ടയം നഗരസഭാ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണിയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല. മുൻകാലങ്ങളിൽ നഗരസഭാപ്രദേശത്ത് പലയിടങ്ങളിലും സംഭരണികൾ സ്ഥാപിച്ചിട്ടുള്ളതാണ്. നഗരസഭയുടെ ഹെൽത്ത് വിഭാഗം (സോണൽ) ഓഫീസിന്റെ പരിസരത്തുള്ള മഴവെള്ള സംഭരണി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് 2004-05-ൽ 2,03,922 രൂപ ചെലവഴിച്ച് വിവിധ സ്ഥാപനങ്ങളിലായി എട്ട് മഴവെള്ള സംഭരണികൾ സ്ഥാപിച്ചുവെങ്കിലും, നിലവിൽ ഒന്നുംതന്നെ പ്രവർത്തനക്ഷമമല്ല. കൂടാതെ നിർമ്മാണത്തിലെ പാളിച്ചകൾമൂലം മിക്ക സംഭരണികൾക്കും ചോർച്ചയുമുണ്ട്. കരിപ്പലങ്ങാട് സ്കൂൾ, പൂമാല പ്രൈമറി ഹെൽത്ത് സെന്റർ, പൂച്ചപ്ര സ്കൂൾ, പൂച്ചപ്ര അംഗൻവാടി, കൊളപ്പുറം അംഗൻവാടി, പന്നിമറ്റം പി.എച്ച്.സബ് സെന്റർ, 37-ാം നമ്പർ അംഗൻവാടി, ഗ്രാമപഞ്ചായത്തോഫീസ് എന്നിവിടങ്ങളിലാണ് മഴവെള്ള സംഭരണികൾ സ്ഥാപിച്ചത്. ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ മഴവെള്ള സംഭരണിപോലും ഇതുവരെ പ്രർവത്തനക്ഷമമായിട്ടില്ല.

പെരുമ്പാവൂർ നഗരസഭ താലൂക്ക് ആശുപത്രിയിൽ മഴവെള്ള സംഭരണി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതിലെ വെള്ളം ഉപയോഗിക്കുന്നില്ല. പെരുമ്പാവൂർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പരിസരത്ത് പണികഴിപ്പിച്ചിട്ടുള്ള മഴവെള്ള സംഭരണിയും ഉപയോഗശൂന്യമാണ്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് നിർമ്മിച്ചിട്ടുള്ള മഴവെള്ള സംഭരണി ഉപയോഗശൂന്യമായ നിലയിലാണ്. കാരശ്ശേരി

ഗ്രാമപഞ്ചയാത്ത് 1000 ലിറ്റർ ശേഷിയുള്ള നാല് മഴവെള്ള സംഭരണികൾ പഞ്ചായത്താഫീസിലും, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലുമായി സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ മൂന്നെണ്ണവും പ്രവർത്തിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്ത് കൃഷിഭവനിലെ മഴവെള്ള സംഭരണി നിർമ്മാണം, ആസൂത്രണം എന്നിവയിലെ പിഴവുമൂലം പ്രവർത്തനക്ഷമമല്ല. കൃഷിഭവൻ കെട്ടിടം ഒരു നില ആയിരുന്നപ്പോഴാണ് മഴവെള്ള സംഭരണി നിർമ്മിച്ചത്. എന്നാൽ കെട്ടിടത്തിന്റെ രണ്ടാംനില പണിതപ്പോൾ സംഭരണിയിലേക്കുള്ള പൈപ്പ് മാറ്റി സ്ഥാപിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ മൃഗാശുപത്രി കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണിയും, നിർമ്മാണപ്പിഴവിനാൽ പ്രവർത്തനക്ഷമമല്ല.

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്ത് ചെറുകുന്ന് നോർത്ത് സർക്കാർ എൽ.പി. സ്കൂളിന്റെ മുറ്റത്ത് 2005-06-ൽ നിർമ്മിച്ച മഴവെള്ള സംഭരണിയുടെ മേൽക്കൂര തകർന്ന് കിടക്കുകയാണ്. നിലവിൽ ഈ സംഭരണി കൊതുകുകളുടെ ആവാസകേന്ദ്രമാണ്. ചെറുകുന്ന് സർക്കാർ ആയുർവേദ ആശുപത്രി പരിസരത്ത് 2005-06-ൽ സ്ഥാപിച്ച മഴവെള്ള സംഭരണിയും നിർമ്മാണത്തിലെ പിഴവുമൂലം പ്രവർത്തിക്കുന്നില്ല.

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്ത് ഓഫീസിനുസമീപം 2008-09-ൽ നിർമ്മിച്ച മഴവെള്ള സംഭരണി പ്രവർത്തനരഹിതമായി നാശോന്മുഖമാണ്. കാസർഗോഡ് നഗരസഭ 2004-05-ൽ 7,88,196 രൂപ ചെലവഴിച്ച് നാൽപ്പതോളം മഴവെള്ള സംഭരണികൾ നിർമ്മിച്ചു. ഇക്കൂട്ടത്തിൽ, ഓഡിറ്റ് നേരിട്ട് പരിശോധിച്ച 13 മഴവെള്ള സംഭരണികളും പ്രവർത്തനരഹിതങ്ങളാണ്. നഗരസഭാകാര്യാലയത്തിന്റെ കോമ്പൗണ്ടിലുള്ള രണ്ട് മഴവെള്ള സംഭരണികൾ വർഷങ്ങളായി പ്രവർത്തനരഹിതമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**മഴവെള്ള സംഭരണികൾ പരാജയമായി**

**കൊല്ലം ജില്ല**

**ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

320. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത സ്കൂൾ പൊളിച്ചുമാറ്റി അവിടെ പുതിയ ബിൽഡിംഗ് പണിതിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

321. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**തൃക്കടവൂർ ഗ്രാമപഞ്ചായത്ത്**

322. പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

323. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**കോട്ടയം നഗരസഭ**

324. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രോജക്ട് ഈ വർഷം ചെയ്യാമെന്നാണ് പറഞ്ഞിരിക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് കോട്ടയം അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

325. 2013-ൽ ചെയ്യാമെന്ന് പറഞ്ഞിട്ടും ഇത്രയും കാലവും ചെയ്തില്ലെന്നും ഇപ്പോൾ ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കാൻവേണ്ടി 2 ലക്ഷം രൂപ ചെലവഴിക്കുകയാണെന്നും നിലവിൽ അവിടെയുള്ള മഴവെള്ള സംഭരണി ആവശ്യമില്ലാത്തതിനാൽ ആയതും പൊളിച്ച് കളയാനുള്ളതാണെന്നും അങ്ങനെയുള്ള സ്ഥിതിയുണ്ടെങ്കിൽ ആയത് പരിശോധിച്ച് അതിന്റെ റിപ്പോർട്ട് സമിതിയിൽ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

326. ടെറസ്സിൽ വീഴുന്ന വെള്ളം മഴവെള്ള സംഭരണി ഇരിക്കുന്ന വശത്തേയ്ക്ക് വരണമെന്നും അപ്പോൾ മഴവെള്ളം മുഴുവനും അവിടെ സ്ഥാപിച്ചിട്ടുള്ള പൈപ്പിലൂടെ മഴവെള്ള സംഭരണിയിലേയ്ക്ക് ഇറങ്ങുമെന്നും സംഭരണി ഭൂമിക്കടിയിലായാലും കെട്ടിടത്തിന് മുകളിലോ അല്ലെങ്കിൽ ചരിച്ച് വാർത്ത സ്ഥലത്തോ വീഴുന്ന വെള്ളം സൈഡിലൂടെ പൈപ്പ് സ്ഥാപിച്ചശേഷം ആ പൈപ്പിലൂടെ വരുന്ന വെള്ളം ഫിൽട്ടർ ഉപയോഗിച്ച് അടിയിലുള്ള സംഭരണിയിലേയ്ക്ക് എത്തിക്കണമെന്നും ചെരിവില്ലെങ്കിൽപോലും ടെറസ്സ് എങ്ങനെയാണ് നിർമ്മിച്ചിരിക്കുന്നത് എന്നതിനനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ കഴിയണമെന്നും ഈ സംഭരണിയെക്കുറിച്ചുള്ള വിശദാംശമൊന്നും ഓഡിറ്റ് വകുപ്പിൽ ലഭ്യമാക്കിയിട്ടില്ലെന്നും സമിതി വിലയിരുത്തി.

327. പ്രസ്തുത വിഷയം പരിശോധിച്ചശേഷം മറുപടി ലഭ്യമാക്കാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് കോട്ടയം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

**ഇടുക്കി ജില്ല**

**വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്**

328. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ മഴവെള്ള സംഭരണികൾ നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന് സമിതി ആരാഞ്ഞതിന് ഒരെണ്ണം മാത്രമേ പ്രവർത്തന ക്ഷമമായിട്ടുള്ളുവെന്നും ബാക്കിയുള്ളവയെല്ലാം ശോചനീയാവസ്ഥയിലാണെന്നും അവയിൽ

ആറെണ്ണം റിപ്പയർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് കോമ്പൗണ്ടിൽ ഉണ്ടായിരുന്ന മഴവെള്ള സംഭരണി, തോട്ടിൽ നിന്നുള്ള വെള്ളത്തിന്റെ കുത്തൊഴുക്ക് നിമിത്തം ഇടിഞ്ഞുപോയെന്നും നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള പൂമാല പി.എച്ച്.സി. യിലെ മഴവെള്ള സംഭരണി കെട്ടിടത്തിന് മുകളിലാണ് നിർമ്മിച്ചിരിക്കുന്നതെന്നും അതിൽനിന്നും വെള്ളം ലീക്കാകുന്നില്ലെന്നും അത് പല ആവശ്യങ്ങൾക്കും ഉപയോഗിക്കാറുണ്ടെന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

329. നിർമ്മാണത്തിലെ അപാകതമൂലം മിക്ക സംഭരണികളിലും ചോർച്ചയുണ്ടെന്നാണ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയിരിക്കുന്നതെന്നും അത് പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

**പെരുമ്പാവൂർ നഗരസഭ**

330. താലൂക്ക് ആശുപത്രിയിലും ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പരിസരത്തും പണികഴിപ്പിച്ചിട്ടുള്ള മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് സമിതി ആരാഞ്ഞതിന്, താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്ക് പണിയുന്നതിനാൽ പൊളിച്ചുകളഞ്ഞെങ്കിലും നിലവിൽ ഒരെണ്ണം പ്രവർത്തന ക്ഷമമാണെന്നും ഗവ. ഗേൾസ് ഹൈസ്കൂളിലെ പഴയ മഴവെള്ളസംഭരണി പുതിയ സ്കൂൾ ബ്ലോക്ക് പണിതപ്പോൾ പൊളിച്ചുകളയുകയും 2016-ൽ പുതുതായി നിർമ്മിച്ച മഴവെള്ള സംഭരണി ഉപയോഗിച്ചുവരികയും ചെയ്യുന്നുണ്ടെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും പെരുമ്പാവൂർ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

331. പണി പൂർത്തീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി വ്യക്തമാക്കി.

**കോഴിക്കോട്**

**പേരാമ്പ്ര ഗ്രാമപഞ്ചായത്ത്**

332. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**കാരശ്ശേരി ഗ്രാമപഞ്ചായത്ത്**

**പിണറായി ഗ്രാമപഞ്ചായത്ത് (കണ്ണൂർ)**

**ചെറുകുന്ന് ഗ്രാമപഞ്ചായത്ത്(കണ്ണൂർ)**

**ചെമ്മനാട് ഗ്രാമപഞ്ചായത്ത്(കാസർഗോഡ്)**

**കാസർഗോഡ് നഗരസഭ**

333. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**334. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ മഴവെള്ള സംഭരണികൾ പരാജയമായി എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**335. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**336. കോട്ടയം നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിശോധിച്ച ശേഷം മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**337. ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ, നിർമ്മാണത്തിലെ അപാകതമൂലം മിക്ക മഴവെള്ള സംഭരണികളിലും ചോർച്ചയുണ്ടെന്നാണ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയിരിക്കുന്നതെന്ന് സമിതി മനസിലാക്കുന്നു. ആയത് പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**338. പെരുമ്പാവൂർ നഗരസഭയിലെ മഴവെള്ള സംഭരണികളുടെ പണി പൂർത്തീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**339. മഴവെള്ള സംഭരണികൾ പരാജയമായി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത്, കാരശ്ശേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്ത്, ചെറുകുന്ന് ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്ത്, കാസർഗോഡ് നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ടി. പി. രാമകൃഷ്ണൻ,<br>*അദ്ധ്യക്ഷൻ,*<br>*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,<br>2025 ഫെബ്രുവരി 13.

## അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 9 | തദ്ദേശ സ്വയം ഭരണ വകുപ്പ് | അംഗൻവാടി പോഷകാഹാര വിതരണത്തിലെ ക്രമക്കേടിനെതിരെ വിജിലൻസ് അന്വേഷണം നടന്നപ്പോൾ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് ആനുകൂല്യങ്ങൾ നൽകിയ നടപടി ന്യായീകരിക്കത്തക്കതല്ലെന്ന് സമിതി വിലയിരുത്തുന്നു. കുറ്റക്കാരിൽ ഒരാളിൽ നിന്ന് തുക ഈടാക്കുകയും മറ്റ് രണ്ട് പേരുടെ ഡി.സി.ആർ.ജി.-യിൽ നിന്ന് തുക ഈടാക്കരുതെന്ന് വകുപ്പ് നിർദ്ദേശിക്കുകയും ചെയ്തത് തെറ്റായ രീതി ആണെന്ന് സമിതി നിരീക്ഷിക്കുന്നു. |
| 2 | 10 | തദ്ദേശ സ്വയം ഭരണ വകുപ്പ് | അട്ടപ്പാടി ആദിവാസ മേഖലയിലെ പോഷകാഹാര കുറവ് വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടത്തിൽ പ്രസ്തുത മേഖലയിലെ പോഷകാഹാര സംബന്ധമായ വിഷയത്തിലെ വിജിലൻസ് അന്വേഷണം പത്ത് വർഷത്തിലധികം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തതും വകുപ്പുതല നടപടി സ്വീകരിക്കാത്തതും തികച്ചും നിരുത്തരവാദപരമായ സമീപനമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിജിലൻസ് അന്വേഷണം ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനും കുറ്റക്കാരായവരിൽ നിന്നും ബാദ്ധ്യതയുള്ള തുക ഈടാക്കുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 12 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണവകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ മൂല്യവർദ്ധിത നികുതി വെട്ടിപ്പ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 14 | തദ്ദേശ സ്വയം ഭരണ വകുപ്പ് | പണാപഹരണം നടത്തിയ ക്ലാർക്കിനെ സസ്പെൻഡ് ചെയ്യുകയും തുക തിരിച്ചുപിടിക്കുകയും ചെയ്തിട്ടുണ്ടെന്ന കടലുണ്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, കടലുണ്ടി ഗ്രാമപഞ്ചായത്തിലെ പണാപഹരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | 17 | തദ്ദേശ സ്വയം ഭരണ വകുപ്പ് | നിർവ്വഹണ ഉദ്യോഗസ്ഥൻ പലിശ സഹിതം തുക തിരിച്ചടച്ചുവെന്നും ടിയാൻ 2018 മാർച്ചിൽ വിരമിച്ചുവെന്നും മനഃപൂർവ്വമുള്ള ധനാപഹരണമായിരുന്നില്ലെന്നും വിഷയത്തിൽ ധാരണയില്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ മാർച്ച് മാസം തുക ലാപ്സായി പോകുമെന്നതിനാൽ അന്നത്തെ ഭരണസമിതിയുടെ ആവശ്യപ്രകാരം പദ്ധതി നടപ്പാക്കിയതായി രേഖകൾ തയ്യാറാക്കിയെന്നും പിന്നീട് പദ്ധതി നടപ്പാക്കുകയും ചെയ്തുവെന്നും ഓഡിറ്റ് പരാമർശം വന്നപ്പോൾ സ്വന്തം കൈയിൽ നിന്നും തുക അടയ്ക്കുകയാണുണ്ടായതെന്നുമുള്ള കീഴൂർ - ചാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കീഴൂർ ചാവശ്ശേരി ഗ്രാമ പഞ്ചായത്തിലെ ഗവ. യു.പി. സ്കൂളിൽ വ്യാജരേഖ ചമച്ച് ട്രഷറിയിൽ നിന്നും പണം പിൻവലിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 21 | തദ്ദേശ സ്വയം ഭരണ വകുപ്പ് | പത്തനംതിട്ട ജില്ലയിലെ പന്തളം ഗ്രാമപഞ്ചായത്തിൽ റോഡ് അറ്റകുറ്റ പണികൾക്കുള്ള ടാറിൽ തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ കുറ്റക്കാരനെതിരെ സ്വീകരിച്ച നടപടി വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട്, വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പുകൂടി ഉള്ളടക്കം ചെയ്ത് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദേശിക്കുന്നു. |
| 7 | 24 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തിരുവനന്തപുരം നഗരസഭയിൽ വിദ്യാഭ്യാസ മേഖലയ്ക്കായി വകയിരുത്തിയ 6 പ്രോജക്ടുകൾക്കായുള്ള പദ്ധതി തുക സ്വന്തം അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും പദ്ധതി ചെലവ് നിർവ്വഹിച്ച് അതിന്റെ കണക്ക് കാണിക്കുകയും ചെയ്തത് ശരിയായ കീഴ്‌വഴക്കമല്ലെന്നും ഇത്തരം പ്രവൃത്തികൾ തുടരാൻ പാടില്ലെന്നും സമിതി വ്യക്തമാക്കുന്നു. ഫണ്ട് വിനിയോഗത്തിൽ നിഷ്കർഷത പാലിക്കാനുള്ള കർശന നിർദ്ദേശം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് ഓഡിറ്റ് വകുപ്പുമായി ചർച്ച ചെയ്ത് യുക്തമായ തീരുമാനം കൈക്കൊള്ളണമെന്നും സമിതി ശിപാശ ചെയ്യുന്നു. |
| 8 | 26 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സർവകലാശാലയിലെ അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം അനധികൃതമായി നീട്ടിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | 41 | തദ്ദേശ സ്വയം ഭരണ വകുപ്പ് | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കു വേണ്ടി മാറ്റിവച്ച തുക വകമാറ്റി ഹോട്ടൽ പണിയാനായി ചെലവഴിച്ചതിലും വീണ്ടും അധികം പണം മറ്റ് ജോലികൾക്കായി വിനിയോഗിച്ചതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രത്തിന്റെ നിർമ്മാണം നടത്തി കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ടെന്നല്ലാതെ ലക്ഷ്യമിട്ട പ്രോജക്ട് അവിടെ നടപ്പാക്കാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. എന്നിരുന്നാലും നിർമ്മിതി കേന്ദ്രത്തിൽ ഡെപ്പോസിറ്റ് ചെയ്ത 9 വർക്കുകൾ ഡെപ്പോസിറ്റ് ചെയ്ത തുകകൊണ്ട് മാത്രം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ തുടർന്നുള്ള വർഷങ്ങളിൽ ബാക്കി പണം കൊണ്ട് ചില വർഷങ്ങളിലെ പ്രോജക്ട് പൂർത്തിയാക്കിയിട്ടുണ്ടെന്ന വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 42 | തദ്ദേശ സ്വയം ഭരണ വകുപ്പ് | പട്ടിക വിഭാഗക്കാർക്കുള്ള പരിശീലന കേന്ദ്രത്തെ മാർഗരേഖകൾക്ക് വിരുദ്ധമായി വൃദ്ധസദനമാക്കി മാറ്റിയ നടപടി ആശാസ്യമായ പ്രവണതയല്ലെന്നും ഇതുവഴി പട്ടിക വിഭാഗക്കാർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ മറ്റ് വിഭാഗക്കാർക്ക് മാറിപോകുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ച കണക്ക് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. അതുപോലെ പദ്ധതി രൂപീകരണത്തിനുശേഷം പ്രസ്തുത പദ്ധതിയിൽ നിന്നും ഗതിമാറി മറ്റുപല കാര്യങ്ങളിലേക്ക് പോകുമ്പോൾ അടിസ്ഥാനപരമായ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കപ്പെടുന്നത് ഗൗരവമായ വിഷയമായതിനാൽ സർക്കാർ ഇക്കാര്യത്തിൽ ഇടപെടണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | 43 | തദ്ദേശ സ്വയം ഭരണ വകുപ്പ് | പരുത്തുംപാറ പ്രവേശന കമാനത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 44 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സ്ലോട്ടർ ഹൗസ് അടിസ്ഥാനസൗകര്യമൊരുക്കൽ പദ്ധതിയെന്നു പറയുന്നത് കെട്ടിടം പൂർത്തീകരണം മാത്രമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 13 | 45 | തദ്ദേശ സ്വയം ഭരണ വകുപ്പ് | മാലിന്യ സംസ്കരണ സംവിധാനം നിർമ്മിക്കുന്നതിന് പണം നൽകിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 14 | 46 | തദ്ദേശ സ്വയം ഭരണ വകുപ്പ് | പരുത്തുംപാറ ഇൻഫർമേഷൻ സെന്റർ- കം -വെയിറ്റിംഗ് ഷെഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ ഇൻഫർമേഷൻ സെന്റർ പ്രവർത്തിക്കുന്നില്ലെന്നും ദേശീയ പാതാ വികസനം വരുമ്പോൾ പ്രോജക്ട് നഷ്ടപ്പെടാനുള്ള സാധ്യതയുണ്ടെന്നുമുള്ള വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 47 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ, മല്ലമല സുഗന്ധഗിരി റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 48 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ, വൃദ്ധസദനം നിർമ്മാണം - അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ പ്രോജക്ടുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 49 | തദ്ദേശ സ്വയം ഭരണ വകുപ്പ് | നിർമ്മിതി കേന്ദ്രംമുഖേന നടപ്പാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പണം ലാപ്സായി പോകുകയും അതിന്റെ പ്രയോജനമുണ്ടാകാതിരിക്കുകയും ചെയ്തുവെന്ന് സമിതി മനസ്സിലാക്കുന്നു. അംഗീകൃത ഏജൻസിയാണെന്ന പിൻബലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ടെക്നിക്കൽ സാങ്ഷൻ കൊടുക്കുന്നതും നിർമ്മിക്കുന്നതുമെല്ലാം ജില്ലാ നിർമ്മിതി കേന്ദ്രം തന്നെയാണെന്നും എന്നാൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയോ കൃത്യമായ കണക്കുകൾ ഹാജരാക്കുകയോ ചെയ്യുന്നില്ല എന്നത് ഗൗരവതരമായ വിഷയമാണെന്നും ആയതിനാൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 18 | 84 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള പരാമർശിത ജലസ്രോതസ്സുകൾ കഴിഞ്ഞ 12 വർഷമായിട്ടും കണ്ടെത്താൻ സാധിക്കാത്തത് ബന്ധപ്പെട്ട വകുപ്പുകളുടെ കാര്യക്ഷമത യില്ലായ്മയെ സൂചിപ്പിക്കുന്നു എന്ന് സമിതി വിലയിരുത്തുന്നു. തിരുവനന്തപുരം കോർപ്പറേഷന്റെ ആസ്തി രജിസ്റ്റർ തയ്യാറാക്കി കണ്ടെത്താത്ത സ്ഥലം എവിടെയാണെന്ന് പരിശോധിച്ച് കണ്ടെത്തണമെന്നും സ്ഥലം ആരെങ്കിലും കൈവശമാക്കി വീട് വച്ചിട്ടുള്ളതോ നമ്പർ നൽകിയിട്ടുള്ളതോ ആയ കേസുണ്ടെങ്കിൽ ബോധ്യപ്പെടുത്തണമെന്നും ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമാണോയെന്ന് ബന്ധപ്പെട്ട വകുപ്പ് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 19 | 85 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ശാസ്താംകോട്ട കായലിന്റെ അതിർത്തി കണ്ടെത്തി യഥാർത്ഥത്തിലുള്ള വിസ്തൃതി കണ്ടുപിടിക്കുകയും കൈയേറ്റം ഉണ്ടെങ്കിൽ ഒഴിപ്പിക്കുകയും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുകയും വേണമെന്ന് സമിതി നിർദ്ദേശിക്കുന്നു. റവന്യൂ വകുപ്പിന്റെ സഹായത്തോടെ സർവ്വേ നടത്തി ശാസ്താംകോട്ട തടാകം, ചിറവൻകോട് കായൽ, പുഞ്ചക്കായൽ എന്നിവയുടെ വിസ്തൃതി/ അതിരുകൾ കൃത്യമായി നിർണ്ണയിക്കുന്നതിനും കൈയേറ്റം ഒഴിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ ശാസ്താംകോട്ട കായലിന് അനുയോജ്യമായ പ്രോജക്ട് സമർപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 86 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കായൽ നികത്തുന്നത് ആവർത്തിക്കാതിരിക്കണമെന്നും ഭൂമി അന്യാധീനപ്പെട്ടു പോയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിക്കണമെന്നും പ്രകൃതിയെ സംരക്ഷിക്കാൻ വേണ്ടിയുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കണമെന്നും അപ്രകാരം ആവിഷ്കരിക്കുമ്പോൾ ആയത് നില നിർത്താൻ കഴിയുന്ന രീതിയിൽ ആയിരിക്കണമെന്നും കൊല്ലം ജില്ലയിലെ നീർത്തടങ്ങളുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ സമിതി നിർദ്ദേശിക്കുന്നു. |
| 21 | 87 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 22 | 88 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ആലപ്പുഴ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 89 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തിരുവല്ല നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചതിന്റെ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 24 | 90 | തദ്ദേശ സ്വയം ഭരണ വകുപ്പ് | നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്ന തൃശ്ശൂർ നഗരസഭയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 25 | 91 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കാസർഗോഡ് നഗരസഭയിൽ നീർത്തട മാസ്റ്റർ പ്ലാൻ സമയബന്ധിതമായി തയ്യാറാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കാസർഗോഡ് നഗരസഭയുമായി ബന്ധപ്പെട്ട് ജി.ഐ.എസ്. മാപ്പിംഗ് നടപ്പാക്കുന്നതിനായി നഗരസഭ ഗ്രാമീണ പഠന കേന്ദ്രത്തെ ഏൽപ്പിച്ചപ്പോൾ ആയത് പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിക്കേണ്ടതായിരുന്നുവെന്നും ആറ് വാർഡിന്റേതുകൂടി പൂർത്തിയാക്കിയാലേ മാസ്റ്റർപ്ലാൻ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളുവെന്നും നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനിന്റെ ഭാഗമായാണ് പലയിടങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ജി.ഐ.എസ്. മാപ്പിംഗിനുവേണ്ടിയുള്ള പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത് എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 92 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ചിറ്റൂർ - തത്തമംഗലം നഗരസഭയുമായി ബന്ധപ്പെട്ട നീർത്തട മാസ്റ്റർ പ്ലാൻ രണ്ട് മാസത്തിനുള്ളിൽ തയ്യാറാക്കണമെന്ന നിർദേശത്തോടെ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 93 | തദ്ദേശ സ്വയം ഭരണ വകുപ്പ് | 2012-13 കാലഘട്ടത്തിലെ ഓഡിറ്റ് നിരീക്ഷണത്തിന്മേൽ പല സ്ഥാപനങ്ങളും നിലവിലും മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. ചങ്ങനാശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ നടപ്പുസാമ്പത്തിക വർഷം തന്നെ പ്രോജക്ട് വച്ച് ആവശ്യമായ നടപടി കൈക്കൊള്ളണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 28 | 94 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കൊച്ചി നഗരസഭയുമായി ബന്ധപ്പെട്ട ആസ്തി രജിസ്റ്റർ തയ്യാറാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 29 | 95 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോട്ടയം നഗരസഭ, ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 30 | 138 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തിലെ ഭ്രതക്കാവ് കുളം, കാമ്പിയിൽ കുളം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 139 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തൃക്കടവൂർ ഗ്രാമ പഞ്ചായത്തിലെ തെക്കേച്ചിറ കുളവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 32 | 140 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കൊല്ലം കോർപ്പറേഷനിലെ താമരക്കുളത്തിന്റെ നവീകരണത്തിന്റെ നിലവിലെ സ്ഥിതി, അർബൻ അഗ്ലോമറേഷൻ ഫണ്ട് വിനിയോഗം എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 33 | 141 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ നായരുകുളം വൃത്തിയാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 34 | 142 | തദ്ദേശസ്വയം ഭരണ വകുപ്പ് | കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് അന്വേഷണം നടത്തി നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 35 | 143 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കോട്ടയം നഗരസഭയിലെ പുഴക്കരത്തോടിന്റെ ഓരത്തുള്ള ഫാക്ടറിയിൽ നിലവിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുണ്ടോയെന്ന് പരിശോധിക്കണമെന്നും കൂടാതെ പ്രവൃത്തി പൂർത്തിയാക്കി വിശദവിവരങ്ങളടങ്ങുന്ന റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണ മെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 36 | 144 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ചങ്ങനാശ്ശേരി നഗരസഭയിൽ കുളങ്ങളുടെ നവീകരണത്തിനായി രൂപീകരിച്ച പദ്ധതിയുടെ തുടർനടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 37 | 145 | തദ്ദേശ സ്വയം ഭരണ വകുപ്പ് | മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയതുകൊണ്ടാണ് എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെയും കുന്നുകര ഗ്രാമപഞ്ചായത്തിന്റെയും പരിധിയിൽ വരുന്ന |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വെളുത്തേടൻ ചിറയുമായി ബന്ധപ്പെട്ട പദ്ധതിക്ക് റർബൻ മിഷന്റെ അംഗീകാരം ലഭിക്കാത്തതെന്നും 2018-ലെ വെള്ളപ്പൊക്കത്തിൽ പഞ്ചായത്ത് ഓഫീസ് പൂർണ്ണമായി മുങ്ങിപ്പോകുകയും ഫയലുകൾ മുഴുവൻ നശിക്കുകയും ചെയ്തിട്ടും പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത്, മാനദണ്ഡങ്ങൾക്ക് വിധേയമായി രണ്ട് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും സംയുക്തമായി പ്രോജക്ട് തയ്യാറാക്കി നടപ്പാക്കണമെന്നും ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങളുടെ ഫണ്ട് പൂൾ ചെയ്താൽ ലാപ്സായ തുകയുപകരം പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന വിവരം കുന്നുകര പഞ്ചായത്തിനെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 38 | 146 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കൊച്ചി നഗരസഭയുടെ ഭാഗമായുള്ള കനാലുകൾ, നീർച്ചാലുകൾ എന്നിവയിലെ മാലിന്യ സംസ്കരണം സംബന്ധിച്ചും കമ്മട്ടിപ്പാടത്തിന്റെ വെള്ളക്കെട്ട് ഒഴിവാക്കുന്നത് സംബന്ധിച്ചുമുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി മുൻപാകെ വിശദീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 39 | 147 | തദ്ദേശ സ്വയം ഭരണ വകുപ്പ് | പെരുമ്പാവൂർ നഗരസഭ, വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക ഏതെല്ലാം പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്നുള്ള വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 40 | 148 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സാധ്യതാപഠനം നടത്താതെ തിരുവനന്തപുരം നഗരസഭയിലെ ജനവാസ കേന്ദ്രങ്ങളിൽ ബോട്ട് ക്ലബ് തുടങ്ങുകയും പിന്നീട് പ്രോജക്റ്റ് പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 41 | 149 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 42 | 150 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ മത്സ്യ-മാംസ മാർക്കറ്റിലെ മലിനജല സംസ്കരണ പദ്ധതി പൂർത്തിയാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 43 | 151 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മാവൂർ ഗ്രാമപഞ്ചായത്തിലെ പള്ളിയോൾക്കുളവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 44 | 152 | തദ്ദേശ സ്വയം ഭരണ വകുപ്പ് | മാവൂർ ഗ്രാമ പഞ്ചായത്തിലെ കീഴ്വാറ്റുകുള സംരക്ഷണത്തിന്റെ ഭാഗമായി കുളത്തിലേയ്ക്ക് പോകാനുള്ള വഴി സൗകര്യത്തിനായി മൂന്നോ നാലോ മീറ്റർ സ്ഥലം ഏറ്റെടുക്കണമെന്നും ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചതിനുശേഷം വിശദവിവരം ഉൾപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 45 | 153 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കാരശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 154 | തദ്ദേശ സ്വയം ഭരണ വകുപ്പ് | വടകര നഗരസഭയിലെ കൊട്ടക്കുളം, ബമ്മിണിത്തോട്, കരിമ്പനത്തോട് എന്നിവിടങ്ങളിലെ മാലിന്യ നിർമാർജനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 47 | 155 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കോഴിക്കോട് കോർപ്പറേഷനിലെ താമരക്കുളം, ഗരുഡൻകുളം, ഇട്ടിച്ചിറ, മുണ്ടൻ കുളം എന്നിവയുടെ നവീകരണം പൂർത്തിയാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 48 | 156 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ധർമ്മടം, പിണറായി, ചെറുകുന്ന് എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 49 | 157 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിലെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ശിവൻ കോവിൽ കുളം, മടവിളാകം കുളം, കൊല കുടിയൂർക്കോണം കുളം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. പാറക്കോട്ടുകുളം സംബന്ധിച്ച് നഗരസഭ സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 50 | 158 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയിലെ ചാമക്കുളവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 51 | 159 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കണ്ണൂർ നഗരസഭയിലെ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 52 | 188 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലുള്ള ചിറ്റിലംപാട് ചിറയോട് ചേർന്ന പുറമ്പോക്ക് ഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 53 | 189 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ആലപ്പുഴ ജില്ലയിലെ താമരക്കുളം ഗ്രാമപഞ്ചായത്തിലുള്ള വയ്യാങ്കര ചിറയുടെ സ്ഥലത്തിന്റെ മുഴുവൻ വിസ്തൃതിയും ഡി.ടി.പി.സി. അതിർത്തി കെട്ടി സംരക്ഷിച്ചതിന്റെ പരിധിയിൽ വന്നിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്നും പുറമ്പോക്ക് ഒഴിവാക്കിക്കൊടുത്തിട്ടുണ്ടോയെന്ന് വ്യക്തത വരുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 54 | 190 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ആലപ്പുഴ ജില്ലയിലെ വെൺമണി ഗ്രാമ പഞ്ചായത്തിലുള്ള കുതിരവട്ടം ചിറയുടെ അതിർത്തി നിർണ്ണയിക്കുന്നതിനായി സർവ്വെ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 55 | 191 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലുള്ള നരിക്കിലാപ്പുഴയുമായി ബന്ധപ്പെട്ട പദ്ധതി പൂർത്തീകരിച്ചതിനുശേഷം റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 56 | 192 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കണ്ണോത്ത് കുന്ന് കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 57 | 193 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ചേർമ്മല നടുക്കണ്ടി മീത്തൽ കുടിവെള്ള പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് സമഗ്രമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 58 | 194 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയിലെ ചെട്ട്യാർകുളം, ആനക്കുളം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 59 | 195 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കണ്ണൂർ നഗരസഭയിലെ ഒറ്റക്കണ്ണൻ-ഇരട്ടക്കണ്ണൻ പാലത്തിന്റെ ഇടയിലെ താവയിലെ മാലിന്യം നടപടിക്രമം പാലിച്ച് നീക്കം ചെയ്തതിനുശേഷം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 60 | 196 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തൃശ്ശൂർ നഗരസഭയിലെ പ്രവൃത്തി പൂർത്തീകരിച്ചവയും നവീകരണ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നവയുമായ കുളങ്ങളുടെ പേരും മറ്റ് അനുബന്ധ വിവരങ്ങളും സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 61 | 197 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തിരുവനന്തപുരം നഗരസഭയുടെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വ്യക്തമായ രേഖകൾ അടങ്ങുന്ന മറുപടികൾ നൽകാത്തത് ഉദ്യോഗസ്ഥ തലത്തിലുള്ള ഉത്തരവാദിത്വമില്ലായ്മയും അനാസ്ഥയും ആണെന്ന് സമിതി വിലയിരുത്തുന്നു. നിയമസഭയുടെ മിനിയേച്ചറായ സമിതി യോഗത്തിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറി നേരിട്ട് ഹാജരാകാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ശുദ്ധജലം, ജീവജലം പദ്ധതി കടലാസിൽ ഒതുങ്ങി എന്നുള്ള ഓഡിറ്റ് പരാമർശത്തിന്മേലുള്ള വകുപ്പിന്റെ മറുപടിയും വാട്ടർ അതോറിറ്റി നൽകിയ വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച രേഖകളും ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 62 | 198 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ, ശാസ്താംകോട്ട കായൽ തീരത്തെ കയർഭ്രവസ്തം തീയിട്ട് നശിപ്പിച്ചു: ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം എന്നുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 63 | 227 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിലെ കുഴിയംവിള കിണറിലെ വെള്ളം മഞ്ഞ നിറത്തിൽ കാണുന്നതിനാൽ ജലം ലാബിൽ കൊടുത്ത് പരിശോധനാ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. പെരുങ്ങുഴി മേട ജംഗ്ഷനിലെ കിണർ, കുഴിയംവിള കിണർ എന്നിവ ഉപയോഗയോഗ്യമാക്കിയില്ലെങ്കിൽ സാംക്രമിക രോഗങ്ങൾ പടർത്തുന്ന പൊതുകിണറായി മാറാൻ സാധ്യതയുണ്ടെന്ന് സമിതി വീക്ഷിക്കുന്നു. തൊഴിലുറപ്പ് പദ്ധതി മുഖാന്തരം അവ വൃത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 64 | 228 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പൊതുകിണർ മൂടിയ സ്ഥലം നിലവിൽ എന്താവശ്യത്തിന് ഉപയോഗിക്കുന്നുവെന്നും സ്ഥലത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്നുമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 65 | 229 | തദ്ദേശ സ്വയം ഭരണ വകുപ്പ് | വയനാട് ജില്ലാ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കാത്തത് സംബന്ധിച്ച് അന്വേഷണം നടത്തി വിശദീകരണം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 66 | 230 | തദ്ദേശ സ്വയം ഭരണ വകുപ്പ് | വയനാട് ജില്ലാ പഞ്ചായത്തിലെ 115 കിണറുകളിൽ 19 കിണറുകളുടെ വിവരങ്ങൾ മാത്രമേ ആസ്തി രജിസ്റ്ററിൽ ഉള്ളൂ എന്നത് ആശങ്ക ഉളവാക്കുന്ന വസ്തുതയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. വയനാട് ജില്ലാപഞ്ചായത്തിൽ പദ്ധതിപ്പണം വച്ച് അതത് പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് കിണറുകൾ നിർമ്മിക്കുന്നതിനുപകരം ജില്ലാ പഞ്ചായത്ത് പണി ഏറ്റെടുത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ പ്രസ്തുത വിഷയത്തിൽ കൃത്യമായ മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 67 | 231 | തദ്ദേശസ്വയം ഭരണ വകുപ്പ് | കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ പൊതുകിണറുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യമായതിനുശേഷം ഖണ്ഡിക ഒഴിവാക്കുവാൻ സമിതി തീരുമാനിക്കുന്നു. |
| 68 | 232 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തിരുവല്ല നഗരസഭ, ചങ്ങനാശ്ശേരി നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 69 | 233 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തിലെ 19 പൊതുകിണറുകളിൽ ഉപയോഗപ്രദമല്ലാത്ത 6 കിണറുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 70 | 234 | തദ്ദേശ സ്വയം ഭരണ വകുപ്പ് | മുട്ടം ഗ്രാമപഞ്ചായത്തിലെ പൊതുകിണറുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യമാകുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിക്കുന്നു. |
| 71 | 235 | തദ്ദേശ സ്വയം ഭരണ വകുപ്പ് | പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്തിലെ പൊതുകിണറുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 72 | 236 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, അരിമ്പൂർ, പുത്തൂർ, വേളൂക്കര എന്നീ പഞ്ചായത്തുകളിലെ പൊതുകിണറുകൾ സംബന്ധിച്ച വിവരങ്ങൾ ആസ്തി രജിസ്റ്ററിലോ മറ്റ് രജിസ്റ്ററുകളിലോ രേഖപ്പെടുത്താത്തതിനാൽ ഓഡിറ്റ് വിഭാഗത്തിന് ഇതുസംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാനായിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആസ്തി രജിസ്റ്റർ നാളതീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 73 | 237 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ നവീകരിച്ച കിണറുകൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 74 | 238 | തദ്ദേശസ്വയം ഭരണ വകുപ്പ് | പാലക്കാട് ജില്ലയിലെ ചിറ്റൂർ-തത്തമംഗലം ഗ്രാമ പഞ്ചായത്തിലെ പൊതു കിണറുകൾ സംരക്ഷിച്ച് ഉപയോഗപ്രദമാക്കുന്നതിന് 2022-23 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ തുക വകയിരുത്തി ചെയ്തുവരുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന വിവരമുൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 75 | 239 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ലയിലെ കുറവ ഗ്രാമപഞ്ചായത്ത്, തിരൂർ നഗരസഭ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്, മാവൂർ ഗ്രാമപഞ്ചായത്ത്, ചോറോട് ഗ്രാമപഞ്ചായത്ത്, വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ പൊതു കിണറുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 76 | 252 | റവന്യൂ വകുപ്പ് | കേരളത്തിന്റെ നെൽപ്പാടങ്ങളുടെ വിസ്തൃതിയിൽ 2013-നുശേഷം ഏകദേശം 3327 ഹെക്ടറോളം കുറവ് സംഭവിച്ചിരിക്കുന്നുവെന്ന് ഓഡിറ്റ് പരാമർശത്തിൽ കണ്ടെത്തിയതിൽ നിന്നും 2008-ലെ നിയമം പാസാക്കിയശേഷവും 2012-13-ലെ കണ്ടെത്തലിൽ അത്രയും കുറവ് വരുന്നുവെന്ന് പറയുന്നത് യഥാർത്ഥത്തിൽ ആ നിയമം നടപ്പിലാക്കിയതിൽ വന്ന അപാകതയാണെന്ന് സമിതി വിലയിരുത്തുന്നു. |
| 77 | 253 | റവന്യൂ വകുപ്പ് | പുഴയുടെ വീതി കുറഞ്ഞുവരുന്നതാണ് പ്രളയമുണ്ടാകുന്നതിന് പ്രധാനപ്പെട്ട കാരണമെന്നും നിയമപ്രകാരം കുറേക്കൂടി ഗൗരവമായി പരിശോധന നടത്തിയില്ലെങ്കിൽ കൈയേറ്റങ്ങൾ തുടർന്നു കൊണ്ടേയിരിക്കുമെന്നും ഭാരതപ്പുഴയുൾപ്പെടെയുള്ള പുഴകൾക്ക് അതിന്റെ യഥാർത്ഥ വീതി നിലവിലില്ലെന്നും അതുകൊണ്ട് ഗൗരവമായി ഇക്കാര്യത്തിലൊരു ഇടപെടൽ ഉണ്ടായെങ്കിൽ മാത്രമേ ഭാവിയിൽ പ്രളയത്തെ നിയന്ത്രിക്കാൻ കഴിയൂവെന്നും സമിതി വീക്ഷിക്കുന്നു. |
| 78 | 254 | റവന്യൂ വകുപ്പ് | പുഴകളിൽ നിർമ്മിക്കുന്ന ചെക്ക് ഡാമിനുള്ളിൽ നല്ലൊരു ശതമാനം ചെളിയും മണ്ണും മൂടിക്കിടക്കുകയാണെന്നും ഇറിഗേഷൻ വകുപ്പിന്റെ കൈവശം ചെക്ക് ഡാമിനോട് ചേർന്ന അര മീറ്റർ സ്ഥലം മാത്രമാണുള്ളതെന്നും ബാക്കി മറ്റ് വകുപ്പുകളുടെതാണെന്നും ഇക്കാര്യത്തിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ ഒരു അതോറിറ്റി രൂപീകരിച്ച് ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ പ്രളയം ആവർത്തിച്ചുകൊണ്ടേയിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 79 | 255 | റവന്യൂ വകുപ്പ് | ജില്ലകളിൽ കൺവെർഷന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ച് നൽകുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകണമെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് അതിന്റെ വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 80 | 256 | റവന്യൂ വകുപ്പ് | കൈയേറ്റമുണ്ടെന്ന് കണ്ടെത്തിയാലും സർവ്വേ നടത്താൻ ആവശ്യമായിട്ടുള്ള സർവ്വേയർമാരുടെ എണ്ണത്തിലുള്ള കുറവ് ഒരു പ്രശ്നമായതിനാൽ സർവ്വേയർമാർ കുറവാണെങ്കിലും അടിയന്തരഘട്ടങ്ങളിൽ പ്രത്യേക ടീം രൂപീകരിച്ച് സർവ്വേ പെട്ടെന്ന് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 81 | 257 | റവന്യൂ വകുപ്പ് | എല്ലാ വില്ലേജുകളിലും ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് കൈയേറ്റങ്ങൾക്കും സർവ്വേയുമായി ബന്ധപ്പെട്ട അതിർത്തി പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുമെന്ന് സമിതി മനസ്സിലാക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 82 | 278 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കൊല്ലം ജില്ലയിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ ചേലൂർ കായൽ പ്രദേശത്തെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത 1.46 കോടി രൂപയുടെ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 83 | 279 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ചുഴലിക്കുളവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 84 | 280 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തിരുവല്ല നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേലുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 85 | 281 | തദ്ദേശ സ്വയം ഭരണ വകുപ്പ് | പെരുമ്പാവൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൃത്യമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 86 | 282 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 87 | 283 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിലെ കൽപ്പള്ളി പായോളിപ്പറമ്പ് പൊതുകുളം മണ്ണിട്ട് നികത്തപ്പെട്ട സ്ഥലം സർവ്വേ നടത്തി നടപടിക്രമം പൂർത്തീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 88 | 284 | തദ്ദേശസ്വയം ഭരണ വകുപ്പ് | ആലപ്പുഴ നഗരസഭയിലെ വലിയകുളം നികത്തിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 89 | 285 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ആലപ്പുഴ നഗരസഭയിലെ കണിയാം കുളവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് കളക്ടറുടെ മീറ്റിംഗ് കഴിഞ്ഞിട്ടുള്ള മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 90 | 286 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കോഴിക്കോട് ജില്ലയിൽ ചോറോട് ഗ്രാമപഞ്ചായത്തിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിയത് പൂർവ്വസ്ഥിതിയിലാക്കണമെന്ന് പഞ്ചായത്തിന് ആവശ്യപ്പെടാമെന്നും ആയതിൽ നടപടി സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മാത്രം ബാധ്യതയായി ഇതിനെ കാണാൻ കഴിയില്ലെന്നും സമിതി വിലയിരുത്തുന്നു. പൊതു വിഷയമായതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണമുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 91 | 308 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ മണ്ണ്/ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 92 | 309 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽനിന്നും അവ്യക്തമായ മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി വിഷയം സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു. |
| 93 | 310 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ താമരക്കുളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 94 | 311 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 95 | 312 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 96 | 313 | തദ്ദേശസ്വയം ഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്ത്, പുത്തൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീക്കിവയ്ക്കുന്ന തുകകൾ പരിമിതം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 97 | 314 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിലെ അടങ്കൽ തുകയുടെ വിശദാംശം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 98 | 315 | തദ്ദേശ സ്വയം ഭരണ വകുപ്പ് | മണ്ണ്-ജല സംരക്ഷണത്തിനായി 2019-20 മുതലുള്ള വിവിധ സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ പദ്ധതി തുകകളിൽ വ്യത്യാസവും വ്യതിയാനവും വന്നിട്ടുണ്ടെന്നും ഇതിൽ നിന്നുതന്നെ മേഖലയിൽ കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നില്ലായെന്നും സമിതി വിലയിരുത്തുന്നു. കൂടാതെ കോർപ്പറേഷൻ സെക്രട്ടറി യോഗത്തിൽ നേരിട്ട് പങ്കെടുക്കാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 99 | 316 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 100 | 317 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ, ആലപ്പുഴ നഗരസഭയിലെ ജലസ്രോതസുകളുടെ സംരക്ഷണത്തിന് വാങ്ങിയത് ജെ.സി.ബി. എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 101 | 318 | തദ്ദേശ സ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ, തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്-മണ്ണ് ജല സംരക്ഷണമേഖലയിലെ വിഹിതവും ചെലവും 2012-13 എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 102 | 333 | തദ്ദേശസ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ മഴവെള്ള സംഭരണികൾ പരാജയമായി എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 103 | 334 | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 104 | 335 | തദ്ദേശ സ്വയം ഭരണ വകുപ്പ് | കോട്ടയം നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിശോധിച്ചശേഷം മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 105 | 336 | തദ്ദേശ സ്വയം ഭരണ വകുപ്പ് | ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ, നിർമ്മാണത്തിലെ അപാകതമൂലം മിക്ക മഴവെള്ള സംഭരണികളിലും ചോർച്ചയുണ്ടെന്നാണ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയിരിക്കുന്നതെന്ന് സമിതി മനസിലാക്കുന്നു. ആയത് പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 106 | 337 | തദ്ദേശ സ്വയം ഭരണ വകുപ്പ് | പെരുമ്പാവൂർ നഗരസഭയിലെ മഴവെള്ള സംഭരണികളുടെ പണി പൂർത്തീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 107 | 338 | തദ്ദേശ സ്വയം ഭരണ വകുപ്പ് | മഴവെള്ള സംഭരണികൾ പരാജയമായി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത്, കാരശ്ശേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്ത്, ചെറുകുന്ന് ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്ത്, കാസർഗോഡ് നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.